പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 10 ജനുവരി 2019

ചരിത്രം സൃഷ്ടിക്കുന്ന പഞ്ചായത്തുകൾ

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ

നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ജനുവരി 2019

അകത്ത്

ചരിത്രം സൃഷ്ടിക്കുന്ന പഞ്ചായത്തുകൾ
ഡോ. ജോയ് ഇളമൺ 5

മാലിന്യസംസ്ക്കരണത്തിന്
'കാലടി' മാതൃക 10
അഡ്വ. കെ. തുളസി ടീച്ചർ

ഉദയഗിരിയുടെ പച്ചത്തുരുത്ത് 14
മിനി മാത്യു

അറിയാം, പകർത്താം മുളന്തുരുത്തിയുടെ 16
പുതുസംരംഭങ്ങൾ
റെഞ്ചി കുര്യൻ കൊള്ളിനാൽ

സുസ്ഥിര വികസനത്തിന്റെ
കാരശ്ശേരി മാതൃകകൾ 20
വി.കെ. വിനോദ്

മുൻപേ പറക്കുന്ന പക്ഷികൾ 23
അഡ്വ. ഇ. സിന്ധു

നൂൽപ്പുഴയിലെ ജനകീയ ഇടപെടലുകൾ 27
കെ. ശോഭൻകുമാർ

നെടുമ്പന - വികസനോന്മുഖ
പരിപാടികളോടെ മുന്നോട്ട് 35
എസ്. നാസറുദ്ദീൻ

മാറ്റത്തിന് തുടക്കമിട്ട് ചെറുന്നിയൂർ 38
എൻ. നവപ്രകാശ്

കുടുംബശ്രീയുടെ സ്വയംതൊഴിൽ പരിശീലന ക്യാമ്പെയ്ൻ 40
ആശ എസ്. പണിക്കർ

വായനശാല (കഥ) 41
ജയശ്രീ എം.

പംക്തികൾ

കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
എന്ന് വായനക്കാർ 42

ജനുവരി 2019
പുസ്തകം 59 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. ഉളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

ചരിത്രനേട്ടത്തിന്റെ മഹത്വകാലം

ഈ പുതുവർഷം നമുക്ക് സമ്മാനിക്കുന്നത് മികവിന്റെ വർണ്ണവസന്തമാണ്. തദ്ദേശസ്ഥാപനങ്ങൾ മുൻകാലങ്ങളിലൊന്നും എത്തിപ്പിടിച്ചിട്ടില്ലാത്ത പ്രകടനസാമർത്ഥ്യമാണ് വർഷാരംഭത്തിൽ കാഴ്ചവച്ചിരിക്കുന്നത്. ജനുവരി 15-ലെ പദ്ധതിച്ചെലവ് വിനിയോഗം ഇതേ കാലയളവിലെ സർവ്വകാല റെക്കോർഡായി തീർന്നിരിക്കുകയാണ്. ട്രഷറിയിലെ പെൻഡിങ് ബില്ലുകൾ കൂടി ഉൾപ്പെടുത്തി കണക്കാക്കുമ്പോൾ ചെലവ് 60% കടന്നിരിക്കുന്നു. മാർച്ച് മാസം പദ്ധതി വിഹിതത്തിന്റെ 60 മുതൽ 70% ചെലവഴിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. പെരുമ്പടപ്പ്, ഓച്ചിറ, പാനൂർ, തളിപ്പറമ്പ്, കുവപ്പടി തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തുകളും രാമന്തളി, കുട്ടിലങ്ങാടി, കണ്ടര, കറ്റിക്കോൽ, ഇട്ടിവ, കിഴക്കഞ്ചേരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളും 80 ശതമാനത്തിലധികം ചെലവ് വരുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെന്നപോലെ ആസൂത്രണത്തിലും നാം ചരിത്രം രചിച്ചിരിക്കുന്നു. ചരിത്രത്തിലാദ്യമായി 1200 ൽ 1189 തദ്ദേശഭരണസ്ഥാപനങ്ങളും ഡിസംബർ 31 നകം തങ്ങളുടെ പദ്ധതികളെല്ലാം അംഗീകാരത്തിനുവേണ്ടി ജില്ലാ ആസൂത്രണസമിതിക്ക നൽകിയിരിക്കുന്നു. ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിന് ശേഷം നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് കൈവരിച്ച ഈ നേട്ടം ചെറുതല്ല. ആസൂത്രണ പ്രക്രിയ ചുരുങ്ങിയ സമയംകൊണ്ട് നടത്തി നിർവ്വഹണത്തിനായി പന്ത്രണ്ട് മാസം ലഭിക്കത്തക്ക രീതിയിൽ പദ്ധതിപ്രവർത്തനങ്ങളെ ശിൽപ്പസംവിധാനം ചെയ്ത സർക്കാരിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും അതുല്യമായ ഇച്ഛാശക്തി മാത്രമല്ല പിന്നോട്ടില്ലാത്ത നിശ്ചയദാർഢ്യം കൂടിയാണ് ഈ വിജയത്തിന് പിന്നിൽ. ഇനി ഭരണസമിതികളും ജീവനക്കാരും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ് പദ്ധതികളുടെ ഗുണമേന്മ. ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ പുതിയ കാലത്തിനും പുതിയ ലോകത്തിനും അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും നടപടികളെടുക്കാവൂ. അപ്പോൾ മാത്രമേ ഏതു പദ്ധതിയും ജനകീയം എന്ന വിശേഷണത്തിനർഹമാവൂ.

വർഷങ്ങളായി നടത്തിവരുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി നാട്ടിൽ ഗുണപരമായ പരിവർത്തനം സൃഷ്ടിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് അനവധിയുണ്ട്. മാസികയുടെ ഈ ലക്കം ചില മാതൃകാസ്ഥാപനങ്ങളെ ദൃഷ്ടാന്തമായി അവതരിപ്പിക്കുകയാണ്. കാലടി, കാരശ്ശേരി, ഉദയഗിരി, മാറഞ്ചേരി, നൂൽപ്പുഴ, നെടുമ്പന തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ നൂതനവും മാതൃകാപരവുമായ സംരംഭങ്ങൾ നടപ്പാക്കി രാജ്യാന്തര ശ്രദ്ധ നേടിയവരാണ്. 'അതുപോലെ' എന്നതല്ല, ആ വെളിച്ചത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് തനതും നൂതനവുമായ പദ്ധതികൾ നടപ്പിലാക്കി പൊതുസമൂഹത്തിന് ഉപയുക്തമാക്കുക എന്നുള്ളതാണ് കാര്യം. അതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ നൽകണം. പദ്ധതി നിർവ്വഹണം സമ്പൂർണ്ണമാകുന്നതിന് ഏകാഗ്രജാഗ്രതയോടെ ഒത്തൊരുമിച്ച് കഠിനശ്രമം തുടരേണ്ടതാണ്. പ്രയത്നനിർഭരമാകട്ടെ പുതുവർഷം.

എച്ച്. ദിനേശൻ ഐ.എ.എസ്.

നിങ്ങളുടെ കടമകളിൽ നിന്നൊഴിവാകാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവ നിറവേറ്റുക എന്നതാണ്.
– പഴമൊഴി

ചരിത്രം സൃഷ്ടിക്കുന്ന പഞ്ചായത്തുകൾ

ഡോ. ജോയ് ഇളമൺ

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സുപ്രധാനമായ ഒരു ചരിത്രനേട്ടത്തിലേക്ക് നടന്നടുക്കുകയാണ്. 1996ലെ ഓണാഘോഷങ്ങൾക്കിടയിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് തിരികൊളുത്തിയ ജനകീയാസൂത്രണം അതിന്റെ രണ്ടാം ഘട്ടത്തിലെത്തുമ്പോൾ ഏറ്റവും ചിട്ടയായ പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങളിലൂടെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ച വെയ്ക്കുകയാണ്. 2018-19 വാർഷിക പദ്ധതി നിർവ്വഹണമാണ് ചരിത്രം കുറിക്കുവാൻ തയ്യാറെടുക്കുന്നത്. 2018 ഡിസംബർ 31 ന് 54.72 ശതമാനമാണ് പദ്ധതി ചെലവ്. 147.55 കോടി രൂപയുടെ 3425 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. ഇതു കൂടി ചേർത്താൽ 56.92 ശതമാനമാണ് ഡിസംബർ 31 ലെ ചെലവ്.

2018 ഡിസംബർ 31	54.72%
2017 ഡിസംബർ 31	37.05%
2016 ഡിസംബർ 31	19.28%
2015 ഡിസംബർ 31	31.03%
2014 ഡിസംബർ 31	32.00%

ഈ കണക്കുകൾ പരിശോധിച്ചാൽ തന്നെ ഈ വർഷത്തെ പദ്ധതി ചെലവ് ഇതിനകം തന്നെ സർവകാല റെക്കാർഡാണെന്നു വ്യക്തമാകും. പല തദ്ദേശഭരണസ്ഥാപനങ്ങളും ഇതിനകം തന്നെ 80 ശതമാനത്തിലധികം തുക ചെലവഴിച്ചിരിക്കുന്നു. ഇനിയുള്ള മൂന്ന് മാസങ്ങളിലെ പ്രവർത്തനങ്ങൾ കൂടി പരിഗണിക്കുമ്പോൾ ഈ സാമ്പത്തിക വർഷം 100 ശതമാനം പദ്ധതിചെലവ് എന്ന ലക്ഷ്യത്തിനടുത്തേക്ക് കേരളത്തിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും ഓടിയെത്തുമെന്നുറപ്പ്. തദ്ദേശഭരണത്തിൽ മാത്രമല്ല, സർക്കാരുകളിലെ വിവിധ വകുപ്പുകളിലും ഏജൻസികളിലും ഇക്കാലമത്രയും നേടാൻ കഴിയാത്ത നേട്ടമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾകാഴ്ച്ചവയ്ക്കുന്നത്. ചിട്ടയായ പദ്ധതി ആസൂത്രണ നിർവ്വഹണത്തിന് ഏവർക്കും മാതൃകയാവുകയാണവർ.

പെട്ടെന്നൊരു ദിവസമുണ്ടായ നേട്ടങ്ങളല്ലിവ. നവകേരളത്തിനായി ജനകീയാസൂത്രണം എന്ന കാഴ്ച്ചപ്പാടിൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉത്ഘാടനം ചെയ്തു കൊണ്ട് 2017 ജനുവരി 21-ാം തീയതി തൃശ്ശൂരിലെ തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ നയസമീപന പ്രസംഗത്തിൽ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തമായ കാഴ്ച്ചപ്പാടും എടുക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുകയുണ്ടായി. കേരളത്തിലെ പുതിയ സർക്കാർ എടുത്ത ആദ്യ തീരുമാനങ്ങളിലൊന്ന് പഞ്ചവത്സര പദ്ധതികൾ തുടരും എന്നതായിരുന്നു. കേന്ദ്ര സർക്കാർ ആസൂത്രണത്തിന്റെ വഴി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടും വികസനാസൂത്രണം തുടരാൻ കേരളം തീരുമാനിച്ചതിന്റെ കാരണം ജനാധിപത്യത്തിലുള്ള ഉറച്ച വിശ്വാസമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ ഏറെ വിലപ്പെട്ടതാണ് എന്നതുകൊണ്ടാണ് അത് തുടരുന്നത്. എന്നാൽ, നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിച്ച് മുന്നേറാനാണ് ശ്രമിക്കേണ്ടത് എന്ന്

> തദ്ദേശഭരണത്തിൽ മാത്രമല്ല, സർക്കാരുകളിലെ വിവിധ വകുപ്പുകളിലും ഏജൻസികളിലും ഇക്കാലമത്രയും നേടാൻ കഴിയാത്ത നേട്ടമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാഴ്ച്ച വയ്ക്കുന്നത്.

അന്നു തന്നെ മുഖ്യമന്ത്രി വ്യക്തമാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകൾ ഈ അവസരത്തിൽ ഉദ്ധരിക്കുന്നത് വളരെ പ്രസക്തമാണ്.

"നടപടിക്രമങ്ങൾ ലളിതമാക്കണം- ആദ്യം വേണ്ടത് നടപടിക്രമങ്ങൾ ലളിതമാക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു ചോദ്യം ചോദിച്ചോട്ടെ? പഞ്ചായത്തുകളുടെയും നഗരസഭകളുടെയും 2017-18 ലേക്കുള്ള വാർഷിക പദ്ധതിയുടെ രൂപീകരണം എപ്പോഴാണ് പൂർത്തിയാവുക? ജനുവരി 21 ആയി. മാർച്ച് 31 ന് മുമ്പ് പദ്ധതി പൂർത്തിയാക്കി ഏപ്രിൽ ഒന്നു മുതൽ നിർവ്വഹണം ആരംഭിക്കാൻ കഴിയുമോ? ഇതുവരെയുള്ള അനുഭവം വെച്ചാണെങ്കിൽ പദ്ധതി തയ്യാറാവാൻ ആഗസ്റ്റ്-സെപ്റ്റംബർ മാസം വരെയാകും പണം ചെലവാക്കുന്നത് ഏതാണ്ട് എൺപത് ശതമാനവും അവസാനത്തെ മൂന്ന് മാസം; അതിൽ തന്നെ ഏറ്റവും കൂടുതൽ മാർച്ച് മാസമായിരിക്കും. ഈ നില തുടരാനാവില്ല. നടപടിക്രമങ്ങൾ ലളിതമാക്കിയേ മതിയാവൂ. ഒപ്പം പ്രാദേശിക ഗവൺമെന്റുകൾ കൂടുതൽ ഉണർന്നു പ്രവർത്തിക്കുകയും വേണം."

ഈ നിർദ്ദേശങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് കേരളത്തിലെ ഏതാണ്ടെല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഇതിന് സഹായകമാകുന്ന രീതിയിൽ നടപടിക്രമങ്ങൾ ലളിതമാക്കുവാനും ചിട്ടയായ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും തദ്ദേശസ്വയംഭരണവകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സുപ്രധാനമായ പങ്കാണ് വഹിച്ചത്.

അതിനനുസൃതമായി ഡി.ഡി.പി ഓഫീസുകളും ഡി.പി.ഒ ഓഫീസുകളും പിന്തുണാസംവിധാനങ്ങളുമൊരുക്കി. വിവിധ വകുപ്പുകളും സഹായകരമായ നിലപാടെടുത്ത് തുടങ്ങി. അങ്ങനെ വ്യക്തമായ കാഴ്ച്ചപ്പാടോടും ചിട്ടയായ നടപടികളിലൂടെയും ഏവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചു വരുന്നതിന്റെ ഫലം കൂടിയാണ് ഇന്ന് പദ്ധതി നിർവ്വഹണത്തിൽ നാം കാണുന്ന നേട്ടങ്ങൾ. മുൻവർഷങ്ങളിലെ പദ്ധതി ചെലവ് നോക്കുക. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിൽ പടിപടിയായി മുന്നേറുകയാണെന്ന് വ്യക്തമാകും.

2017-18	85.43%
2016-17	67.07%
2015-16	73.61%
2014-15	68.20%

2018-19 ലെ വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി എ.സി.മൊയ്തീൻ നേരിട്ട് തന്നെ എല്ലാ ജില്ലകളിലും പ്രത്യേക അവലോകനം നടത്തി.

2018-19 വർഷത്തെ പദ്ധതി പ്രവർത്തനത്തിൽ 2018 ഡിസംബർ ആകുമ്പോഴേക്കുമുള്ള തദ്ദേശസ്ഥാപനതലം തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത്	61.09%
ഗ്രാമപഞ്ചായത്ത്	58.59%
ജില്ലാപഞ്ചായത്ത്	51.16%
മുനിസിപ്പാലിറ്റി	48.36%
കോർപ്പറേഷൻ	40.03%

നേർക്കാഴ്ച്ചകൾ

പദ്ധതിചെലവിന്റെ കണക്കുകൾ മാത്രം പരിശോധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നത് ശരിയല്ലെന്ന കാഴ്ച്ചപ്പാട് പലരും പ്രകടിപ്പിക്കാറുണ്ട്. ഇക്കാര്യത്തിലും ഗുണപരമായ മാറ്റങ്ങൾ വരുത്തികൊണ്ട് നേട്ടങ്ങൾ കൊയ്യാനായി എന്നതാണ് കേരളത്തിലെ പഞ്ചായത്തുകൾ തെളിയിക്കുന്നത്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമാക്കിയത് നിർവ്വഹണത്തിന് കൂടുതൽ സമയം ലഭിച്ചു എന്നതിനപ്പുറം ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിനായി എന്നതാണനുഭവം. നിരവധി പഞ്ചായത്തുകൾ നൂതനവും സമഗ്രവുമായി ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ടെന്നത് അഭിമാനകരമാണ്. ഈ ലക്കത്തിലെ പഞ്ചായത്ത് രാജ് മാസികയിൽ അവരിൽ ചിലരുടെ അനുഭവ കഥകൾ വിവരിക്കുന്നു.

ആദിശങ്കരന്റെ ജന്മംകൊണ്ട് പരിപാവനമായ കാലടി ലോക ഭൂപടത്തിൽ ഇടംപിടിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്താണ്. കാലടി. പഞ്ചായത്ത് ഏറ്റവും പ്രാധാന്യം കൊടുത്ത് ശ്രദ്ധിക്കണമെന്ന് തീരുമാനിച്ചത്, മാലിന്യ സംസ്കരണ മേഖലതന്നെയാണ്. "ക്ലീൻ കാലടി, ഗ്രീൻ കാലടി", റെഡ് ബട്ടൺ റോബോട്ടിങ്ങ് സിസ്റ്റം, 2800 ഓളം കിണറുകളുടെ ശുചീകരണം, ഓടകളിലെ മാലിന്യ പരിഹാരത്തിനായി സ്വച്ച് ഐകോണിക്, തെരുവ് വിളക്ക് പരിപാലന മാതൃകാ പദ്ധതി തുടങ്ങിവയാണ് പഞ്ചായത്തിന്റെ മാതൃകാ പദ്ധതികൾ.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ നഗരസമാനമായ അവസ്ഥയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന പഞ്ചായത്താണ് മാറഞ്ചേരി ഗ്രാമപഞ്ചായത്ത്. പാരിസ്ഥിതിക സംരക്ഷണവും കാർഷിക മേഖലയെ വീണ്ടെടുക്കലും, മാലിന്യ സംസ്കരണവും ആരോഗ്യ മേഖലയിൽ പൊതുജന ഇടപെടലും സ്ത്രീ ശാക്തീകരണവും ഒന്നിച്ചു ചേർന്നുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ് ഈ പഞ്ചായത്ത്.

2019ലെ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ലോഗോ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ പ്രകാശനം ചെയ്യുന്നു.

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്താണ് മുളന്തുരുത്തി. ഹൃദയസംബന്ധമായ രോഗങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കുന്നവർക്കായുള്ള 'ഹൃദയാരോഗ്യം', ജലസ്രോതസു കളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള 'തെളിനീര്'' പദ്ധതി, ഡയാലിസിസ് വിധേയമാകുന്ന രോഗികൾക്കായുള്ള 'അലിവ്'', കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള 'സദ്ഗമയ', ഹരിതകേരള പദ്ധതി, കാർഷിക അഭിവൃദ്ധിക്ക് വേണ്ടിയുള്ള 'പത്തായപ്പുര', എന്റെ മരം എന്റെ ധനം, മൈ പഞ്ചായത്ത് തുടങ്ങിയവ പഞ്ചായത്തിന്റെ നൂതന പദ്ധതികളിൽ ഉൾപ്പെടുന്നു.

കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമങ്ങളിലൊന്നാണ് കാരശ്ശേരി. നഗരസഭയോട് ചേർന്ന് ഇരുവഴിഞ്ഞിപ്പുഴ അതിരിടുന്ന കാരശ്ശേരി സുസ്ഥിര വികസനത്തിന് മുൻതൂക്കം നല്കിയിട്ടുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വിദേശത്ത് നിന്ന് തിരിച്ചുവരുന്നവരുടെ കുടുംബങ്ങൾക്ക് വേണ്ടിയുള്ള 'സുസ്ഥിരം' സ്വയം തൊഴിൽ പദ്ധതി, കുടിവെള്ള വിതരണത്തിനായി സുജലം, സ്ത്രീ ശാക്തീകരണ പദ്ധതിയായ 'She Smile', വയോജനങ്ങൾക്കായുള്ള വയോജന സൗഹൃദ പഞ്ചായത്ത് എന്നിവ പഞ്ചായത്തിന്റെ ശ്രദ്ധേയമായ പദ്ധതികളാണ്.

കണ്ണൂർ ജില്ലയിലെ കർണാടക വനമേഖലയോട് ചേർന്ന് കിടക്കുന്ന മലയോര പഞ്ചായത്താണ് ഉദയഗിരി. കുപ്പം പുഴ സംരക്ഷണ പ്രവർത്തനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൃക്ഷതൈകൾ വച്ചുപിടിപ്പിക്കൽ, ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പഞ്ചായത്തിലെ തുരുത്തു സംരക്ഷണം തുടങ്ങിയവ വൻതോതിൽ ജനശ്രദ്ധ പിടിച്ചുപറ്റിയ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

പ്രകൃതിയോടൊപ്പം വികസന മുദ്രാവാക്യവുമായി പ്രകൃതി സൗഹൃദ വികസനഗാഥകൾ തീർക്കുകയാണ് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ സുൽത്താൻ ബത്തേരി ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന മീനങ്ങാടി ഗ്രാമപഞ്ചായത്ത്. സുസ്ഥിര വികസനം സാധ്യമാക്കി കൃഷിയും പരിസ്ഥിതിയും സംരക്ഷിപ്പിച്ച് ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ പഞ്ചായത്താണ് മീനങ്ങാടി. ഭക്ഷ്യ സുരക്ഷ – ജീവസുരക്ഷ എന്ന് ആശയവുമായി കാർഷിക മേഖലയിലും, സ്ത്രീകളുടെ സാമ്പത്തിക – സാമൂഹിക – സാംസ്കാരിക – ആരോഗ്യ പുരോഗതി ഉറപ്പ് വരുത്തുന്നതിനായി വിസ്ഡം എന്ന പദ്ധതിയിലൂടെയും അനേകം വനസംരക്ഷണ പദ്ധതികളിലൂടെയും ജലസുരക്ഷാ പദ്ധതിയിലൂടെയും ആരോഗ്യ പരിപാലനം , മാലിന്യ സംസ്കരണം, വിദ്യാഭ്യാസ മികവ്, ഭവന ലഭ്യതയെല്ലാം ഉറപ്പാക്കാൻ സഹായിക്കുന്ന പദ്ധതികളിലൂടെയും വളർച്ചയുടെ പാതയിൽ മുമ്പോട്ട് കുതിക്കുകയാണ് ഈ പഞ്ചായത്ത്. മീനങ്ങാടിയിലെയും പീലിക്കോടിന്റെയും മാതൃകാ പ്രവർത്തനങ്ങൾ 2018 ജൂലൈ ലക്കം പഞ്ചായത്ത് രാജിൽ പ്രസിദ്ധീകരിച്ചിരുന്നു.

ദേശീയ – സംസ്ഥാന – ജില്ലാ തലങ്ങളിൽ മികച്ച പഞ്ചായത്തിനുള്ള അവാർഡുകൾ നേടിയെത്തിയ ഒരു മാതൃകാ പഞ്ചായത്താണ് കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്ത്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുനർസൃഷ്ടിക്കും വേണ്ടിയുള്ള EDAM പദ്ധതി, 40 വനിതാ തൊഴിലാളികൾക്ക് സ്ഥിര വരുമാനം നല്കുന്ന കുടുംബശ്രീ അപ്പാരൽ പാർക്ക്. ആരോഗ്യ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞ സ്വാന്തനം മൊബൈൽ യൂണിറ്റ്, സഹജം തുടങ്ങി പദ്ധതികളും കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം എന്നിവയ്ക്ക് പ്രധാന്യം നല്കിക്കൊണ്ടുള്ള അതിജീവനം – മിഷൻ, മിഷൻ 2030 എന്ന

2019-20 ലെ പദ്ധതി ആസൂത്രണ നടപടി പുരോഗതിയും വിലയിരുത്തി. ഇതിന്റെയൊക്കെ ഫലമായി ഡിസംബർ 31 നകം 1181 തദ്ദേശ ഭരണസ്ഥാപനങ്ങൾ 2019-20 ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു.

ഇത് ചരിത്രത്തിൽ ആദ്യമാണെന്ന് മാത്രമല്ല ജനകീയാസൂത്രണ ചരിത്രത്തിൽ സ്വപ്നം കാണാൻ പോലും കഴിയാത്തതാണ്. ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിന്റെ കെടുതിയിൽ നിന്ന് പൂർണ്ണമായും കര കയറാൻ കഴിയാത്ത സമയത്താണ് ഇത് സാധിച്ചതെന്ന് എടുത്ത് പറയേണ്ടതാണ്.

വാർഷിക പദ്ധതി പുരോഗതി – ജില്ലകൾ തിരിച്ച്

2019 ജനവരി 15 വരെ (രൂപ കോടിയിൽ)

നം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	കൊല്ലം	605.44	377.35	62.33
2	പാലക്കാട്	628.71	384.76	61.20
3	കണ്ണൂർ	400.11	244.63	61.14
4	പത്തനംതിട്ട	278.66	170.03	61.02
5	വയനാട്	227.55	138.18	60.73
6	ഇടുക്കി	335.98	192.12	57.18
7	ആലപ്പുഴ	431.88	245.66	56.88
8	തിരുവനന്തപുരം	818.53	463.31	56.60
9	മലപ്പുറം	642.81	363.27	56.51
10	തൃശ്ശൂർ	603.29	338.88	56.17
11	കോട്ടയം	371.51	208.23	56.05
12	കാസർഗോഡ്	253.39	141.74	55.94
13	കോഴിക്കോട്	524.49	289.93	55.28
14	എറണാകുളം	599.60	326.52	54.46

പ്രോജക്ടും പഞ്ചായത്തിന്റെ മികച്ച നേട്ടങ്ങളെ ചൂണ്ടികാണിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്കിൽ ഉൾപ്പെടുന്ന പഞ്ചായത്താണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്. കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള 'സഞ്ജീവനി പദ്ധതി' ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായുള്ള 'ബഡ്സ് റീഹാബിലിറ്റേഷൻ' സെന്റർ, കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജനസേവനകേന്ദ്രം, കോഫിഷോപ്പ്, കയർ ഡിഫൈബറിംഗ് യൂണിറ്റ് തുടങ്ങിയവ പഞ്ചായത്തിന്റെ വിപ്ലവകരമായ മാറ്റത്തിന്റെ ഉദാഹരണങ്ങളാണ്.

കാസർകോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിന് നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മികവുറ്റ പഞ്ചായത്തുകളോടൊപ്പം ഇടംപിടിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്. ഹരിതകേരളം നേതൃത്വത്തിന്റെ ഭാഗമായി പുഞ്ചപ്പാടം നെൽകൃഷി സംരംഭം, പൈതൃകം, നാട്ടുമാവ് പദ്ധതി, പൈതൃകം, നെൽവിത്ത് ഗ്രാമം, ജൈവതാളം, ജൈവവൈവിധ്യ പരിപാല പദ്ധതികൾ, വൈദ്യുതി സംരക്ഷണത്തിനായുള്ള ഊർജ്ജയാനം തുടങ്ങിയവയെല്ലാം ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ ഉത്തമോദ്ദാഹരണങ്ങളാണ്.

നാം മുന്നോട്ട്

വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുമെന്ന സൂചനകളാണ് 2019-20 ലെ വാർഷികപദ്ധതി രൂപീകരണത്തിലൂടെ വ്യക്തമാക്കപ്പെടുന്നത്.

മുൻ വർഷങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ പ്രക്രിയ എല്ലാവർഷവും സെപ്തംബർ, ഒക്ടോബർ വരെ നീണ്ടു പോയിരുന്നു. ശേഷിക്കുന്ന നാലഞ്ച് മാസമാണ് നിർവ്വഹണത്തിന് ലഭിച്ചിരുന്നത്. ഈ രീതി മാറ്റി വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണത്തിനുള്ള സാഹചര്യമൊരുക്കാനുള്ള ശ്രമം 2016 അവസാനം തന്നെ ആരംഭിച്ചു. അതിന്റെ ഫലമായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും 2017-18 ലെ വാർഷിക പദ്ധതി ജൂൺ 15 നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു. അത് വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് 10 മാസത്തോളം ലഭിച്ചു. നടപ്പ് സാമ്പത്തിക വർഷം ഒരു പടി കൂടി കടന്ന് 1147 തദ്ദേശഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി മാർച്ച് 31 നകം അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ചരിത്രം കുറിച്ചു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 ഏപ്രിൽ ഒന്ന് മുതൽ പദ്ധതി

നിർവ്വഹണം തുടങ്ങി.

അങ്ങനെ എല്ലാ വർഷവും പദ്ധതി ആസൂത്രണം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് നവംബർ മാസത്തോടെ ആരംഭിക്കുകയും മാർച്ച 31 നകം പദ്ധതി അംഗീകാര നടപടി പൂർത്തിയാക്കി ഏപ്രിൽ ഒന്നാം തീയതിയോടെ പദ്ധതി നിർവ്വഹണം ആരംഭിക്കുക എന്ന പ്ലാനിംഗ് സർക്കിളിലേക്ക് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും കടക്കുന്നതിന് നാന്ദി കുറിച്ചു.

2019 ആദ്യം നടക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന താമസം മുന്നിൽ കണ്ട് അടുത്ത വർഷത്തെ ആസൂത്രണ പ്രക്രിയ പ്രത്യേകമായി ചിട്ടപ്പെടുത്തുന്നതിന് സർക്കാർ നടപടി ആരംഭിച്ചു. ഇതിനനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഈ വർഷം ഡിസംബർ 31 നകം 2019-2020 ലെ വാർഷിക പദ്ധതി ആസൂത്രണ സമിതിക്ക് സമർപ്പിക്കണം എന്ന് സർക്കാർ നിർദ്ദേശം നല്കി. ഇതിന് വേണ്ട മുന്നൊരുക്കം നടത്തി വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ച് ആവശ്യമായ പരിശീലനവും നടത്തി. മുമ്പ് സർക്കാർ നിർദ്ദേശിച്ചത് പോലെ 2018-19 ലെ ബഡ്ജറ്റ് വിഹിതം 2019-20 ലും ലഭിക്കും എന്ന രീതിയിലാണ് അടുത്ത വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

2018-19 ലെ വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി.മൊയ്തീൻ നേരിട്ട് തന്നെ എല്ലാ ജില്ലകളിലും പ്രത്യേക അവലോകനം നടത്തി. ഇതോടൊപ്പം 2019-20 ലെ പദ്ധതി ആസൂത്രണ നടപടി പുരോഗതിയും വിലയിരുത്തി. ഇതിന്റെയൊക്കെ ഫലമായി ഡിസംബർ 31 നകം 1181 തദ്ദേശഭരണസ്ഥാപനങ്ങൾ 2019-20 ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു. ഇനിയും 19 തദ്ദേശഭരണസ്ഥാപനങ്ങൾ മാത്രമാണ് വാർഷിക പദ്ധതി സമർപ്പിക്കാനുള്ളത്. തെരഞ്ഞെടുപ്പ് പോലുള്ള സാങ്കേതിക കാരണങ്ങളാലാണ് ഇവർക്ക് പദ്ധതി സമർപ്പിക്കാൻ കഴിയാത്തത്. കാര്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള കൃത്യതയാർന്ന ആസൂത്രണത്തിലൂടെയാണ് ഇത് സാധ്യമായത്. ഇത് ചരിത്രത്തിൽ ആദ്യമാണെന്ന് മാത്രമല്ല ജനകീയാസൂത്രണ ചരിത്രത്തിൽ സ്വപ്നം കാണാൻ പോലും കഴിയാത്തതാണ്. ഈ നൂറ്റാണ്ടിലെ മഹാ പ്രളയത്തിന്റെ കെടുതിയിൽ നിന്ന് പൂർണ്ണമായും കര കയറാൻ കഴിയാത്ത സമയത്താണ് ഇത് സാധിച്ചതെന്ന് എടുത്ത് പറയേണ്ടതാണ്. ☐

(ലേഖകൻ കില ഡയറക്ടറാണ് -9446521312)

ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ

(2019 ജനുവരി 15 വരെയുള്ള കണക്ക്) (രൂപ കോടിയിൽ)

കോർപ്പറേഷനുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	കോഴിക്കോട്	118.62	56.88	47.95
2	എറണാകുളം	113.57	512.76	45.58

മുനിസിപ്പാലിറ്റികൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ്%
1	മുക്കം	കോഴിക്കോട്	4.99	3.36	67.33
2	തളിപറമ്പ്	കണ്ണൂർ	9.37	6.30	67.24
3	വളാഞ്ചേരി	മലപ്പുറം	3.79	2.52	66.49

ജില്ലാ പഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ്%
1	വയനാട്	37.93	28.43	74.95
2	കണ്ണൂർ	52.98	32.71	61.74

ബ്ലോക്ക് പഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	ഓച്ചിറ	കൊല്ലം	6.02	5.25	87.21
2	പെരുമ്പടപ്പ്	മലപ്പുറം	3.55	3.07	86.48
3	തളിപറമ്പ	കണ്ണൂർ	7.66	6.56	85.64
4	പാനൂർ	കണ്ണൂർ	2.77	2.37	85.56
5	കുവപ്പടി	എറണാകുളം	5.45	4.52	82.94

ഗ്രാമപഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	കുട്ടിലങ്ങാടി	മലപ്പുറം	3.23	2.98	92.26
2	രാമന്തളി	കണ്ണൂർ	2.63	2.42	92.02
3	കുറ്റിക്കോൽ	കാസർകോട്	4.24	3.81	89.86
4	ഇട്ടിവ	കൊല്ലം	4.87	4.30	88.30
5	കുണ്ടറ	കൊല്ലം	2.03	1.77	87.19
6	മൊകേരി	കണ്ണൂർ	1.52	1.30	85.53
7	പൂമംഗലം	തൃശ്ശൂർ	1.89	1.61	85.19
8	കിഴക്കഞ്ചേരി	പാലക്കാട്	5.80	4.93	85.00
9	എരമം കുറ്റൂർ	കണ്ണൂർ	3.16	2.67	84.49

മാലിന്യസംസ്ക്കരണത്തിന് 'കാലടി' മാതൃക

അഡ്വ. കെ. തുളസി ടീച്ചർ

വളരെ വേഗതയിൽ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമായിരുന്നില്ല മാലിന്യസംസ്ക്കരണം. എന്നിരുന്നാലും 'ക്ലീൻ കാലടി, ഗ്രീൻ കാലടി' എന്ന പ്രോജക്റ്റ് ഏറ്റെടുത്ത് ധൈര്യസമേതം ഇച്ഛാശക്തിയോടെ മുന്നോട്ടുപോയി.

ആദിശങ്കരന്റെ ജന്മംകൊണ്ട് പരിപാവനമായ കാലടി ലോക ടൂറിസംഭൂപടത്തിൽ ഇടംപിടിച്ചിട്ടുള്ള സ്ഥലമാണ്. പെരിയാറിന്റെ തീരത്തെ പ്രകൃതിരമണീയമായ ഇവിടെ എല്ലാ ജാതിമത വിഭാഗങ്ങളും ഏകോദര സഹോദരങ്ങളെപ്പോലെ അധിവസിക്കുന്നു. എന്നാൽ ആയിരക്കണക്കിന് തീർത്ഥാടകരും സന്ദർശകരും പ്രതിവർഷം വന്നുപോകുന്ന കാലടിക്ക് ആ പ്രാധാന്യത്തോടെ ഏറെ മുന്നേറാൻ സാധിച്ചിരുന്നില്ല. ആദിശങ്കരന് ജന്മകൊടുത്ത ശൃംഗേരി മഠവും കുളിക്കാനിറങ്ങിയപ്പോൾ അദ്ദേഹത്തെ മുതലപിടിച്ച മുതലക്കടവും ശ്രീരാമകൃഷ്ണന്റെ ആശ്രമവും ആദിശങ്കരന്റെ നാമധേയത്തിലുള്ള സംസ്കൃത യൂണിവേഴ്സിറ്റിയും കലാലയങ്ങളും കാലടിയെ കൂടുതൽ പ്രസിദ്ധമാക്കുന്നുണ്ടെങ്കിലും ഇപ്പോഴും പുരോഗതി കാത്തുകിടക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണിവിടം.

ഈ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വരുമ്പോൾ ഏറ്റവും കൂടുതലായി അലട്ടിയിരുന്നതും വികസന പ്രശ്നങ്ങൾ തന്നെയാണ്. അതോടൊപ്പം ജനത്തിരക്കേറിയ സ്ഥലമായതിനാൽ കുമിഞ്ഞുകൂടുന്ന മാലിന്യം പഞ്ചായത്തിനെ വല്ലാത്ത പ്രതിസന്ധിയിലാക്കിയിരുന്നു. പരിപാവനമായി വിശുദ്ധിയോടെ സൂക്ഷിക്കേണ്ട കാലടി പട്ടണം, വലിച്ചെറിയപ്പെട്ട പ്ലാസ്റ്റിക്ക്-ജൈവമാലിന്യങ്ങളാൽ വൃത്തിഹീനമായിരുന്നു. കാലടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടണത്തോടു ചേർന്നുകിടക്കുന്ന 55 സെന്റ് ഭൂമി 20 വർഷമായി മാലിന്യം കുമിഞ്ഞുകൂടി ഒരു വേസ്റ്റ് ഡംബിങ്ങ് യാഡ് പോലെയായിരുന്നു. മഴയാകുമ്പോൾ കവിഞ്ഞൊഴുകുന്ന കാനകളും ഡംബിങ്ങ് യാഡിലെ മാലിന്യവുമായി പുറത്തേക്കു വരുന്ന വെള്ളവും രോഗങ്ങൾ പടരുന്നതിനും ഇടയാക്കിയിരുന്നു. ഈ ഘട്ടത്തിൽ ഭരണസമിതി ഏറ്റവും പ്രാധാന്യം കൊടുത്ത് ശ്രദ്ധിക്കണമെന്ന് തീരുമാനിച്ചത് മാലിന്യസംസ്ക്കരണ മേഖലതന്നെയാണ്. പക്ഷെ വളരെ വേഗതയിൽ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമായിരുന്നില്ല മാലിന്യസംസ്ക്കരണം. എന്നിരുന്നാലും 'ക്ലീൻ കാലടി, ഗ്രീൻ കാലടി' എന്ന പ്രോജക്റ്റ് ഏറ്റെടുത്ത് ധൈര്യസമേതം ഇച്ഛാശക്തിയോടെ മുന്നോട്ടുപോയി.

2016-17 പദ്ധതിവർഷം ജൈവ മാലിന്യ സംസ്കരണം ഉറവിടങ്ങളിൽ തന്നെ എന്ന ആശയം ഏറ്റെടുത്ത് പ്രതിജ്ഞാബദ്ധമായ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ സമഗ്രവും സംയോജിതവുമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

- സോഷ്യോ എക്കണോമിക് ഫൗണ്ടേഷന്റെ സഹായത്താൽ ആ വർഷം തന്നെ 1000 വീടുകളിൽ 'ബയോ ഡൈജസ്റ്റീവ് പോട്ട്' വിതരണം ചെയ്തു. എറണാകുളം ജില്ലയിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ബയോ ഡൈജസ്റ്റീവ് പോട്ട് വിതരണം ചെയ്യുന്നത്.
- ബയോ ഡൈജസ്റ്റീവ് പോട്ട് വിതരണം ചെയ്തതോടൊപ്പം തന്നെ കുറച്ചുകൂടി ചെലവേറിയ ബയോഗ്യാസ് പ്ലാന്റുകൾ ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ വീട്ടിലും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി ലിസ്റ്റ് ചെയ്ത് സബ്സിഡി ഇനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ അനുവദിച്ചു. ഈ രണ്ട് പദ്ധതികളും ഇപ്പോഴും തുടരുന്നു.
- 1880 ഓളം വീടുകളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്താൽ കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ച് നൽകിയതും സമ്പൂർണ്ണ ശുചിത്വ കർമ്മപരിപാടിയുടെ ഭാഗമായിട്ടാണ്.
- ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റീവ് പോട്ട്, കമ്പോസ്റ്റ് കിറ്റ് എന്നിവയിലൂടെ രൂപപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് കൃഷി വകുപ്പിന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സംയോജിത ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി.

ഇത്തരത്തിൽ ജൈവ പരിപാലന ഉപാധി നൽകൽ മാത്രമല്ല അതിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വളത്തെ കൃഷിക്കായി ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ സമഗ്ര പരിപാടിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

MRF സെന്ററിന് തുടക്കം

ഡംബിങ്ങ് യാഡിലും വഴിവക്കിലും വർഷങ്ങളായി കുമിഞ്ഞുകൂടിയ മാലിന്യം ശുചിത്വമിഷന്റെ സഹായത്താൽ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി ശേഖരിച്ച് തരംതിരിക്കുന്നതിന് MRF സെന്ററിന് തുടക്കം കുറിച്ചു. ഇതിൽ പ്ലാസ്റ്റിക്ക്, ഹോട്ടൽ വേസ്റ്റുകൾ, മൃഗങ്ങളുടെ വേസ്റ്റുകൾ തുടങ്ങിയവ വർഷങ്ങളായി നിക്ഷേപിച്ച് വലിയ കുന്നായി കിടക്കുകയായിരുന്നു. കുടുംബശ്രീ സഹോദരിമാരിൽ നിന്നും 25 പേരടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിച്ച് ഈ തരംതിരിക്കൽ പ്രക്രിയ സുഗമമായി ഇന്നും നടക്കുന്നു. അങ്ങനെ 20 വർഷമായി കുന്നുകൂടി കിടന്നിരുന്ന മാലിന്യം സംസ്ക്കരിച്ച് നീക്കംചെയ്യാൻ സാധിച്ചത് ഏറെ അഭിമാനകരമാണ്.

റെഡ് ബട്ടൺ റോബോട്ടിക്ക് സിസ്റ്റം

വഴിവക്കുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്ന മുറയ്ക്കുതന്നെ വീണ്ടും മാലിന്യം വന്നുചേരുക സ്ഥിരമായി. ഇവ പരിഹരിക്കണമെന്ന ചിന്തയായി പിന്നീട്. ആ ആലോചനയാണ് 'റെഡ് ബട്ടൺ' റോബോട്ടിക്ക് സിസ്റ്റത്തിലേക്ക് ഞങ്ങളെ എത്തിച്ചത്. ഏഷ്യയിൽ തന്നെ ആദ്യത്തെ നൂതന സംരംഭമാണ് കാലടി പഞ്ചായത്തിൽ മന്ത്രി ഡോ. കെ.ടി ജലീൽ ഉദ്ഘാടനം ചെയ്ത മൂന്ന് റെഡ് ബട്ടൺ അലേർട്ടുകൾ. ഇത് റോബോട്ടിന്റെ രൂപത്തിലുള്ളതാണ്. ഇതിൽ തന്നെ ഒരു ഡിസ്പ്ലെ ബോർഡുമുണ്ട്. ഈ ഡിസ്പ്ലെ ബോർഡിൽ പരസ്യം സ്വീകരിച്ച് പഞ്ചായത്തിന് വരുമാനം കണ്ടെത്താനും കഴിയുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ഈ സംവിധാനത്തെ പോലീസിന്റെ കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. റെഡ് ബട്ടൺ റോബോട്ടിക് മെഷീൻ വച്ചിട്ടുള്ള പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടക്കുകയോ, മാലിന്യനിക്ഷേപം നടക്കുകയോ

ഏതൊരു വ്യക്തിക്കും റോബോട്ടിൽ വച്ചിട്ടുള്ള റെഡ് ബട്ടണിൽ അമർത്താം. അതുവഴി സംസാരിക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. ഇത് ആ നിമിഷം പോലീസ് കൺട്രോൾ റൂമിൽ ലഭിക്കുകയും തൊട്ടടുത്ത് എവിടെയാണോ പോലീസ് ഉള്ളത് അവരുടെ സേവനം ലഭിക്കുകയും ചെയ്യും.

ചെയ്താൽ ഏതൊരു വ്യക്തിക്കും റോബോട്ടിൽ വച്ചിട്ടുള്ള റെഡ് ബട്ടണിൽ അമർത്താം. അതുവഴി സംസാരിക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. ഇത് ആ നിമിഷം പോലീസ് കൺട്രോൾ റൂമിൽ ലഭിക്കുകയും തൊട്ടടുത്ത് എവിടെയാണോ പോലീസ് ഉള്ളത് അവരുടെ സേവനം ലഭിക്കുകയും ചെയ്യും.

മാലിന്യ ശേഖരണവും സംസ്ക്കരണവും

റെഡ്ബട്ടന്റെ ഈ പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ തുടർന്ന് മാലിന്യം വഴിയിൽ വലിച്ചെറിയുന്നതിന് കുറവുണ്ടായെങ്കിലും പൂർണമായും അവസാനിച്ചിരുന്നില്ല. ആയതിനാൽ വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രത്യേക പ്രോജക്ട് വച്ച് ഹരിത കർമ്മസേനകളുടെ സഹായത്തോടെ പ്ലാസ്റ്റിക്ക് ഇതര മാലിന്യ ശേഖരണവും സംസ്ക്കരണവും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെയും പ്ലാനറ്റ് എർത്ത് എന്ന സന്നദ്ധസംഘടനയുടെയും സഹായത്തോടെ ആരംഭിച്ചു. കഴിഞ്ഞ ഒന്നരവർഷമായി ഈ പ്രവർത്തനം തുടരുന്നു.

ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിൽ -പ്രത്യേകിച്ച് പ്ലാസ്റ്റിക്ക്, ഇ-വേസ്റ്റ് തുടങ്ങിയവ- പ്രതിസന്ധിയുണ്ട്. ഇതിന് ക്ലീൻ കേരള മിഷൻ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ സേവനം കാലടി പഞ്ചായത്തിന് കൂടുതലായി ലഭിക്കേണ്ടതുണ്ട്. കാലടി ശബരിമലയുടെ ഇടത്താവളമായതിനാൽ സീസണിൽ ധാരാളം അയ്യപ്പഭക്തർ വരുകയും വിശ്രമിക്കുകയും ചെയ്യുന്നതിനാൽ ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ചെറുതല്ല. ഇത് പരിഹരിക്കുന്നതിന് വേണ്ട ശ്രമങ്ങൾ അപ്പപ്പോൾ തന്നെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ബോധന പ്രവർത്തനങ്ങൾ

മാലിന്യ പരിപാലനത്തിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിച്ചാലും ആളുകളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരുത്താതെ ഇതൊന്നും പ്രാവർത്തികമാവുകയില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ചില പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. മാലിന്യ ശേഖരണം, സംസ്ക്കരണം എന്നിവ സംബന്ധിച്ച അവബോധം നാട്ടിലെ ജനങ്ങൾക്ക് നിരന്തരമായി നൽകുന്നതിന് ശുചിത്വ ബോധനയജ്ഞ സമിതിയുടെ നേതൃത്വത്തിൽ ഒട്ടേറെ ക്ലാസ്സുകൾ നൽകുന്നു. നിരന്തരം ജനങ്ങളുമായി ബന്ധപ്പെടാൻ ഇത് പര്യാപ്തമല്ല എന്ന് മനസ്സിലാക്കിയാണ് എന്തുകൊണ്ട് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ LED വാർത്താ ബോർഡുകൾ സ്ഥാപിച്ചു കൂടാ എന്ന ആലോചനയിലേക്ക് നീങ്ങിയത്. ഇതിന്റെ ഭാഗമായി, നിരവധി ചർച്ചകൾക്ക് ശേഷം കളമശ്ശേരിയിലുള്ള ഒരു സ്റ്റാർട്ടപ്പ് കമ്പനിയായ സോഗ് ഐ.ടി. സൊല്യൂഷന്റെ സഹായത്താൽ പ്രധാനപ്പെട്ട മൂന്ന് കേന്ദ്രങ്ങളിൽ LED വാർത്താബോർഡുകൾ സ്ഥാപിച്ചു. അതിലൂടെ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾപോലും സാധാരണക്കാരിൽ എത്തിക്കാൻ സാധ്യമായി. പ്രളയ കാലഘട്ടത്തിൽ ഇത് ഏറെ സഹായകരമായിരുന്നു. ഗ്രാമസഭാവാർത്ത, കമ്മറ്റികൾ സംബന്ധിച്ച വാർത്ത, ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ തുടങ്ങി ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങൾ അറിയേണ്ട എല്ലാ വിവരവും അപ്പപ്പോൾ യഥാസമയം എത്തിക്കാൻ ഇത് ഏറെ സഹായകമായി.

കിണർ വെള്ളം ശുചിയാക്കൽ

മാലിന്യ സംസ്ക്കരണവും ആരോഗ്യമേഖലയുമായി ഏറ്റവും അടുത്ത ബന്ധമുണ്ട്. പ്രത്യേക പദ്ധതിയിലൂടെ 2800 ഓളം സാധരണക്കാരുടെ കിണറുകൾ വെള്ളം വറ്റിച്ച് വൃത്തിയാക്കി, ആ കിണറുകളിലെ വെള്ളത്തിന്റെ സാമ്പിൾ എടുത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സഹായത്താൽ പരിശോധിച്ച് റിസൾട്ട് നൽകുന്ന പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 8 ലക്ഷത്തോളം രൂപ ചെലവ് വരുന്ന പദ്ധതിയാണ് ഇതിനായി തയ്യാറാക്കിയത്. 24 മോട്ടറുകൾ വാടകയ്ക്കെടുത്ത് സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെയാണ് ഈ പ്രവർത്തനം പൂർത്തിയാക്കിയത്.

സ്വച്ഛ് ഐക്കോണിക്ക് പദ്ധതി

കാലടി ഗ്രാമപഞ്ചായത്തിലെ സിറ്റിയിലുള്ള എല്ലാ ഓടകളും മാലിന്യം നിറഞ്ഞും റോഡിന്റെ വക്കൊക്കെ പൊട്ടിപ്പൊളിഞ്ഞും വൃത്തിഹീനമായിരുന്നു. ഈ പ്രശ്നം പരിഹരിച്ച് കാലടിയെ മനോഹരമായ ഒരു സിറ്റിയാക്കി മാറ്റുന്നതിന് പഞ്ചായത്ത് ഭരണസമിതി നടത്തിയ ശ്രമത്തിന്റെ ഭാഗമായി 'സ്വച്ഛ് ഐക്കോണിക്ക് പരിപാടി'യിലേക്ക് കേന്ദ്ര സർക്കാർ കാലടി പഞ്ചായത്തിനെയും തെരഞ്ഞെടുത്തു. ഇതിനായി ഇന്ത്യയിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരേ ഒരു പഞ്ചായത്താണ് കാലടി. സ്വച്ഛ് ഐക്കോണിക്കിന്റെ ഭാഗമായി BPCL നെ പങ്കാളിയാക്കി കാന ശുദ്ധീകരിച്ച് ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കി പുതുക്കിപ്പണി നടന്നുകൊണ്ടിരിക്കുന്നു.

കാലടി ഒരു വ്യവസായ വാണിജ്യ കേന്ദ്രമാണ്. സോർട്ടക്സ് റൈസ് മില്ലുകളുടെ തറവാട് എന്നാണ് കാലടി അറിയപ്പെടുന്നത്. വ്യാപാര

ഇതിനായി ഇന്ത്യയിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരേ ഒരു പഞ്ചായത്താണ് കാലടി. സ്വച്ഛ് ഐക്കോണിക്കിന്റെ ഭാഗമായി BPCL നെ പങ്കാളിയാക്കി കാന ശുദ്ധീകരിച്ച് ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കി പുതുക്കിപ്പണി നടന്നുകൊണ്ടിരിക്കുന്നു.

വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ പലപ്പോഴും കാനകളിലേക്കാണ് ഒഴുക്കിക്കൊണ്ടിരിക്കുന്നത്. അത് തടഞ്ഞ് കാനകളുടെ പ്രവർത്തനം ശാസ്ത്രീയ രീതിയിലാക്കി മാറ്റുമ്പോൾ ഈ മലിനജലം സംസ്കരിക്കുക എന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമായി മാറുന്നു. കാനകൾ അവസാനിക്കുന്ന ഭാഗത്ത് ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പദ്ധതി കാലടിക്ക് അനുവദനീയമായിട്ടുണ്ട്. കാനകളുടെ പണി തീരുന്ന മുറയ്ക്ക് മലിനജലം സംസ്ക്കരിക്കാൻ സീവേജ് ട്രീറ്റ്മെന്റ് വയ്ക്കുന്ന ഒരുപക്ഷേ ആദ്യ പഞ്ചായത്തായിരിക്കും കാലടി.

ഊർജ്ജ പരിപാലനം

കേരളത്തിൽ ആദ്യമായി തെരുവ് വിളക്ക് പരിപാലനത്തിന് കാലടി ഗ്രാമപഞ്ചായത്ത് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുന്നു. തെരുവ് വിളക്കുകൾ കത്തിക്കുന്നത് വഴി ഉണ്ടാകുന്ന കനത്ത ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് എന്ത് വഴി എന്ന് പഞ്ചായത്ത് ഭരണ സമിതി ആലോചിക്കുന്ന സന്ദർഭത്തിലാണ് എനർജി മാനേജ്മെന്റ് സെല്ലിന്റെ നിർദ്ദേശ പ്രകാരം എല്ലാ തെരുവ് വിളക്കുകളും LEDലേക്ക് മാറാൻ തീരുമാനിച്ചത്.

എന്നാൽ ഇത്രയും തെരുവ് വിളക്കുകൾ ഒറ്റയടിക്ക് LEDയിലേക്ക് മാറ്റാൻ വേണ്ട സാമ്പത്തിക ശേഷി പഞ്ചായത്തിന് ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ ഇതിൽ സഹായിക്കാനായി മുന്നോട്ട് വന്ന ഒരു കമ്പനിയുമായി ധാരണയുണ്ടാക്കി- ഒരു വർഷം നിലവിൽ അടച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രിസിറ്റി ബിൽ തുകയേക്കാൾ LEDയിലേക്ക് മാറുമ്പോൾ എത്ര ലാഭം വരുമോ ആ ലാഭത്തിന്റെ ഒരു നിശ്ചിത വിഹിതം ഈ കമ്പനിക്ക് ഗഡുക്കളായി അടച്ചുകൊടുത്താൽ പഞ്ചായത്ത് ഒരു രൂപ പോലും മുടക്കാതെ മുഴുവൻ വർക്കും പ്രസ്തുത കമ്പനി തന്നെ പൂർത്തിയാക്കാം എന്ന് എഗ്രിമെന്റ് മുഖേന സമ്മതിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ എനർജി മാനേജ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എനർജി ആഡിറ്റ് നടത്തി, ഇവരുടെ സാങ്കേതിക സഹായത്തോടെ കമ്പനിയുമായി എഗ്രിമെന്റ് വച്ച് പണി നടന്നുവരുന്നു. പഞ്ചായത്തിന് യാതൊരുവിധ അധിക ബാധ്യതയുമില്ലാതെ ഈ പ്രവർത്തനം വിജയകരമായി ചെയ്യാൻ കഴിഞ്ഞു എന്നത് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തികച്ചും മാതൃകാപരം തന്നെ. ☐

കേരളത്തിൽ ആദ്യമായി തെരുവ് വിളക്ക് പരിപാലനത്തിന് കാലടി ഗ്രാമപഞ്ചായത്ത് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുന്നു

ലേഖിക
കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496045732, 9447605138

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി കാർത്തികപുരം മിനി സ്റ്റേഡിയത്തിന് സമീപമുള്ള പുഴയിൽ നിർമ്മിച്ച തടയണ

ഉദയഗിരിയുടെ പച്ചത്തുരുത്ത്

മിനി മാത്യു

കണ്ണൂർ ജില്ലയിൽ കർണാടക വനത്തോടു ചേർന്നുകിടക്കുന്ന ഒരു മലയോര പഞ്ചായത്താണ് ഉദയഗിരി. മലയോരപ്രദേശമായതുകൊണ്ടുതന്നെ പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചിട്ടുള്ള ഒരു ജനജീവിതമാണ് ഇവിടെയുള്ളത്. പശ്ചിമഘട്ടത്തിന്റെ ഭാഗമായതുകൊണ്ട് ജൈവ വൈവിദ്ധ്യത്താൽ സമൃദ്ധമാണ് ഈ പ്രദേശം.

കണ്ണൂർ ജില്ലയിലെ പ്രസിദ്ധമായ കുപ്പം പുഴയുടെ ഉദ്ഭവം ഉദയഗിരി പഞ്ചായത്തിന്റെ ഒരു അതിർത്തിയായ കർണാടക വനത്തിൽ നിന്നുമാണ്. പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ ഒഴുകുന്ന പുഴ ഇവിടത്തെ കർഷകരെ തെല്ലൊന്നുമല്ല സഹായിക്കുന്നത്.

ചെറുതും വലുതുമായ പത്തോളം തുരുത്തുകൾ പുഴയിൽ ഉണ്ട്. ഇവയിൽ പലതും മാലിന്യം നിറഞ്ഞും സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശപ്പെടുത്തിവച്ചും കന്നുകാലികളെ മേയ്ക്കുന്നതിനും ആണ് ഉപയോഗിച്ചിരുന്നത്.

കിലയുടെ നേതൃത്വത്തിൽ കുപ്പം പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ഉദയഗിരി പഞ്ചായത്തിൽ നിന്നുമായിരുന്നു. കിലയുടെ അന്നത്തെ ഡയറക്ടർ ആയിരുന്ന ഡോ. പി.പി. ബാലൻ മാസ്റ്ററുടെ നേതൃത്വത്തിൽ മണക്കടവിൽ നിന്ന് ഈയ്യഭരണി തുരുത്തു വരെ ബഹുജന പങ്കാളിത്തത്തോടുകൂടി കുപ്പം പുഴ സംരക്ഷണ പ്രചരണ പദയാത്ര നടത്തിയിരുന്നു.

2014 - ൽ ആണ് ഗ്രാമപഞ്ചായത്ത് തുരുത്ത് സംരക്ഷണത്തിനുള്ള ആദ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. 2014 ജൂൺ 5 ന് പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് 2.5 ഏക്കറോളം വരുന്ന കാർത്തികപുരം തുരുത്തിൽ ഏകദേശം 400 വൃക്ഷത്തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വച്ചുപിടിപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. 32 തൊഴിൽ ദിനങ്ങളാണ് ഇതിനുവേണ്ടി ഉപയോഗിച്ചത്.

എന്നാൽ പരിസരവാസികളുടെ തുരുത്തിലേക്കുള്ള കടന്നുകയറ്റവും കന്നുകാലിമേയ്ക്കലും തുടർ പരിപാലനത്തിന്റെ അഭാവവും മൂലം ഏകദേശം 50 ഓളം വൃക്ഷങ്ങൾ ആണ് അവശേഷിച്ചിരുന്നത്.

ഹരിത കേരളം പദ്ധതി നിലവിൽ വന്നതോ

2014 - ൽ ആണ് ഗ്രാമപഞ്ചായത്ത് തുരുത്ത് സംരക്ഷണത്തിനുള്ള ആദ്യ പ്രവർത്തനങ്ങൾ നടത്തുന്നത്.

ടുകൂടി ജലസംരക്ഷണം, ജൈവവൈവിദ്ധ്യങ്ങളുടെ സംരക്ഷണം തുടങ്ങിയവ മുൻനിർത്തി പുഴയിലുള്ള തുരുത്തുകൾ വീണ്ടെടുക്കുവാനും സംരക്ഷിക്കുവാനും തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

പഞ്ചായത്ത് മെമ്പറായ നാട്ടുകാർ സ്നേഹപൂർവം 'ചേട്ടായി' എന്നു വിളിക്കുന്ന ജോസഫ് വട്ടക്കോട്ടയിലിന്റെ നേതൃത്വത്തിൽ ആണ് തുരുത്ത് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കർണാടക വനത്തിൽ നിന്നും അവരുടെ അനുവാദത്തോടുകൂടി കൊണ്ടുവന്ന മുളയുടെ തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തുരുത്തിൽ നടുകയും പുഴയിൽ ചെറിയ തടയണകൾ കെട്ടി ജലസേചന സൗകര്യം ഒരുക്കുകയും ചെയ്തു. പരിസരവാസികളുമായി സംസാരിച്ച് അവരുടെ കടന്നുകയറ്റം അവസാനിപ്പിച്ചു. സ്വന്തം കൈയിൽ നിന്ന് പണമെടുത്ത് വളപ്രയോഗവും നടത്തി. ഇപ്പോൾ തുരുത്ത് മുളംതൈകളാൽ സമൃദ്ധവും ഹരിതാഭവുമാണ്.

2018-19 വർഷം തുരുത്ത് സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്ത് 2,15,000 രൂപയും തുരുത്ത് സംരക്ഷണ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2,00,000 രൂപയും വകയിരുത്തി 4,15,000 രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ പുഴ കരകവിഞ്ഞൊഴുകുകയും തുരുത്ത് മുങ്ങി ശക്തമായ ഒഴുക്കിൽ കുറേയധികം മുളം തൈകൾ നഷ്ടമാവുകയും മരങ്ങൾ കടപുഴകി വീഴുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയിൽ 230 തൊഴിൽ ദിനങ്ങളിലായി 1,18,058 രൂപയുടെ എസ്റ്റിമേറ്റിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ഈ വർഷം കാർത്തികപുരം തുരുത്ത് സംരക്ഷിക്കുന്നതിനോടൊപ്പം മറ്റ് തുരുത്തുകളിലേക്കും പ്രവർത്തനങ്ങൾ തുടക്കമിട്ടു കഴിഞ്ഞു. 2 ഏക്കറോളം വരുന്ന മുക്കട തുരുത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ

ആരംഭിച്ചു കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ 497 തൊഴിൽ ദിനങ്ങളിലായി 1,42,801 രൂപ എസ്റ്റിമേറ്റിൽ കാർത്തികപുരം തുരുത്തിൽ ഭൂവികസന പ്രവൃത്തികളും മുളം തൈകളുടെ റീപ്ലാന്റിംഗും തടയണകളുടെ നിർമ്മാണവും നടന്നു കൊണ്ടിരിക്കുന്നു. ഇവിടെ വിവിധ തരത്തിലുള്ള മുളകൾ വച്ചുപിടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ട വിദഗ്ധ ഉപദേശത്തിനായി കെ.എഫ്.ആർ.ഐ പീച്ചിയെ സമീപിക്കുകയും അവർ ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ തരാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഏകദേശം 2 ഏക്കറോളം വരുന്ന ആറ്റുവഞ്ചി തുരുത്ത് എന്നറിയപ്പെടുന്ന കാഞ്ഞിരക്കയം തുരുത്ത് 2 ആൾ പൊക്കത്തിൽ വളർന്നുനിൽക്കുന്ന ആറ്റുവഞ്ചികളാൽ സമൃദ്ധമാണ്. ഇതേ അളവുള്ള മേലെ മുക്കട തുരുത്ത് വൻ വൃക്ഷങ്ങളാലും മറ്റ് ജൈവസമ്പത്താലും സമൃദ്ധമാണ്. വൻ വൃക്ഷങ്ങളും ഈറ്റയും ഇവിടെ നിറഞ്ഞുനിൽക്കുന്നു.

പക്ഷിസങ്കേതം, ചിത്രശലഭങ്ങളുടെ ഉദ്യാനം, ഔഷധവൃക്ഷത്തോട്ടം, ഫലവൃക്ഷത്തോട്ടം എന്നിങ്ങനെ വ്യത്യസ്തമായ രീതിയിൽ തുരുത്തുകളെ സംരക്ഷിക്കാനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്. പുഴയുടെ ഇരുകരകളിലും ഈറ്റ, തഴ മുതലായവ വച്ചുപിടിപ്പിച്ച് മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാനും ലക്ഷ്യമിടുന്നു.

കാർത്തികപുരം പുഴയിൽ ഉണ്ടാക്കിയ ചെറുതും വലുതുമായ തടയണകൾ മത്സ്യസമ്പത്ത് വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. തുരുത്തുകളിൽ വീണ്ടും പക്ഷികളുടെ സാന്നിദ്ധ്യം കണ്ടുതുടങ്ങി.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും നാട്ടുകാരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണ് ഉദയഗിരിയുടെ പച്ചത്തുരുത്ത്. □

പക്ഷിസങ്കേതം, ചിത്രശലഭങ്ങളുടെ ഉദ്യാനം, ഔഷധവൃക്ഷത്തോട്ടം, ഫലവൃക്ഷത്തോട്ടം എന്നിങ്ങനെ വ്യത്യസ്തമായ രീതിയിൽ തുരുത്തുകളെ സംരക്ഷിക്കാനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

ലേഖിക ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496049049

അറിയാം, പകർത്താം മുളന്തുരുത്തിയുടെ പുതുസംരംഭങ്ങൾ

റെഞ്ചി കുര്യൻ കൊള്ളിനാൽ

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ നൂതന പദ്ധതികൾ

1. ഹൃദയാരോഗ്യം

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമുള്ള ഹൃദയസംബന്ധമായ രോഗങ്ങൾക്ക് അടിപ്പെട്ട് ജീവിക്കുന്നവർക്ക് സഹായം നൽകി.

- ആശാ പ്രവർത്തകർക്ക് ബി.പി. അപ്പാരറ്റസ് വാങ്ങി നൽകി, ആവശ്യമായ ട്രെയിനിംഗ് നൽകി, ഗൃഹസന്ദർശനം നടത്തി, ബി.പി. പരിശോധിച്ച് അലോപ്പതി, ആയുർവ്വേദ, ഹോമിയോ മരുന്നുകളും ലഭ്യമാക്കി. വിദഗ്ധ ചികിത്സയ്ക്ക് അവസരം നൽകി.
- രോഗികൾക്ക് ഹൃദയാരോഗ്യവും സന്തോഷവും നൽകി.

2. തെളിനീര്

പഞ്ചായത്തിലെ മുഴുവൻ പൊതു ജലസ്രോതസ്സുകളും പരിശോധിച്ച് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കൽ.

- കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ സഹകരണത്തോടെ മുളന്തുരുത്തി ഗവ. ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ സേവനം ലഭ്യമാക്കി കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് കിണറുകൾക്ക് ഗ്രേഡിംഗ് നൽകുന്നു.
- ഇതിനാവശ്യമായ പരിശോധനാ കിറ്റ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ലഭ്യമാക്കും.
- പരിശോധന മുളന്തുരുത്തി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലാബിൽ നടത്തും.

3. അലിവ്

പഞ്ചായത്തിലെ ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് സമീപ പ്രദേശത്തുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി.

- രോഗികൾക്ക് വളരെ പെട്ടെന്ന്, തൊട്ടടുത്തുള്ള ഡയാലിസിസ് സെന്ററിന്റെ സേവനം

കുട്ടികളുടെ ആരോഗ്യ സംരക്ഷണ പഠന പെരുമാറ്റ വൈകല്യ നിവാരണ പദ്ധതിയാണ് സദ് ഗമയ.

ലഭ്യമാകുന്നു
- സാമ്പത്തിക ബാധ്യതയിൽ നിന്നും മോചനം.
- രോഗികളുടെ മാനസിക സന്തോഷം വർദ്ധിക്കുന്നതോടൊപ്പം ജീവിതത്തിലേക്ക് തിരിച്ചുവരാൻ കഴിയുന്ന ശുഭപ്രതീക്ഷയ്ക്ക് ആക്കം കൂട്ടുന്നു.

4. സദ്ഗമയ

കുട്ടികളുടെ ആരോഗ്യസംരക്ഷണ പഠന പെരുമാറ്റ വൈകല്യ നിവാരണ പദ്ധതിയാണ് സദ്ഗമയ.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് മാത്രമായും അദ്ധ്യാപകർക്ക് മാത്രമായും രക്ഷാകർത്താക്കൾക്ക് മാത്രമായും പ്രൊജക്ടിനെക്കുറിച്ചും സ്വഭാവരൂപീകരണത്തെക്കുറിച്ചും മറ്റുമുള്ള ബോധവത്കരണ ക്ലാസ്സ് സൈക്കോളജിസ്റ്റ് നടത്തുന്നു.

അതിനുശേഷം സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്ക്രീനിംഗ് നടത്തി അതിൽ നിന്നും പെരുമാറ്റ പ്രശ്നങ്ങളും പഠന സംബന്ധമായ ബുദ്ധിമുട്ടുകളും വൈകാരിക പ്രശ്നങ്ങളും ലഹരി വസ്തുക്കളോടുള്ള ആസക്തി (മൊബൈൽ, ടി.വി, കമ്പ്യൂട്ടർ എന്നിവയോടുള്ള ആസക്തി ഉൾപ്പെടെ), ബുദ്ധിവികാസത്തിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സഹായത്തോടെ വിശദമായ കേസ് ടേക്കിംഗ് നടത്തി.

- ഓരോ കുട്ടിയുടെയും മാനസികവും ശാരീരികവുമായ പ്രത്യേകത കണക്കിലെടുത്ത് ഹോമിയോപ്പതി മരുന്നുകൾ നൽകുന്നു.
- കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് നൽകുന്നു.
- പഠന പ്രശ്നങ്ങൾ ഉള്ളവർക്ക് സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന്റെ സഹായത്തോടെ പഠനരീതി സുഗമമാക്കാം.
- Cognitive Behaviour Therapy, Psycho Therapy എന്നിവയിലൂടെ സ്വഭാവ രൂപീകരണം നടത്തും.
- കുട്ടികളുടെ സർഗ്ഗാത്മകത കണ്ടെത്തുന്നു.
- പ്രശ്നങ്ങൾ അലട്ടുന്ന കുട്ടികളെ സഹായിക്കാൻ മാതാപിതാക്കൾക്ക് പരിശീലനം നൽകുന്നു.
- മൂന്ന് മാസങ്ങൾക്കുശേഷം വീണ്ടും കേസ് പഠിച്ച് കുട്ടികളിലെ മാറ്റം അവലോകനം ചെയ്യുന്നു. വീണ്ടും മരുന്നും മറ്റ് കൗൺസിലിംഗും ആവർത്തിക്കുന്നു.

ഇങ്ങനെ ചെയ്യുന്നതിലൂടെ നല്ലൊരു വ്യക്തിത്വം ഓരോ കുട്ടിയിലും ഉണ്ടാക്കിയെടുക്കുന്നു.

5. ഹരിതകം 2018

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണെങ്കിലും ദ്രുതഗതിയിലുള്ള നഗരവത്കരണം കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രധാനമായും കൃഷി ചെയ്യുന്നത് നെല്ലും പച്ചക്കറികളുമാണ്. എന്നാൽ പച്ചക്കറികളുടെ ഉത്പാദനം നാൾക്കുനാൾ കുറഞ്ഞു വരുന്ന കാലത്താണ് ഹരിതകം 2018 പദ്ധതി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. നമ്മുടെ ജൈവ സമ്പുഷ്ടമായ മണ്ണിൽ അമിത രാസകീടനാശിനിയുടെ ഉപയോഗം മൂലം മണ്ണിലെ ജൈവാംശം നാൾക്കുനാൾ കുറഞ്ഞുവരുന്നു. തൻമൂലം മണ്ണിലെ പോഷകഘടനയും നഷ്ടപ്പെടുന്നു. ഇത് ക്രമീകരിക്കാൻ ജൈവവള പ്രയോഗംകൊണ്ടു മാത്രമേ കഴിയുകയുള്ളൂ. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിനെ ജൈവഗ്രാമമാക്കുന്നതിനുള്ള പ്രാരംഭനടപടിയാണ് ഈ പദ്ധതി.

ലക്ഷ്യം

പഞ്ചായത്തിലെ 200 ചെറുകിട നാമമാത്ര കുടുംബങ്ങളിൽ 5 മുതൽ 10 സെന്റ് വരെയുള്ള സ്ഥലത്ത് ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുക.

സാമ്പത്തിക വിശകലനം

200 കുടുംബങ്ങളിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിന് താഴെ പറയുന്ന പ്രകാരം ചെലവ് വരുന്നു.

1. കർമ്മസേനയെ ഉപയോഗിച്ച് തൈകളുടെ ഉത്പാദനം = 200 X 50 തൈകൾ = 10,000 തൈകൾ 10,000 X 2.5 രൂപ = 25000 രൂപ.
2. ജൈവവളം = 1,35,000 രൂപ

ഇത് ക്രമീകരിക്കാൻ ജൈവവളപ്രയോഗം കൊണ്ടു മാത്രമേ കഴിയുകയുള്ളൂ. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിനെ ജൈവഗ്രാമമാക്കുന്നതിനുള്ള പ്രാരംഭനടപടിയാണ് ഹരിതകം 2018.

3. 200 വീടുകളിൽ തൈകൾ തടമെടുത്തു നട്ട് ജൈവവളം ഇട്ട് കൊടുക്കുന്ന ചെലവ് = 200 x 600 = 120,000 രൂപ.
4. വികസന ഫണ്ട് = 2,00,000
ഗുണഭോക്ത വിഹിതം = 6,000

നേട്ടങ്ങൾ

1. പഞ്ചായത്തിലെ 20 ഏക്കർ സ്ഥലത്ത് പച്ചക്കറികൃഷി അധികമായി വ്യാപിപ്പിക്കുന്നു.
2. ജൈവപച്ചക്കറിയുടെ ഉത്പാദനം 20 ടൺ വർദ്ധിപ്പിക്കുന്നു.
3. കർമ്മസേനയുടെ നേതൃത്വത്തിൽ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉത്പാദിപ്പിക്കുവാൻ കഴിയുന്നു.
4. കർമ്മസേനയ്ക്ക് 200 തൊഴിൽ ദിനങ്ങൾ വർദ്ധിക്കുന്നു.
5. വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്നതു മൂലം വിഷാംശമുള്ള പച്ചക്കറികളിൽ നിന്ന് ഉണ്ടാകുന്ന രോഗങ്ങളിൽ നിന്നും പരിരക്ഷ ഉറപ്പാക്കുന്നു.

6. പത്തായപ്പുര (വെയർ ഹൗസ്)

കാർഷിക പ്രാധാന്യമുള്ള ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തുനിന്നും കാർഷികവൃത്തി അന്യം നിന്നുപോകുന്ന അവസ്ഥയിലാണ്. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്, കീടങ്ങളുടെ ആക്രമണം, ജലലഭ്യതക്കുറവ് (ജലസേചനം), കാർഷികവിളകളുടെ വിലസ്ഥിരതയില്ലായ്മ, വിപണന സൗകര്യങ്ങളുടെ അപര്യാപ്തത, ഇടത്തട്ടുകാരുടെ കൊള്ള എന്നിവ കർഷകരുടെ കാർഷികവൃത്തിയോടുള്ള താൽപര്യം ഇല്ലാതാക്കുന്നു. 13-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ പഞ്ചായത്ത് കൃഷിക്കായി പ്രത്യേക ശ്രദ്ധയും ഊന്നലും നൽകുകയും കർഷകർക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കുകയും ചെയ്യുന്നുണ്ട്. 2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് തരിശുഭൂമികൾ ഏറ്റെടുത്ത് കൃഷിചെയ്യുകയും കർഷകർക്ക് പ്രോത്സാഹനം കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇത് വൻവിജയവും ഉണർവ്വും നൽകുന്നതായിരുന്നു.

ലോകം മുഴുവൻ ഈ മാരകപ്രതിഭാസത്തിനെതിരെ ശബ്ദമുയർത്തുന്ന ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തും പരിമിതമായ രീതിയിൽ ഇതിനെതിരെ പൊരുതുവാൻ തയ്യാറാവുകയാണ്.

ചെറുകിടനാമമാത്രകർഷകരെ സഹായിക്കുന്നതിനായി നെല്ല് ഉൽപന്നങ്ങളുടെ ഒരു സംഭരണവിപണനശാല ആരംഭിക്കുന്നതിനായുള്ള പദ്ധതിയാണിത്. നമ്മൾ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഇടനിലക്കാരെയും ലാഭക്കച്ചവടക്കാരെയും ഒഴിവാക്കി യഥാസമയം ന്യായവിലയ്ക്കു സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ബാങ്കുകളുടെയും സഹകരണസംഘങ്ങളുടെയും സഹായത്തിൽ കേന്ദ്രീകൃത സംഭരണവിതരണ കേന്ദ്രം സ്ഥാപിച്ച് കർഷകതാല്പര്യം സംരക്ഷിച്ച്, പഞ്ചായത്തിനെ കാർഷിക സ്വയംപര്യാപ്തമാക്കുന്ന പദ്ധതി (കേന്ദ്രസംസ്ഥാന വെയർഹൗസിംഗ് സ്ഥാപനങ്ങളെപ്പോലെ സംഭരിക്കപ്പെടുന്ന ഉൽപന്നങ്ങൾക്ക് ആനുപാതികമായി ഇടക്കാലസാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള സംവിധാനം ഉൾപ്പെടെ).

7. എന്റെ മരം എന്റെ ധനം (കാർബൺ ബാങ്കിംഗ്)

പ്രകൃതിയുടെ ഏറ്റവും ഭീഷണമായ അവസ്ഥയാണ് ഇന്നു നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന അന്തരീക്ഷവായു മലിനീകരണം. ലോകം മുഴുവൻ ഈ മാരകപ്രതിഭാസത്തിനെതിരെ ശബ്ദമുയർത്തുന്ന ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തും പരിമിതമായ രീതിയിൽ ഇതിനെതിരെ പൊരുതുവാൻ തയ്യാറാവുകയാണ്. അന്തരീക്ഷവായു മലിനീകരണം രൂക്ഷമാകുന്നതിനുള്ള മുഖ്യകാരണം വർദ്ധിച്ചുവരുന്ന വനനശീകരണവും ഭൂമിയുടെ അശാസ്ത്രീയമായ ഉപയോഗവുമാണ്.

ഗ്രാമീണമേഖലയായ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള വൃക്ഷങ്ങളെ സംരക്ഷിക്കാനും ഭൂവുടമകൾക്ക് വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കാതെ തന്നെ അതു നിലനിർത്തിക്കൊണ്ട് അത്യാവശ്യമായ സാമ്പത്തികാവശ്യങ്ങൾ നടത്തുവാനും തക്കരീതിയിൽ ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്.

വീട്ടുപറമ്പിലുള്ള വൃക്ഷങ്ങൾ (തേക്ക്, ഈട്ടി, പ്ലാവ്, മാവ്, മഹാഗണി, ആഞ്ഞിലി) പഞ്ചായത്ത് ഗ്യാരന്റിയോടെ ഉടമസ്ഥർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ പണയം വച്ച് ആവശ്യങ്ങൾ നടത്തുന്നതിനും അതിലേക്കുവരുന്ന പലിശ ആദ്യ ഒരുവർഷം പഞ്ചായത്ത് പൂർണ്ണമായി നൽകുന്നതിനും ഇൻഷ്വർ ചെയ്യുന്നതിനും വ്യക്തികളുടെ

'ആരോഗ്യവും വിദ്യാഭ്യാസവും ഉള്ള പൗരന്മാരാണ് നാടിന്റെ സമ്പത്ത്' എന്ന് മനസ്സിലാക്കി ഗ്രാമപഞ്ചായത്ത് അധികാരികളുടെ കൃത്യമായ ഇടപെടലിലൂടെ ഈ ദുരവസ്ഥകളെല്ലാം പരിഹരിക്കപ്പെട്ടുകയാണ്. അതുതന്നെയാണ് പ്രഭാതഭക്ഷണ പരിപാടിയുടെ പ്രസക്തിയും.

സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്ന മുറയ്ക്ക് പണയവസ്തു തിരിച്ചെടുക്കുന്നതിനും സഹായം ചെയ്യുന്നു.

പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷികകർമ്മസേനയുടെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും പൊതുസ്ഥാപനങ്ങളിലും ഒരു ഫലവൃക്ഷത്തൈയെങ്കിലും സൗജന്യമായി നട്ടു നനച്ചു നൽകി എന്റെ മരം എന്റെ ധനം എന്ന പദ്ധതി ലക്ഷ്യം കൂടുതൽ ജനങ്ങളിലേക്കെത്തിച്ചു.

8. മൈ പഞ്ചായത്ത്

പൂർണ്ണമായും പഞ്ചായത്തിരാജ് നിയമങ്ങൾക്കനുസൃതമായ ഭരണമാണ് ഭരണസമിതി വിവക്ഷിക്കുന്നത്. സുതാര്യവും കാര്യക്ഷമവും ജനകീയവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവ സാധാരണക്കാരിൽ കാലവിളംബരം കൂടാതെ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ജനോപകാരപ്രദമായ ഒരു പദ്ധതിയാണ് 'മൈ പഞ്ചായത്ത്' കൊണ്ട് ലക്ഷ്യമിടുന്നത്. ISO ലഭിച്ച പഞ്ചായത്ത് എന്ന നിലയ്ക്കും ത്വരിതവും കാര്യക്ഷമവും പരാതിരഹിതവും സമഗ്രവുമായ ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ പഞ്ചായത്തും അനുബന്ധസംവിധാനങ്ങളും ഘടകസ്ഥാപനങ്ങളും ഓരോ പൗരന്റെയും വിരൽത്തുമ്പിലേക്കെത്തിക്കാനുള്ള സംവിധാനമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പൂർണ്ണവിവരങ്ങൾ, നടപ്പു പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, ഓൺലൈൻ സംവിധാനങ്ങൾ, വാർഡുകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ഘടകസ്ഥാപനങ്ങൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ, ലഭിക്കാവുന്ന സേവനങ്ങൾ, ആനുകൂല്യങ്ങൾ, പരാതികൾ, പരിഹാരങ്ങൾ എന്നിവയെല്ലാം ഒറ്റക്ലിക്കിൽ വിരൽത്തുമ്പിൽ ലഭിക്കാൻ തക്കവണ്ണം സ്വകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ രൂപപ്പെടുത്തുന്ന 'മൊബൈൽ ആപ്ലിക്കേഷൻ' സംവിധാനമാണ് മൈ പഞ്ചായത്ത്.

9. ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാതഭക്ഷണം

'Breakfast for brain' എന്നാണല്ലോ ഇംഗ്ലീഷ് ഭാഷ്യം. വിദ്യാർത്ഥികൾക്ക് ബുദ്ധി വളരുന്ന പ്രായമാണ് പഠനകാലം. ബുദ്ധിവികാസം പഠനം വഴി സാധ്യമാക്കേണ്ടതാണ്. എന്നാൽ വെറും വയറിൽ സ്കൂളിലെത്താൻ വിധിക്കപ്പെടുന്ന കുട്ടികൾക്ക് ബുദ്ധിവികാസം സാധ്യമാകുന്നതെങ്ങനെ? രാവിലെ ഭക്ഷണം കഴിക്കാതെ സ്കൂളിൽ എത്തുന്ന അനവധി കുട്ടികളെ കാണാനാകും. പലപല കാരണങ്ങളാണെങ്കിലും അത് ക്ലാസിന്റെ മൊത്തത്തിലുള്ള അന്തരീക്ഷത്തെ ബാധിക്കും. പ്രാതൽ കഴിക്കാതെ വരുന്നവരേക്കാൾ കൂടുതലാണ് പ്രാതലായി വെറും മിക്സ്ചർ, കടുൻചായ പോലുള്ള തീരെ കലോറി കുറഞ്ഞ വസ്തുക്കൾ കഴിച്ചുവരുന്നവർ. ഇതിന്റെയും അനന്തരഫലം വിശപ്പും പഠനപ്രശ്നങ്ങളുമാണ്. ഇതെല്ലാം അനുഭവിക്കുന്നത് കൂടുതലും പന്ത്രണ്ടു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളാണ്.

'ആരോഗ്യവും വിദ്യാഭ്യാസവും ഉള്ള പൗരന്മാരാണ് നാടിന്റെ സമ്പത്ത്' എന്ന് മനസ്സിലാക്കി ഗ്രാമപഞ്ചായത്ത് അധികാരികളുടെ കൃത്യമായ ഇടപെടലിലൂടെ ഈ ദുരവസ്ഥകളെല്ലാം പരിഹരിക്കപ്പെടുകയാണ്. അതുതന്നെയാണ് പ്രഭാതഭക്ഷണ പരിപാടിയുടെ പ്രസക്തിയും. □

ലേഖകൻ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496045786

സുസ്ഥിര വികസനത്തിന്റെ കാരശ്ശേരി മാതൃകകൾ

സുസ്ഥിരം–സുജലം–വയോജന സൗഹൃദം–ഷി സ്മൈൽ

വി.കെ. വിനോദ്

കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമങ്ങളിലൊന്നാണ് കാരശ്ശേരി. മുക്കം നഗരസഭയോട് ചേർന്ന് ഇരുവഴിഞ്ഞിപ്പുഴ അതിരിടുന്ന കാരശ്ശേരി സുസ്ഥിര വികസനത്തിന് മുൻതൂക്കം നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. സുസ്ഥിരം, സുജലം, വയോജന സൗഹൃദ പരിപാടികൾ, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക പരിപാടികൾ ഇവ ശ്രദ്ധേയമായവയാണ്.

കാരശ്ശേരി സുസ്ഥിര വികസനത്തിന് മുൻതൂക്കം നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

സുസ്ഥിരം

വിദേശത്തുനിന്നും തിരിച്ചുവരുന്നവർ സ്വയം തൊഴിൽ ചെയ്യാനാഗ്രഹിക്കുന്നു. കുടുംബിനികൾ ഇവർക്കുവേണ്ടി നബാഡ് കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, സഹകരണ ബാങ്കുകൾ എന്നിവയുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് സുസ്ഥിരം. കാരശ്ശേരി പഞ്ചായത്തിൽ ആവശ്യമായ പാൽ, മുട്ട, ഇറച്ചി ഇവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തമാവുക എന്ന ലക്ഷ്യവും ഇതിലുണ്ട്.

നിരവധി കുടുംബങ്ങളാണ് സുസ്ഥിരം പദ്ധതിയുമായി സഹകരിച്ച് മുന്നേറുന്നത്. ഇതിന്റെ ഭാഗമായി ചെറുകിട വ്യവസായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സുസ്ഥിരത്തിന്റെ

ഭാഗമായി 8 വലിയ ഫാമുകളും 63 വ്യക്തിഗത ഫാമുകളും ആരംഭിച്ചിട്ടുണ്ട്. പാലിന്റെ ഉത്പാദനം 3000 ലിറ്റർ ദിനംപ്രതി ഉയർത്താനായത് വലിയൊരു നേട്ടം തന്നെയാണ്. നാടൻ കോഴിമുട്ട ഉത്പാദനം ദിനംപ്രതി 2500 സാധിക്കുന്നുണ്ട്. കൂടാതെ കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. 3.5 കോടി രൂപയാണ് 2018-19 വർഷങ്ങളിലായി ഇതിനു മാറ്റിവച്ചത്. ശുദ്ധജല വിതരണ പദ്ധതി (ലിറ്ററിന് 1 രൂപ വച്ച്) തീർത്ഥം, കുടനിർമാണ യൂണിറ്റ്, ഹോട്ടൽ, സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുത്തി ചെയ്യാനായിട്ടുണ്ട്. 40 പേർക്ക് തൊഴിൽ നൽകുന്ന ഖാദി വസ്ത്ര നിർമാണ യൂണിറ്റ് സ്പോൺസർഷിപ്പിലൂടെ പുനരാരംഭിക്കാനായതും സുസ്ഥിരത്തിന്റെ വിജയം തന്നെയാണ്. അടുത്ത 5 വർഷത്തോടെ നിരവധിപേർക്ക് തൊഴിലും കാരശ്ശേരി പഞ്ചായത്തിലെ മുഴുവൻപേർക്കും സുസ്ഥിര വരുമാനവും ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സുജലം

2016-17 ലെ കടുത്ത വരൾച്ചയിൽ പഞ്ചായത്തിന് കുടിവെള്ള വിതരണത്തിന് ചെലവായത് 13 ലക്ഷം രൂപയാണ്. ഇതിനൊരു ശാശ്വത പരിഹാരത്തിനാണ് സുജലം പദ്ധതി ആരംഭിച്ചത്. ഒറ്റ വർഷം കൊണ്ടുതന്നെ 116 തടയണകൾ, 16 കുളങ്ങൾ, 4000 മഴക്കുഴികൾ. ആ വർഷം തന്നെ ജലലഭ്യതയിൽ വളരെയധികം വർധനവുണ്ടായി. 2018-19 വർഷത്തിൽ എല്ലാ വീടുകളിലും മഴവെള്ളക്കൊയ്ത്ത് പ ദ്ധതിയുമായി

സുജലം മുന്നോട്ടുപോയി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി താല്പര്യമുള്ള വീടുകളിലെല്ലാം കിണർ റീച്ചാർജിങ് സൗജന്യമായി ചെയ്തുകൊണ്ടിരിക്കുന്നു. വിവിധ സംഘടനകളെയും കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ എല്ലാ ഏജൻസികളെയും ഉൾപ്പെടുത്തിയാണ് സുജലം പദ്ധതി നടപ്പിലാക്കിയത്. പ്രാദേശികമായി ജലസംരക്ഷണ സമിതികൾ ഉണ്ടാക്കി. ബോധവൽക്കരണ ക്ലാസുകൾ, വിദ്യാർത്ഥികൾക്കായി ജലസാക്ഷരതാ വർക്കുബുക്കുകൾ തയ്യാറാക്കുകയും വിതരണം നടത്തുകയും ചെയ്തു. ശാസ്ത്രസാഹിത്യപരിഷത്തിന്റെ ജലസംരക്ഷണവുമായി ബന്ധപ്പെട്ട സംസ്ഥാന സെമിനാറിൽ 'സുജലം-ജലസംരക്ഷ

സുസ്ഥിരത്തിന്റെ ഭാഗമായി 8 വലിയ ഫാമുകളും 63 വ്യക്തിഗത ഫാമുകളും ആരംഭിച്ചിട്ടുണ്ട്.

ണത്തിന്റെ കാരശ്ശേരി മാതൃകകൾ' അവതരിപ്പിക്കാൻ ക്ഷണിച്ചതും ഈ പദ്ധതിയുടെ അംഗീകാരമാണ്. എല്ലാ വിദ്യാലയങ്ങൾക്കും ജല ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ബക്കറ്റും മറ്റു ഉപകരണങ്ങളും കൊടുത്തു. മാത്രമല്ല, കുട്ടികൾ കൈ കഴുകുന്ന വെള്ളം ഉപയോഗിച്ച് കൃഷി നടത്തിയതും ഇതിന്റെ വിജയമായി കാണാവുന്നതാണ്. കുറഞ്ഞ കാലം കൊണ്ട് ഒരു ഗ്രാമത്തെ ജലസമൃദ്ധിയിലേക്ക് എത്തിക്കാൻ സാധിച്ചു എന്നതാണ് സുജലത്തിന്റെ വിജയം. 4 തോടുകൾ കയർഭൂവസ്ത്രമിടുകയും ആഴം കൂട്ടി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞതും ഈ പദ്ധതിയുടെ നേട്ടമാണ്.

എല്ലാ വിദ്യാലയങ്ങൾക്കും ജല ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ബക്കറ്റും മറ്റു ഉപകരണങ്ങളും കൊടുത്തു. മാത്രമല്ല, കുട്ടികൾ കൈ കഴുകുന്ന വെള്ളം ഉപയോഗിച്ച് കൃഷി നടത്തിയതും ഇതിന്റെ വിജയമായി കാണാവുന്നതാണ്.

SHE SMILE സ്ത്രീശാക്തീകരണം പദ്ധതി

പഞ്ചായത്തിലെ അറുന്നൂറോളം വരുന്ന പെൺകുട്ടികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം നടത്തിയത് ശ്രദ്ധേയമായ പ്രവർത്തനമായിരുന്നു. ഒന്നാം വർഷം ധനകാര്യ വകുപ്പ് മന്ത്രി തോമസ് ഐസക്കും, രണ്ടാം വർഷം ഗതാഗത മന്ത്രി എ.കെ. ശശീന്ദ്രനും വിതരണോദ്ഘാടനം നിർവഹിച്ചു. പെൺകുട്ടികളിൽ ശാരീരികക്ഷമത വർധിപ്പിക്കാനും ആത്മവിശ്വാസവും ഉൾക്കരുത്തും വർദ്ധിപ്പിച്ചു പൊതു ഇടങ്ങളിൽ പ്രവർത്തിക്കാൻ പെൺകുട്ടികൾക്ക് കരുത്ത് നൽകാനുമാണ് ഈ പദ്ധതിയിലൂടെ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. സ്ത്രീകൾക്ക് സബ്സിഡിയോടെ ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തും സ്ത്രീശാക്തീകരണത്തിന്റെ പുതിയ മുഖം സൃഷ്ടിക്കുകയാണ് പഞ്ചായത്ത്. ടൂവീലർ വിതരണത്തിന് പുതിയ രീതികൾ കണ്ടെത്താനും സ്വയം തൊഴിലുമായി ബന്ധപ്പെടുത്തി ഡ്രൈവിംഗ് ലൈസൻസ് കൊടുക്കാനും പദ്ധതികളുമായാണ് SHE SMILE ഇപ്പോൾ മുന്നോട്ടു പോകുന്നത്.

വയോജന സൗഹൃദ പഞ്ചായത്ത്

ഇന്നലെകളിൽ നാടിന്റെ നിർമാണാത്മക പ്രവർത്തനങ്ങൾക്കായി യുവത്വം ചെലവഴിച്ച കാരശ്ശേരിയിലെ കാരണവന്മാർക്കായി തുടക്കം മുതൽ വയോജനസൗഹൃദ പദ്ധതികൾ ആസൂത്രണം ചെയ്തു. ഒന്നാം വർഷം കോഴിക്കോട് നഗരവും കടലും കാണാത്ത വയോജനങ്ങളുമായി വിനോദയാത്ര നടത്തിയാണ് വയോജന സൗഹൃദ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. രണ്ടാം വർഷം ഡൽഹി യാത്ര. സ്പോൺസർഷിപ്പിലൂടെ പണം കണ്ടെത്തി. പുറംലോകം കാണാത്തവരും കേരളത്തിന് പുറത്ത് പോകാത്തവരും തീവണ്ടിയിൽ കയറാത്തവരും ഉൾപ്പെടുന്ന നൂറുപേരുമായി താജ്മഹലും രാജ്യ തലസ്ഥാനവും എല്ലാം കണ്ട് തിരിച്ചുവന്നു. ഇത് പഞ്ചായത്തിന്റെ ശ്രദ്ധേയമായ ഒരു പ്രവർത്തനമായിരുന്നു. പഞ്ചായത്ത് ഭരണ സമിതിയുടെ മൂന്നാം വാർഷികത്തിന്റെ ഭാഗമായി ലെജൻഡ് ക്ലബ് എന്ന പേരിൽ കാരശ്ശേരിയിലെ കാരണവന്മാർക്ക് ഒരു ഉല്ലാസ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. വിനോദത്തിനും വിരസത അകറ്റാനും തുടങ്ങിയ ക്ലബ്ബ് ചെറിയ വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. വയോജനങ്ങൾക്കായി ഇരുവഴിഞ്ഞി പുഴയുടെ തീരത്ത് ഒരു പാർക്ക് തയ്യാറായിവരുന്നു. വയോജനങ്ങൾക്കായി 'ഹൃദയ സ്പർശം'; ഷുഗർ, കൊളസ്ട്രോൾ, ബ്ലഡ് പ്രഷർ തുടങ്ങിയവ വീട്ടിൽ പോയി പരിശോധിക്കുകയും രക്തസാമ്പിൾ ശേഖരിച്ചു പഞ്ചായത്ത് ലാബിൽ കൊണ്ടുവന്നു പരിശോധിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതുമാണ് ഈ പദ്ധതി. ഇതിനായി സ്പോൺസർഷിപ്പിലൂടെ ലഭിച്ച രണ്ടു ടൂവീലർ ഉപയോഗിച്ചുവരുന്നു. റേഡിയോ, ഊന്നുവടി, കട്ടിൽ തുടങ്ങിയവയും വയോജനങ്ങൾക്ക് വിതരണം നടത്തുന്നതിനായി തയ്യാറായിക്കഴിഞ്ഞു.

ജനോപകാരപ്രദവും വ്യത്യസ്തവുമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള കഠിന പ്രയത്നത്തിലാണ് കാരശ്ശേരി ഗ്രാമപഞ്ചായത്ത്. കാരശ്ശേരി മാതൃകകൾ കേരളത്തിന് പ്രയോജനമാകുന്ന തരത്തിൽ തന്നെ ഉണ്ടാകും. □

ലേഖകൻ കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496048230

മുൻപേ പറക്കുന്ന പക്ഷികൾ

അഡ്വ. ഇ. സിന്ധു

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് ബ്ലോക്കിൽപെടുന്ന ഗ്രാമപഞ്ചായത്താണ് മാറഞ്ചേരി. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നഗരസമാനമായ അവസ്ഥയിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന ഇവിടം മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ ഏകദേശം സംഗമസ്ഥാനത്തു സ്ഥിതിചെയ്യുന്നു.

ചരിത്രപ്രസിദ്ധമായ ബിയ്യം കായലും കുണ്ടുകടവ് പുഴയും അതിർത്തി പങ്കിടുന്നു. ജൈവസമ്പന്നവും പാരിസ്ഥിതിക പ്രാധാന്യവുമുള്ളിടങ്ങളും 300 ഹെക്ടർ കോൾമേഖലയും ഒപ്പം ഇരിപ്പുകൃഷിക്ക് അനുയോജ്യമായ പാടശേഖരങ്ങളും ഉൾക്കൊള്ളുന്നതാണ് പഞ്ചായത്ത്. പൊന്നാനി നഗരസഭയോട് ചേർന്ന ഈ പ്രദേശം ഒരു നഗരത്തിന്റേതായ സ്വഭാവം അതിവേഗം ആർജ്ജിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഭീമമായ മാലിന്യപ്രശ്നങ്ങളും, പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, ഒരു വലിയ ഭീഷണിയായി മാറുന്നു. പാരിസ്ഥിതിക സംരക്ഷണവും കാർഷികമേഖലയെ വീണ്ടെടുക്കലും മാലിന്യസംസ്കരണവും ആരോഗ്യമേഖലയിൽ പൊതുജന ഇടപെടലുകളും സ്ത്രീശാക്തീകരണവും ഒന്നിച്ചു ചേർന്നുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് പഞ്ചായത്ത് ശ്രമിച്ചുവരുന്നത്.

'ആരോഗ്യമുള്ള മാറഞ്ചേരി' എന്ന ലക്ഷ്യം ആണ് പഞ്ചായത്ത് മുന്നോട്ടുവയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നത്. 2014-15 പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച 'അതിജീവനം' എന്ന സമഗ്ര രോഗപ്രതിരോധപദ്ധതി ഏറ്റവും ശ്രദ്ധേയമായതും മാതൃകാപരവുമാണ്. ആദ്യഘട്ടമെന്ന നിലയിൽ സമഗ്ര കാൻസർരോഗ നിയന്ത്രണവും രോഗം നേരത്തെ കണ്ടെത്തി ചികിൽസിക്കുന്നതിനാവശ്യമായ ഇടപെടലും ആണ് നടന്നത്. ഇതിന്റെ ഭാഗമായി 300 ഓളം സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർക്ക് മലബാർ കാൻസർ കെയർ സൊസൈറ്റിയുമായി സഹകരിച്ച് രോഗലക്ഷണങ്ങളെക്കുറിച്ചും രോഗാവസ്ഥ മനസ്സിലാക്കുന്നതിനും വിദഗ്ധ പരിശീലനം നൽകുകയും

'ആരോഗ്യമുള്ള മാറഞ്ചേരി' എന്ന ലക്ഷ്യം ആണ് പഞ്ചായത്ത് മുന്നോട്ടുവയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നത്.

കേരളത്തിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആദ്യത്തെ ഡയാലിസിസ് സെന്റർ ഈ പഞ്ചായത്തിലാണ്. 2014 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

ഈ പരിശീലനം ലഭിച്ചിട്ടുള്ള വളണ്ടിയേഴ്സ് പഞ്ചായത്തിൽ മുഴുവൻ വീടുകളിലും സമ്പൂർണ്ണ ആരോഗ്യസർവ്വേ നടത്തുകയുമുണ്ടായി. രോഗലക്ഷണങ്ങൾ കണ്ടെത്തിയ മുഴുവൻ ആളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്ക്രീനിംഗ് ക്യാമ്പുകളും തുടർന്ന് ആർ.സി.സി.യുമായി വീഡിയോ കോൺഫറൻസ്, റേഡിയോളജി, ലാബ്, എഫ്.എൻ.എ.സി, വയാവിലി തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ക്യാമ്പും നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി സ്ത്രീകൾക്ക് മാത്രമായി ക്യാമ്പുകൾ നടത്തി. ഈ പദ്ധതിയിലൂടെ വലിയ ബഹുജന പങ്കാളിത്തത്തോടെ കാൻസർ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള ഒരു അവബോധനവും ഇടപെടലും നടത്തുന്നതിന് സാധിച്ചു. തുടർന്നുള്ള വർഷങ്ങളിലും ഈ പദ്ധതി നടത്തിവരുന്നു. ഇപ്പോൾ എം.വി.ആർ. കാൻസർ റിസർച്ച് സെന്ററിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമായി 2015 മുതൽ ഒരു ഫിസിയോതെറാപ്പി സെന്റർ നടന്നുവരുന്നു. പൂർണ്ണമായും സൗജന്യമായാണ് ഇവിടെയെത്തുന്ന കുട്ടികൾക്ക് ഫിസിയോതെറാപ്പി നടത്തുന്നത്. മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് വലിയ ആശ്വാസവും പ്രതീക്ഷയുമാണ് ഈ കേന്ദ്രം.

കേരളത്തിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആദ്യത്തെ ഡയാലിസിസ് സെന്റർ ഈ പഞ്ചായത്തിലാണ്. 2014 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 6 മെഷീനുകളുള്ള ഡയാലിസിസ് സെന്ററിൽ രോഗികൾക്കു പൂർണ്ണമായും സൗജന്യമായി ഡയാലിസിസ് നടത്തിവരുന്നു.

പുനർജ്ജനി

പഞ്ചായത്തിലെ പരിസ്ഥിതി പുനഃസ്ഥാപന/ സംരക്ഷണ പദ്ധതിയാണ് പുനർജ്ജനി. കേരളം ഹരിതകേരളത്തെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പേ 2014-ൽ തന്നെ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയുണ്ടായി. ജല സംരക്ഷണത്തിനായി കുളങ്ങൾ നിർമ്മിച്ചുകൊണ്ടാണ് ഇത് തുടങ്ങിയത്. അതോടൊപ്പം തന്നെ നിലവിലുള്ള തോടുകളും കുളങ്ങളും സംരക്ഷിക്കുകയും ചെയ്തുവരുന്നു. 2016 മുതൽ പഞ്ചായത്തിലെ പുഴയോരത്ത് മുളംതൈകൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം തുടങ്ങുകയുണ്ടായി. കഴിഞ്ഞ മൂന്ന് വർഷമായി 15000 ത്തോളം മുളംതൈകൾ കായലോരത്തും തോടുകളുടെ ഓരത്തും വച്ചുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു. ജൈവസംരക്ഷണത്തിന്റ ഭാഗമായി ഉപ്പുവെള്ളമുള്ള പുഴയിൽ 2017 മുതൽ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം നടക്കുന്നു. ഈ പ്രവർത്തനങ്ങൾ സാമൂഹ്യ വനവത്കരണ പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ചാണ് ചെയ്തുവരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 148 പുതിയ കുളങ്ങൾ നിർമ്മിച്ചുകഴിഞ്ഞു. ഇത് 2 സെന്റ് മുതൽ 10 സെന്റ് വരെയുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ്. ഈ പ്രവർത്തനം വലിയ സാമൂഹ്യ ശ്രദ്ധയും ആളുകൾക്കിടയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള മനസ്സും ഉണ്ടാക്കി എന്നതാണ് ഏറ്റവും വലിയ നേട്ടം. ആരും നിർബന്ധിക്കാതെ തന്നെ പുതിയകുളങ്ങൾ ആളുകൾ സ്വയം നിർമ്മിക്കുകയും ചെയ്യുന്നു. ഈ കുളങ്ങൾ മത്സ്യം വളർത്തുന്നതിനും ജലസേചനത്തിനും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് കിലയുടെ സഹകരണത്തോടെ പഠനവും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

സ്ത്രീശാക്തീകരണം

സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ആരോഗ്യ ശാക്തീകരണമാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി ഒട്ടേറെ ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രധാനമായും ഹോട്ടലുകളും കാറ്ററിംഗ് യൂണിറ്റുകളുമാണ് പ്രവർത്തിക്കുന്നത്. നാല് ഹോട്ടൽ, ടെയ്ലറിംഗ് യൂണിറ്റ്, അതിൽ രണ്ട് എസ്‌സി ടെയ്ലറിംഗ് യൂണിറ്റ്, പേപ്പർ ബാഗ്, കുടനിർമ്മാണം എല്ലാം നടന്നു വരുന്നു. 2014- 15 മുതൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കരാട്ടെ പരിശീലനം നല്കുന്നു.

പഞ്ചായത്തിലെ 2000 ത്തോളം പെൺകുട്ടികൾ കരാട്ടെയുടെ പ്രാഥമിക പാഠങ്ങൾ അറിയുന്നവരാണ്. 3 മാസം നീണ്ടുനിൽക്കുന്ന കോഴ്സാണ് നൽകുന്നത്. കഴിഞ്ഞ പദ്ധതിയിലുൾപ്പെടുത്തി കളരിയും യോഗയും സ്ത്രീകളെയും പെൺകുട്ടികളെയും പരിശീലിപ്പിക്കുന്നു. അതിജീവനം പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് മാത്രമായി മാമോഗ്രാം സംവിധാനമടക്കം പഞ്ചായത്തിലെത്തിച്ച് ബ്രസ്റ്റ്/ സർവിക്കൽ കാൻസർ നിർണയ ക്യാമ്പ് നടത്തുന്നു. ഗർഭിണികൾക്കും/ അമ്മമാർക്കും മധുരം മാതൃത്വം എന്ന പദ്ധതിയിലൂടെ ഗർഭകാല പ്രസവകാല പ്രത്യേക പരിചരണത്തിനായി ഡോക്ടറുടെ നിർദ്ദേശപ്രകാരം ആയുർവേദമരുന്നുകൾ നൽകുന്നു. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമബോധവൽക്കരണ ക്ലാസും പരിപാടികളും സംഘടിപ്പിക്കുന്നു.

കാർഷിക മേഖല

കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യമുള്ള പഞ്ചായത്ത് എന്ന രീതിയിൽ തരിശുരഹിത മാറഞ്ചേരി എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. അതിനാവശ്യമായിട്ടുള്ള മുഴുവൻ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കികൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊന്നാനി കോൾപടവ് അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന മുല്ലമാട് ബണ്ടിന്റെ പൂർത്തീകരണത്തോടുകൂടി പഞ്ചായത്തിലെ മുഴുവൻ കാർഷികമേഖലയും വരുംവർഷം കൃഷിചെയ്യാൻ കഴിയുന്ന തരത്തിലേക്ക് മാറിയിട്ടുണ്ട്. ഈ വർഷം തന്നെ 200 ഹെക്ടർ കൃഷിചെയ്യാൻ സാധിച്ചു. ജൈവകൃഷിക്ക് പ്രാധാന്യം നൽകിവരുന്നു. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നാടൻ നെൽവിത്തിന്റെയും നാടൻ കിഴങ്ങ് വർഗ്ഗങ്ങളുടെയും സംരക്ഷണം പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. അതോടൊപ്പം തന്നെ ഔഷധകൃഷി, മഞ്ഞൾകൃഷി പോലെയുള്ള പദ്ധതികളും ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ ചെയ്യുന്നു. ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്വന്തം അരിയും മഞ്ഞൾപൊടിയും പൊതുമാർക്കറ്റിൽ എത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യോത്പന്ന നിർമ്മാണ വിപണന യൂണിറ്റ് ആരംഭിക്കുന്നു. ജൈവവൈവിധ്യ ബോർഡിന്റെ മാതൃകാ ബി.എം.സി യായി തിരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച തുക കൊണ്ട് ഒരു ജൈവവൈവിധ്യ പാർക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

മാലിന്യസംസ്ക്കരണം

ഒരു പ്ലാസ്റ്റിക്ക് കാരിബാഗ് റീസൈക്ലിംഗ് യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ 4 പേർ ജോലി ചെയ്തുവരുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന 38 ഹരിതകർമ്മസേന അംഗങ്ങൾ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് കാരി ബാഗുകൾ ശേഖരിച്ച് യൂണിറ്റിൽ എത്തിക്കുന്നു. അതുവഴി കഴിഞ്ഞ ഒന്നര വർഷമായി പഞ്ചായത്ത് പരിധിയിലുണ്ടാവുന്ന ടൺ കണക്കിനു പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കുന്നതിന് സാധ്യമായിട്ടുണ്ട്. ഹരിതകർമ്മസേന മുഖേന വീടുകളിൽ നിന്നും 30 രൂപ വീതവും കടകളിൽ നിന്നും 50 രൂപ വീതവും പിരിച്ച് പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നു. കൂടാതെ യൂണിറ്റിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് പെല്ലറ്റ് പ്ലാസ്റ്റിക് ഉപകരണ നിർമ്മാണ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് സ്ഥാപനങ്ങൾ കിലോഗ്രാമിന് 28 രൂപ നിരക്കിൽ വാങ്ങുന്നതിന് തയ്യാറായി മുന്നോട്ടു വരുന്നുണ്ട്. ഈ തുക വിനിയോഗിച്ച് സ്ഥാപനത്തിലെ ജോലിക്കാർക്കും ഹരിതകർമ്മസേനാംഗങ്ങൾക്കും ശമ്പളം നൽകിവരുന്നു. അങ്ങനെ സർക്കാരിന്റെ യാതൊരു ധനസഹായവുമില്ലാതെ പ്രസ്തുത സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് സാധിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് 500 പേർക്ക് സദ്യ നടത്തുന്നതിനാവശ്യമായ സ്റ്റീൽപാത്രങ്ങൾ ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാങ്ങി നൽകിയിട്ടുണ്ട്. അത് വാടകയ്ക്ക് നൽകി വരുമാനം കണ്ടെത്താനുള്ള സാഹചര്യവും പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. സുസംഘടിതമായ ഹരിതസേനാ പ്രവർത്തനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തുന്നു. ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ മാലിന്യസംസ്ക്കരണം സാധ്യമാക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ഘടക സ്ഥാപനങ്ങളിലും ബയോഗ്യാസ്, ബയോബിൻ,

2014- 15 മുതൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കരാട്ടെ പരിശീലനം നല്കുന്നു. പഞ്ചായത്തിലെ 2000 ത്തോളം പെൺകുട്ടികൾ കരാട്ടെയുടെ പ്രാഥമിക പാഠങ്ങൾ അറിയുന്നവരാണ്. 3 മാസം നീണ്ടു നിൽക്കുന്ന കോഴ്സാണ് നൽകുന്നത്.

നിയമസഹായ കേന്ദ്രത്തിനും ജൈവവൈവിധ്യ കമ്മിറ്റിക്കും ആവശ്യമായ സജ്ജീകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സിവിൽ കേസുകളെ കഴിയുന്നത്ര ലഘൂകരിക്കുന്നതിനായി ഒരു തർക്കപരിഹാര കമ്മിറ്റി കൃത്യമായ ഇടവേളകളിൽ ചേരാറുണ്ട്. ഇതിലൂടെ വർഷങ്ങളോളം പഴക്കമുള്ള ഒട്ടേറെ സിവിൽ വ്യവഹാരങ്ങൾ പരിഹരിച്ച് വരുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള പ്രത്യേക സബ്കമ്മിറ്റിയാണ്. അഭിഭാഷക എന്ന രീതിയിലുള്ള അനുഭവവും പരിചയവും ഈ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാണ്.

സമസ്ത മേഖലകളിലും ഒരുപോലെ വളർച്ച എത്തിക്കുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ ധാരാളം പുരസ്ക്കാരങ്ങൾ നേടാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം ദേശീയ പുരസ്കാരമായ ദീനദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് ശശാക്തീകരൺ പുരസ്കാർ, അതിനു മുൻവർഷം ജില്ലയിലെ സ്വരാജ് ട്രോഫി, ജൈവവൈവിധ്യ ബോർഡിന്റെ മോഡൽ ബി.എം.സി തുടങ്ങിയ നേട്ടങ്ങൾ സ്വന്തമാക്കാനും 2017-18 കാലയളവിൽ നികുതി പിരിവ്, പദ്ധതി വിനിയോഗം എന്നിവ 100% ആർജ്ജിച്ചുകൊണ്ട് ആ രംഗത്തും മികച്ച പ്രകടനം കാഴ്ചവയ്ക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളെല്ലാം സാധ്യമായത് അർപ്പണ മനോഭാവവും സന്നദ്ധതയുമുള്ള ഉദ്യോഗസ്ഥ സംവിധാനവും ഏത് പുതിയ ആശയവും ചട്ടക്കൂടുകൾക്കപ്പുറത്തു നിന്ന് പദ്ധതികളായി ഏറ്റെടുക്കുവാനുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സന്നദ്ധതയും രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളെല്ലാം മാറ്റിവച്ച് പഞ്ചായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ഭരണസമിതിയുടെ നേതൃത്വവുമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് (CPM), വൈസ് പ്രസിഡന്റ് (CPM), വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (Congress), ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (NCP), ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (IUML), കൂടാതെ 2 ബി.ജെ.പി മെമ്പർമാരും ഉള്ളതാണ് ഭരണസമിതി. ഇവരുടെയെല്ലാം രാഷ്ട്രീയത്തിനുപരിയായുള്ള കൂടിച്ചേരലിലൂടെ പുതിയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട്, ഭിന്നശേഷിക്കാരുടെയും വൃദ്ധരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണം സാധ്യമാകുന്ന തരത്തിലുള്ള പുതിയ പല പദ്ധതികളും ഏറ്റെടുത്തുകൊണ്ട്, എല്ലാ അർത്ഥത്തിലും ആരോഗ്യമുള്ള മാറഞ്ചേരി എന്ന ലക്ഷ്യം കൈവരിക്കുവാനുള്ള ശ്രമവുമായി മുന്നോട്ടു പോവുന്നു. ☐

സമ്പൂർണ്ണ മാലിന്യ സംസ്ക്കരണം സാധ്യമാക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ഘടക സ്ഥാപനങ്ങളിലും ബയോഗ്യാസ്, ബയോബിൻ, എയറോബിക് കംപോസ്റ്റ് തുടങ്ങിയ ശാസ്ത്രീയ മാലിന്യ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്

എയറോബിക് കംപോസ്റ്റ് തുടങ്ങിയ ശാസ്ത്രീയ മാലിന്യ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗാർഹിക ഉണഭോക്താക്കൾക്കായി ബയോഗ്യാസ് പ്ലാന്റുകൾ, പൈപ്പ് കമ്പോസ്റ്റുകൾ, ബയോബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി ജനങ്ങൾക്ക് ഗാർഹികമായി ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഒരു ദിശാബോധം നൽകുന്നതിന് സാധിച്ചു. നഗരസദൃശതയിലേക്ക് അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തിന് അനുയോജ്യമായ രീതിയിൽ തന്നെ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം, പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്ന തിനും സാധിക്കുന്നു.

ഓഫീസ് മാനേജ്മെന്റ്

ഒരു ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുക എന്നത് ഇന്നൊരു പുതുമയുള്ള കാര്യമല്ല. എന്നാൽ ഏകദേശം 4 വർഷങ്ങൾക്കു മുൻപു തന്നെ ഗ്രാമപഞ്ചായത്ത് ഈ നേട്ടം സ്വന്തമാക്കിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ആധുനിക ഗ്രാമപഞ്ചായത്ത് ഓഫീസിന് ചേർന്ന എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ 4 നില കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ന്യൂജനറേഷൻ സ്വകാര്യ സ്ഥാപനങ്ങളെ അതിശയിപ്പിക്കുന്ന തരത്തിലുള്ള മട്ടും ഭാവവും ഇതിനുണ്ട്. മറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും വ്യത്യസ്തമായി

ലേഖിക മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496047974

ജനകീയം

നൂൽപ്പുഴയിലെ ജനകീയ ഇടപെടലുകൾ

കെ. ശോഭൻകുമാർ

വയനാട് ജില്ലയിൽ ഭൂമിശാസ്ത്രപരമായും ചരിത്രപരവുമായ ഒട്ടേറെ പ്രത്യേകതകളുള്ള ഒരു ഗ്രാമപഞ്ചായത്താണ് നൂൽപ്പുഴ. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഏക പഞ്ചായത്തായ നൂൽപ്പുഴ ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റി നിർത്തപ്പെട്ട ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിക കൂടിയാണ്. 1968 സെപ്റ്റംബർ 2 ന് രൂപീകൃതമായ പഞ്ചായത്തിന്റെ വിസ്തീർണ്ണം 242.97 ച.കി.മീ ആണ്. വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗവും വനപ്രദേശമാണ്. മുത്തങ്ങ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്. ആകെ ജനസംഖ്യയുടെ 40 ശതമാനത്തോളം ഗോത്രവർഗ്ഗ വിഭാഗങ്ങളാണ്. പണിയൻ, കുറുമൻ, കാട്ടുനായ്ക്കൻ, ഊരാളി (വേട്ടക്കുറുമൻ) എന്നീ വിഭാഗങ്ങളാണ് പ്രധാനമായും ഇവിടെ അധിവസിക്കുന്നത് .

തികച്ചും ഗ്രാമീണ പശ്ചാത്തലമുള്ള ഉൾനാടൻ ഗ്രാമങ്ങൾ കൂടിചേർന്ന ഇവിടുത്തെ മഹാ ഭൂരിപക്ഷവും ഉപജീവനമാർഗ്ഗമായി കാർഷികവൃത്തിയാണ് സ്വീകരിച്ചിട്ടുള്ളത്. 40 ശതമാനത്തോളം വരുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, കർഷക തൊഴിലാളികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഗ്രാമീണ ജനതയുടെ ജീവിത നിലവാരത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിലൂടെ മാത്രമെ ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് അർത്ഥമുണ്ടാവുകയുള്ളു എന്ന ബോധ്യത്തിലാണ് 13 -ാം പഞ്ചവത്സര പദ്ധതി ജനകീയം എന്ന പേരിൽ സമഗ്ര വികസന പരിപാടിയായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചത്.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലകളായ സുതാര്യത, പങ്കാളിത്തം, സാമൂഹ്യ നീതി, നഷ്ടോത്തരവാദിത്തം എന്നിവ ഉറപ്പ് വരുത്തിയാണ് സമഗ്ര വികസന പദ്ധതിക്ക് രൂപം നൽകിയത്. വിപുലമായ ജനപങ്കാളിത്തത്തോടുകൂടി നടത്തപ്പെട്ട ഗ്രാമസഭ, വികസന സെമിനാർ, വിദഗ്ധരുമായുള്ള ചർച്ചകൾ മുതലായവയിലൂടെ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളാണ് നൂൽപ്പുഴയുടെ മാതൃകാ പദ്ധതികളിൽ ഓരോന്നും. ഓരോ പദ്ധതിയിലും സംയോജന സാദ്ധ്യതകൾ പരമാവധി ഉറപ്പ് വരുത്തുകയും പങ്കാളിത്തം സാദ്ധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളിൽ മികച്ചതല്ലാത്ത ഗ്രാമീണ പശ്ചാത്തലവും മികവിന്റെ അപര്യാപ്തതയും മൂലം പ്രയാസപ്പെടുന്ന നിരാലംബരായ ജനതയാണ് ജനകീയം പദ്ധതിക്ക് രൂപം കൊടുക്കുന്നതിൽ പഞ്ചായത്തിന് പ്രേരകമായിട്ടുള്ളത്.

ആതുരസേവനത്തിന്റെ ആരോഗ്യമാതൃക

ഏറ്റവും പ്രാധാന്യത്തോടുകൂടി ഏറ്റെടുക്കേണ്ട മേഖല ആരോഗ്യരംഗമാണെന്ന തിരിച്ചറിവിലാണ് നൂൽപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ആധുനീകരിക്കുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചത്. പട്ടികവർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സാധാരണക്കാരായ ആളുകൾക്ക് ആധുനിക സൗകര്യ

> ഗ്രാമീണ ജനതയുടെ ജീവിത നിലവാരത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിലൂടെ മാത്രമെ ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് അർത്ഥമുണ്ടാവുകയുള്ളു എന്ന ബോധ്യത്തിലാണ് 13 -ാം പഞ്ചവത്സര പദ്ധതി ജനകീയം എന്ന പേരിൽ സമഗ്ര വികസന പരിപാടിയായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചത്.

ഈ പാഠത്തിനുള്ള അംഗീകാരമാണ് ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമിക ആരോഗ്യ കേന്ദ്രമായി 98 ശതമാനം മാർക്കോടെ നേടിയ NQAS അംഗീകാരം.

ങ്ങളുള്ള ഒരു കേന്ദ്രം ഉണ്ടാവുക എന്നതായിരുന്നു ലക്ഷ്യം. 1973 ൽ ഡിസ്പെൻസറിയായി തുടക്കം കുറിച്ച ഈ ആരോഗ്യ കേന്ദ്രം 2017 ലാണ് ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ചത്. കുറഞ്ഞ കാലത്തിനുള്ളിൽ ഒരു സ്ഥാപനത്തെ എങ്ങനെ മികച്ച രീതിയിൽ മാറ്റിയെടുക്കാനാകും എന്നതായിരുന്നു ഞങ്ങളുടെ ആലോചന. നേട്ടങ്ങൾ സ്വന്തമാക്കാൻ പരിമിതികൾ തടസ്സമല്ലെന്നും അർപ്പണ മനോഭാവവും കൂട്ടായ്മയും ഉറപ്പ് വരുത്തിയുള്ള മുന്നേറ്റം ഏത് തടസ്സങ്ങളെയും മറി കടക്കാൻ പര്യാപ്തമാണെന്നും അനുഭവങ്ങൾ ഞങ്ങളെ പഠിപ്പിച്ചു. ഈ പാഠത്തിനുള്ള അംഗീകാരമാണ് ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമിക ആരോഗ്യ കേന്ദ്രമായി 98 ശതമാനം മാർക്കോടെ നേടിയ NQAS അംഗീകാരം. 3 സാമ്പത്തിക വർഷങ്ങളിലായി 1.8 കോടി രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ആശുപത്രിക്കുവേണ്ടി ചെലവഴിച്ചത്. ആർദ്രം മിഷന്റെ ഭാഗമായി 11 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

സവിശേഷതകൾ

- പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത സംവിധാനമാണ് ഇവിടുള്ളത്. രജിസ്ട്രേഷൻ കൗണ്ടർ, എൽ.ഇ.ഡി ടോക്കൻ സിസ്റ്റം, രോഗികൾക്കും കൂടെയെത്തിയവർക്കും ഇരിക്കാനുള്ള സൗകര്യങ്ങൾ മുതലായവ ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.
- സംസ്ഥാനത്താദ്യമായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. ആരോഗ്യ കേന്ദ്രത്തിലെത്തുന്ന രോഗിയുടെ ആരോഗ്യ വിവരങ്ങൾ ആദ്യം രേഖപ്പെടുത്തും. തുടർന്നാണ് ഡോക്ടറുടെ സമീപമെത്തുന്നത്. രോഗിയെത്തുമ്പോൾ തന്നെ ഡോക്ടർക്ക് കമ്പ്യൂട്ടർ സംവിധാനം വഴി ആരോഗ്യ വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാനാകും.
- ബാർകോഡുള്ള ഒ.പി ടിക്കറ്റാണ് നൽകുന്നത്. ഫാർമസിയിലേക്കും ലാബിലേക്കും എല്ലാമുള്ള ഡോക്ടറുടെ കുറിപ്പ് പോകുന്നതും ഓൺലൈൻ വഴിയാണ്. ഓരോ രോഗിക്കും പ്രത്യേകം കാർഡ് നൽകുന്നുണ്ട്. അടുത്ത തവണ ഡോക്ടറെ കാണാൻ വരുമ്പോൾ രോഗവിവരങ്ങൾ ആവർത്തിച്ച് പറയാതെ തന്നെ ഡോക്ടർക്ക് തിരിച്ചറിയാൻ ഇതുകൊണ്ട് സാധിക്കും.
- ടെലി മെഡിസിൻ സംവിധാനം ഇവിടെയുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഓൺലൈൻ കൺസൾട്ടേഷൻ ഇതുവഴി സാദ്ധ്യമാകുന്നു.
- എല്ലാ മാസവും ഒമ്പതാം തീയ്യതി പട്ടികവർഗ്ഗ ഗർഭിണികൾക്കായി പ്രത്യേക ഒ.പി. നടത്തുന്നു. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. മുറ്റവും പരിസരവും ചെടികളും പുല്ലും പിടിപ്പിച്ച് മനോഹരമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.
- ആശുപത്രിക്ക് സമീപം കുട്ടികൾക്കായി പാർക്ക് ഒരുക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന കുഞ്ഞുങ്ങൾക്കും സമീപത്തുള്ള കുഞ്ഞുങ്ങൾക്കുമെല്ലാം മാനസിക ഉല്ലാസത്തിന് ഈ പാർക്ക് സഹായിക്കുന്നു.
- ശീതീകരിച്ച ഫാർമസി, കമ്പ്യൂട്ടറൈസ്ഡ് ലാബ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്.
- ആധുനിക രീതിയിൽ സജ്ജീകരിച്ച കർട്ടൻ ഉപയോഗിച്ച് വേർതിരിച്ച വാർഡ്.
- സ്ത്രീ സൗഹൃദ ഷീ ടോയ്‌ലറ്റ് സ്ഥാപിച്ചിട്ടുണ്ട്.
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലേബർ റൂമുകൾ പതിവില്ലാത്തതാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രത്യേക അവസ്ഥ പരിഗണിച്ച് 5 ലക്ഷം രൂപ മുടക്കി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയ വളരെ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ള ലേബർ റൂം സജ്ജീകരിച്ചിട്ടുണ്ട്.
- വയോജനങ്ങൾക്കും മറ്റ് ശാരീരിക അവശതകളുള്ളവർക്കും ആരോഗ്യ കേന്ദത്തിൽ നിന്ന് ബസ് സ്റ്റോപ്പ് വരെ പോകുന്നതിനും വരുന്നതിനുമായി ഇലക്ട്രിക് ഓട്ടോറിക്ഷാ സജ്ജമാക്കിയിട്ടുണ്ട്.
- പ്രസവമടുക്കുന്ന ഗോത്രവർഗ്ഗ വനിതകളെ താമസിപ്പിച്ച് അവർക്ക് വേണ്ട പരിചരണങ്ങൾ നൽകുന്നതിനായി 2 കുടുംബങ്ങൾക്ക്

താമസിക്കാൻ സൗകര്യമുള്ള പ്രതീക്ഷാലയം പദ്ധതി അവസാന ഘട്ടത്തിലാണ്. പ്രസവ തീയ്യതിക്ക് ഒരാഴ്ച മുമ്പ് കോളനികളിലെത്തി ഗർഭിണികളെയും കൂട്ടിരിപ്പിനുള്ള ബന്ധുക്കളെയും കൊണ്ട് വന്ന് പ്രസവമടുക്കുമ്പോൾ കൂടുതൽ സൗകര്യമുള്ള അടുത്തുള്ള ആശുപത്രിയിലേക്ക് ആംബുലൻസിൽ എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൺമണി നൂതന വിദ്യാഭ്യാസ പദ്ധതി

പഞ്ചായത്തിലെ ജനസംഖ്യയിലെ 40 ശതമാനത്തോളം ഗോത്രവർഗ്ഗ വിഭാഗങ്ങളാണ്. ഇവരിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പണിയൻ, കാട്ടുനായ്ക്കൻ, ഊരാളി വിഭാഗങ്ങളിൽപ്പെടുന്ന 53 കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി അവരെ ഉയർത്തിക്കൊണ്ട് വരുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സാമൂഹികമായും സാമ്പത്തികമായും ആരോഗ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഇവരെ വിദ്യാഭ്യാസം നൽകി മാത്രമെ മുന്നോട്ട് നയിക്കാനാകു എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പദ്ധതി രൂപ കൊണ്ടത്. മേഖലയിൽ നിലനിൽക്കുന്ന വിഷയങ്ങളുടെ സാമൂഹികവും വൈകാരികവുമായ തലങ്ങൾ തിരിച്ചറിഞ്ഞുള്ള പരിഹാരത്തിനാണ് ശ്രമിക്കുന്നത്. അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ് പിന്തുണ നൽകുന്നത്.

സവിശേഷതകൾ

- സോഷ്യോ ഇമോഷണൽ ലേണിംഗ് (സാമൂഹിക വൈകാരിക പഠനം) രീതിയാണ് അവലംബിക്കുന്നത്.
- 14 കുട്ടികൾക്ക് ഒരാൾ എന്ന ക്രമത്തിൽ വിദഗ്ധ പരിശീലനം ലഭിച്ച ഫെസിലിറ്റേറ്റർമാർ
- പങ്കാളിത്ത പഠന പ്രക്രിയ
- ഓരോ കുട്ടിയുടേയും പ്രത്യേകതകൾ തിരിച്ചറിഞ്ഞ് കൊണ്ടുള്ള പഠന രീതി
- ഓരോ പഠിതാവിന്റെയും വീട് സന്ദർശിക്കുകയും ലൊക്കേഷൻ മാപ്പ് ചെയ്യുകയും ജീവിത നിലവാരം തിരിച്ചറിഞ്ഞ് നിലവിൽ നിലനിൽക്കുന്ന പഠന പ്രശ്നങ്ങൾ മനസിലാക്കി പരിഹരിക്കുകയും ചെയ്യുന്നു.
- ഓരോ ആഴ്ചയിലും കുട്ടിയുടെ രക്ഷിതാക്കളുമായി ഫോണിൽ ബന്ധപ്പെടുകയും കുട്ടിയുടെ അക്കാദമിക്, സാമൂഹ്യ, ആരോഗ്യ, വൈകാരിക പ്രശ്നങ്ങളും പുരോഗതികളും ചർച്ച ചെയ്യുകയും ചെയ്യുന്നു.
- ഓരോ കുട്ടിയുടെയും പ്രശ്നങ്ങളും പുരോഗതിയും ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും തിരിച്ചറിയുന്നതിനുമായി എല്ലാ മാസവും രക്ഷാകർതൃ യോഗങ്ങൾ നടത്തുന്നു.
- കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് സ്ക്രീനിംഗ് ടെസ്റ്റ് നടത്തുകയും ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികളെ സെലക്ട് ചെയ്യുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചത്.
- പൊതു സ്വകാര്യ പങ്കാളിത്തം.
- കൃത്യതയുള്ളതും പരിപൂർണ്ണവുമായ ഡോക്യുമെന്റേഷൻ.

വയോജനങ്ങൾക്കും മറ്റ് ശാരീരിക അവശതകളുള്ളവർക്കും ആരോഗ്യ കേന്ദ്രത്തിൽ നിന്ന് ബസ് സ്റ്റോപ്പ് വരെ പോകുന്നതിനും വരുന്നതിനുമായി ഇലക്ട്രിക് ഓട്ടോറിക്ഷാ സജ്ജമാക്കിയിട്ടുണ്ട്.

- ഓരോ കുട്ടിയെയും വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യ പരിശോധന നടത്തുകയും രക്തക്കുറവ്, പോഷകാഹാര ക്കുറവ്, മറ്റ് രോഗങ്ങൾ മുതലായവ കണ്ടെ ത്തിയത് പരിഹരിക്കുന്നതിനുള്ള ഇടപെട ലുകൾ നടത്തുകയും ചെയ്തു.
- ഓരോ കുട്ടിയുടെയും ഹെൽത്ത് കാർഡ് തയ്യാറാക്കുകയും ആരോഗ്യം സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിന് അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കുന്ന ഗ്രോത്ത് ചാർട്ട് തയ്യാറാക്കി നിരന്തരം മോണിറ്ററിംഗിന് വിധേയമാക്കുകയും ചെയ്യുന്നു.
- കുട്ടികളിൽ ഭാഷാ പുരോഗതി, താത്വിക ചിന്തയും ന്യായവാദ കഴിവുകളും, വിഭിന്ന ചിന്താപ്രാപ്തി, ഒത്തൊരുമിച്ചുള്ള പ്രവർ ത്തനം എന്നിവയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു.
- സ്കൂളിൽ പോകാൻ വൈമുഖ്യം കാണിച്ചി രുന്ന കുട്ടികൾ പഠന പുരോഗതിയുടെ ഭാഗമായി തുടർച്ചയായി സ്കൂളിലെത്തുന്ന അവസ്ഥയുണ്ടായി.

- കുട്ടിയുടെ സാമൂഹ്യ, കുടുംബ, ആരോഗ്യ വൈകാരിക പശ്ചാത്തലങ്ങൾ പരിഗണിച്ചു കൊണ്ടുള്ള സമീപനം.
- കുട്ടിയുടെ പ്രത്യേകതകളും പ്രശ്നങ്ങളും പുരോഗതിയും ഓരോ ദിവസവും മോണിറ്റർ ചെയ്യുന്നു.
- ഡാറ്റാ അടിസ്ഥാനമാക്കിയുള്ള വിശകലന ങ്ങളും വിലയിരുത്തലുകളും നടത്തുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.
- ഓരോ കുട്ടിയുടെയും ആരോഗ്യം, വീട്ടിലെ സാഹചര്യം, വൈകാരിക വിഷയങ്ങൾ മുതലായ ഓരോ കാര്യങ്ങളും തിരിച്ചറിയുക യും നിലവിലെ അവസ്ഥ മറികടക്കുന്നതിനു ള്ള പിന്തുണ നൽകുകയും ചെയ്യുന്നു.

നേട്ടം

- നൂൽപ്പുഴയുടെ ചരിത്രത്തിലാദ്യമായി പണിയ, കാട്ടുനായ്ക്ക വിഭാഗങ്ങളിൽപ്പെട്ട 22 കുട്ടികൾ സൈനിക സ്കൂൾ അഖിലേന്ത്യാ പ്രവേശന പരീക്ഷ എഴുതാൻ പ്രാപ്തരാവുകയും എഴുതുകയും ചെയ്തു.
- ഭാഷാ, ഗണിതം, ശാസ്ത്രം തുടങ്ങിയ വിഷയ ങ്ങളിൽ അടിസ്ഥാന അറിവ് കുട്ടികൾക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞു.
- കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷി താക്കൾ മുൻകാലങ്ങളിൽ നിന്ന് വിഭിന്ന മായി പ്രകടമായി ഇടപെടാൻ തുടങ്ങി.
- ഭാവിയെ സംബന്ധിച്ചും ഭാവി വിദ്യാഭ്യാസ ത്തെ സംബന്ധിച്ചും ധാരണയും സ്വപ്നങ്ങളും ഉണ്ടാകുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾ ക്കും സാധ്യമായി.

നൂൽപ്പുഴയുടെ ചരിത്രത്തിലാദ്യമായി പണിയ, കാട്ടുനായ്ക്ക വിഭാഗങ്ങളിൽപ്പെട്ട 22 കുട്ടികൾ സൈനിക സ്കൂൾ അഖിലേന്ത്യാ പ്രവേശന പരീക്ഷ എഴുതാൻ പ്രാപ്തരാവുകയും എഴുതുകയും ചെയ്തു.

പാലൊളി പദ്ധതി – ക്ഷീരമേഖലയ്ക്ക് ഒരു കൈത്താങ്ങ്

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഗ്രാമീണ പശ്ചാത്തലം അടിസ്ഥാനപ്പെടുത്തിയും പ്രകൃതി സൗഹൃദ വികസന കാഴ്ചപ്പാട് മുൻനിർത്തിയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പഞ്ചാ യത്തിന്റെ തന്നെ പദ്ധതികളുമായും വിവിധ വകുപ്പുകളുമായും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതിയാണ് 'പാലൊളി' (Poverty Alleviation and Livelihood Empowerment On Livestock Intervention). അനുകൂലമായ കാലാവസ്ഥ കൊണ്ടും ഭൂപ്രകൃതി കൊണ്ടും മൃഗ സംരക്ഷണ മേഖലയ്ക്ക് അനുയോജ്യമായ പഞ്ചാ യത്താണ് നൂൽപ്പുഴ. അതുകൊണ്ട് തന്നെ പഞ്ചാ യത്തിലെ ഭൂരിഭാഗം ജനങ്ങളും പ്രധാനമായും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. 192 ചതുരശ്ര കിലോമീറ്റർ വന വിസ്തൃതിയുള്ള പഞ്ചായത്തിന്റെ മുഴുവൻ ഗ്രാമങ്ങളും വനപ്രദേ ശത്തോട് ചേർന്ന് നിൽക്കുന്നവയാണ്. അതിനാൽ തന്നെ വന്യമൃഗശല്യം ഏറ്റവും ഭീകരമായ അളവിൽ അനുഭവപ്പെടുന്ന പഞ്ചായ ത്താണ് നൂൽപ്പുഴ. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ ഒട്ടനവധി പ്രതികൂലസാഹചര്യങ്ങൾ തരണം ചെയ്ത് കാർഷിക വൃത്തി ഏറ്റെടുത്ത നൂൽപ്പു ഴയിലെ കർഷകർ, അവരുടെ കഠിനാധ്വാനത്തിൽ വിളയിച്ചെടുത്ത വിളകൾ വന്യമൃഗങ്ങളുടെ ഭക്ഷ ണമായി മാറുന്ന നിസ്സഹായതയിൽ മനം മടുത്ത് കാർഷിക മേഖലയിൽ നിന്ന് പിൻതിരിയുന്ന

അവസ്ഥയിലാണ്. ഇവിടെയാണ് ഭാവനാപൂർണ്ണമായ ആസൂത്രണത്തിലൂടെ, മുഴുവൻ സംയോജന സാധ്യതകളും ഉപയോഗപ്പെടുത്തി പാലൊളി പദ്ധതിയ്ക്ക് പഞ്ചായത്ത് രൂപം നൽകിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പണം ഉപയോഗിച്ച് സ്ഥായിയായ ആസ്തി സൃഷ്ടിക്കുകയും അത് ഗ്രാമീണ, ദുർബ്ബല ജനവിഭാഗത്തിന് വരുമാനദായകമായ മികച്ച ജീവിതോപാധി ആക്കി മാറ്റുകയും ചെയ്യുന്ന തരത്തിൽ, അവരുടെ സാമ്പത്തികവും ആരോഗ്യപരവും സാമൂഹ്യ-ശുചിത്വപരവുമായ ഉന്നമനം പാലൊളി പദ്ധതി ലക്ഷ്യമിടുന്നു.തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മികച്ച സൗകര്യങ്ങളുള്ള തൊഴുത്ത് നിർമ്മിക്കുകയാണ് പദ്ധതിയുടെ ആദ്യ പടി. നിലവിൽ പഞ്ചായത്തിൽ 80 തൊഴുത്തുകൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. മൃഗ സംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി മികച്ച ഇനം കറവപ്പശുക്കളെ വാങ്ങി നൽകുന്നതോടെ ഇത് തീറ്റപ്പുല്ലിന്റെ ആവശ്യകത വർദ്ധിപ്പിക്കും. കൂടുതൽ കുടുംബങ്ങളെ പദ്ധതിയിൽ അംഗമാക്കാൻ സാധിക്കും. പഞ്ചായത്തിന്റെ വെറ്ററിനറി ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ പരിപാലന ചികിത്സാ സഹായങ്ങൾ നൽകുന്നതോടെ പരിമിതിയെ നേട്ടമാക്കി മാറ്റിക്കൊണ്ട് മാതൃക സൃഷ്ടിക്കാൻ പഞ്ചായത്തിന് സാധിക്കുന്നതാണ് പദ്ധതിയെ വിജയ വഴിയിൽ എത്തിച്ചത്. വന്യമൃഗ ശല്യം കാരണം തരിശിട്ടിരിക്കുന്ന മുഴുവൻ വയലുകളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ തീറ്റപ്പുല്ല് വച്ച് പിടിപ്പിക്കുന്നതിലൂടെ പശുക്കൾക്ക് തീറ്റ ഉറപ്പ് വരുത്തുന്നതിന് സാധിക്കും.

ആഭ്യന്തര പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തികമായ നേട്ടം മാത്രമല്ല ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. പോഷകാഹാരങ്ങളുടെ കുറവ് പരിഹരിക്കത്തക്ക സാഹചര്യം ഒരുക്കുകയും ആരോഗ്യവും ബുദ്ധി വികാസവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിലേക്ക് പഞ്ചായത്ത് ചെന്നെത്തുകയും ചെയ്യുന്നു. ഉൽപ്പാദിപ്പിക്കുന്ന പാലിന് ന്യായ വില ലഭിച്ചെങ്കിൽ മാത്രമേ ഈ മേഖലയിൽ ആളുകൾക്ക് തുടർന്ന് പോകുകയുള്ളു എന്ന ബോധ്യം പഞ്ചായത്തിനുണ്ട്. അതിനാലാണ് വാർഷിക പദ്ധതിയിൽ ഏറ്റവും കൂടുതൽ തുക പാലിന് അധികവില നൽകുന്നതിന് പഞ്ചായത്ത് വകയിരുത്തിയത്. ഓരോ കർഷകനും ലിറ്ററിന് 3 രൂപ തോതിൽ അധികവില ലഭിക്കുന്ന പദ്ധതിയാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്.

വിവിധ ഏജൻസികളുടെ സഹായത്തോടെ, ബയോഗ്യാസ് പ്ലാന്റ് തയ്യാറാക്കൽ ഊർജ്ജസംരക്ഷണത്തിനും ആഗോളതാപനത്തിനും നേരെ പഞ്ചായത്തിന്റെ ക്രിയാത്മകമായ ഇടപെടലാണ്.

ജൈവവളങ്ങളുടെ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് ജൈവ കമ്പോസ്റ്റിങ്ങ് രീതിയിൽ തയ്യാറാക്കുന്ന വളത്തോടൊപ്പം ചാണകവളവും കൂടി ചേർത്ത് ജൈവപച്ചക്കറി കൃഷി കൂടി ഏറ്റെടുക്കുന്നതോടെ കൃഷിവകുപ്പുമായുള്ള സംയോജനം എന്നതിലുപരി വിഷരഹിത പച്ചക്കറികൾ തീൻമേശകളെ വിഭവസമൃദ്ധമാക്കുമെന്നതിൽ തർക്കമില്ല. ഇത്തരത്തിൽ ആരോഗ്യ, സാമ്പത്തിക - സാമൂഹ്യ, ശുചീകരണ മേഖലകളെ ഉദ്ദീപിപ്പിക്കുന്ന മാതൃകാ പദ്ധതിയാണ് നൂൽപ്പുഴയിലെ പാലൊളി. □

സ്കൂളിൽ പോകാൻ വൈമുഖ്യം കാണിച്ചിരുന്ന കുട്ടികൾ പഠന പുരോഗതിയുടെ ഭാഗമായി തുടർച്ചയായി സ്കൂളിലെത്തുന്ന അവസ്ഥയുണ്ടായി.

ലേഖകൻ
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.
9496048326

കില ന്യൂസ്

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി(ജി.പി.ഡി.പി) വെല്ലുവിളികളും സാദ്ധ്യതകളും ചർച്ചചെയ്യാൻ കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് ഉദ്ഘാടനം ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി: ദ്വിദിന ദക്ഷിണേന്ത്യൻ ശില്പശാല

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി(ജി.പി.ഡി.പി)യുടെ വെല്ലുവിളികളും സാദ്ധ്യതകളും ചർച്ചചെയ്യാൻ കിലയിൽ ദ്വിദിന ദക്ഷിണേന്ത്യൻ ശില്പശാല സംഘടിപ്പിച്ചു. ഗുജറാത്തിലെ സേതു അഭിയാനുമായി ചേർന്ന കഴിഞ്ഞ ഡിസംബർ 21, 22 തീയതികളിൽ സംഘടിപ്പിച്ച ശില്പശാല മുൻ സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ഉദ്ഘാടനം ചെയ്തു. സേതു അഭിയാൻ പ്രസിഡന്റ് ബിനോയ് ആചാര്യ സ്വാഗതമാശംസിച്ചു. ശില്പശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ വിശദീകരിച്ചു. പഞ്ചായത്ത് രാജ് മന്ത്രാലയം സ്പെഷ്യൽ സെക്രട്ടറി ബാലപ്രസാദ്, കേന്ദ്ര ഗ്രാമവികസനമന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറി എസ്.എസ്. മീനാക്ഷിസുന്ദരം, കർണാടകയിലെ ഗ്രാമവികസനവകുപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശില്പ നാഗ് എന്നിവർ സംബന്ധിച്ചു. സേതു അഭിയാനിലെ ശ്രേഷ്ഠറോയ്, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രതിനിധികൾ, തെലങ്കാന, ആന്ധ്രാപ്രദേശ്, കർണാടക, കേരള, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അക്കാദമിക്, സാമൂഹ്യപ്രവർത്തകർ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു.

ഗ്രാമപഞ്ചായത്തുകൾ, സംസ്ഥാന-ദേശീയ പരിശീലനകേന്ദ്രങ്ങൾ, ഇവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ, ഇവരുടെയെല്ലാം ഗ്രാമപഞ്ചായത്ത് വികസനപദ്ധതി (ജി.പി.ഡി.പി) അനുഭവങ്ങൾ പങ്കുവയ്ക്കുക, സാദ്ധ്യതകൾ കണ്ടെത്തുക, പദ്ധതിയുടെ നിർവഹണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം.

പ്ലാസ്റ്റിക്ക് മാലിന്യം ഇനി റോഡുനിർമ്മാണത്തിനും

പ്ലാസ്റ്റിക്ക് മാലിന്യത്തെ ശാസ്ത്രീയമായി റോഡുനിർമ്മാണത്തിനും മറ്റ് പ്ലാസ്റ്റിക്ക് അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഉപയോഗപ്പെടുത്താവുന്ന സാങ്കേതിക രീതികൾ പരിചയപ്പെടുത്തുന്ന മൂന്നുദിവസത്തെ പരിശീലനപരിപാടിക്കു കില വേദിയായി. ബ്ലോക്ക് പഞ്ചായത്തുകളിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, ജില്ലാ പഞ്ചായത്തുകളിലെയും പൊതുമരാമത്തു വകുപ്പിലെയും എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പ്ലാസ്റ്റിക്ക് മാലിന്യം ഉപയോഗിച്ചു പോളിമറൈസ്ഡ് റോഡുനിർമ്മാണത്തിനുള്ള സാങ്കേതികവിദ്യയുടെ ഉപജ്ഞാതാവ് പത്മശ്രീ ഡോ. ആർ. വാസുദേവന്റെ നേതൃത്വത്തിലുള്ള ടീമാണ് പരിശീലനപരിപാടിക്കു നേതൃത്വം നൽകിയത്. കിലയുടെയും ക്ലീൻ കേരള കമ്പനിയുടെയും സംയുക്താഭിമുഖ്യത്തിലായിരുന്നു പരിശീലനം. സാങ്കേതിക സെഷനുകൾക്കു പുറമെ പ്രായോഗിക പരിശീലനവും പരിശീലനാർത്ഥികൾക്കു നൽകിയിരുന്നു.

കേരളത്തിലെ പ്ലാസ്റ്റിക്ക് മാലിന്യം എന്ന വിപത്തിനെ സമ്പത്താക്കി മാറ്റി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി നമ്മുടെ റോഡുകളുടെ ആയുസ്സും ആരോഗ്യവും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രദ്ധേയമായ ഒരു കാൽവയ്പാണിത്. ആദ്യഘട്ട പരിശീലനത്തിനുശേഷം ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതികവിഭാഗം ജീവനക്കാർക്കുള്ള പരിശീലനപരിപാടിക്കും രൂപം നൽകും.

ഹിമാചൽപ്രദേശ് ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും

പ്ലാസ്റ്റിക്ക് മാലിന്യത്തെ ശാസ്ത്രീയമായി റോഡുനിർമ്മാണത്തിനും മറ്റും ഉപയോഗപ്പെടുത്താവുന്ന സാങ്കേതിക രീതികൾ പരിചയപ്പെടുത്തുന്ന മൂന്നുദിവസത്തെ പരിശീലനപരിപാടിയിൽ പത്മശ്രീ ഡോ. ആർ.വാസുദേവൻ സംസാരിക്കുന്നു.

ഹിമാചൽ പ്രദേശിലെ ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു.

വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും നേരിൽ കണ്ട് വിലയിരുത്തുന്നതിനും പഠിക്കുന്നതിനുമായി ഹിമാചൽ പ്രദേശിൽനിന്നുള്ള 30 അംഗ സംഘം കിലയിലെത്തി. ചാമ്പ ജില്ലയിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥരുമാണ് സംഘത്തിലുള്ളത്.

കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകൃതാസൂത്രണം, പഞ്ചായത്തുകളുടെ പ്രവർത്തനം, പങ്കാളിത്ത ആസൂത്രണം, ശിശുസൗഹൃദ പ്രാദേശിക സർക്കാരുകൾ, കുടുംബശ്രീപ്രവർത്തനവും ഗ്രാമപഞ്ചായത്തുകളും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, പാറളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം അവിടങ്ങളിലെ വികസനപ്രവർത്തനം നേരിൽ കാണുകയും ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു.

കേച്ചേരി പുഴസംരക്ഷണം: സ്കീം കമ്മിറ്റികൾ നിലവിൽവന്നു

കേച്ചേരി പുഴ സംരക്ഷണത്തിന്റെ ഭാഗമായ സ്കീം കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും ഏകദിന പരിശീലനം സംഘടപ്പിച്ചു. പുഴസംരക്ഷണ രൂപരേഖയെക്കുറിച്ച് വിനോദ് കുമാറും ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോറും സംസാരിച്ചു. കോർഡിനേറ്റർ എം.രേണുകുമാർ പരിശീലനപരിപാടി വിശദീകരിച്ചു.

വടക്കാഞ്ചേരി നഗരസഭ, ബ്ലോക്ക് പഞ്ചായത്തുകളായ പുഴയ്ക്കൽ, വടക്കാഞ്ചേരി, മുല്ലശ്ശേരി, ചൊവ്വന്നൂർ, ഗ്രാമപഞ്ചായത്തുകളായ തെക്കുംകര, എരുമപ്പെട്ടി, കടങ്ങോട്, വേലൂർ, എളവള്ളി, മുല്ലശ്ശേരി, തോളൂർ, ചൂണ്ടൽ, കണ്ടാണിശ്ശേരി, അവണൂർ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

കേരളത്തിന്റെ പുനഃസൃഷ്ടിയിൽ തൊഴിലുറപ്പുപദ്ധതിയുടെ പ്രസക്തി

പ്രളയത്തിനുശേഷമുള്ള കേരളത്തിന്റെ പുനഃസൃഷ്ടിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ മെമ്പർ എസ്. രാജേന്ദ്രൻ, റിട്ട.ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷ്ണർ സജിത്, മിഷൻ പ്രോഗ്രാം ഓഫീസർ ബാലചന്ദ്രൻ നായർ, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനിയർ പുഷ്പലത, കോഴ്സ് കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. എറണാകുളം, ഇടുക്കി ജില്ലകളിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നുള്ള 120 എഞ്ചിനിയർമാരും ഓവർസിയർമാരും പരിശീലനത്തിൽ പങ്കെടുത്തു.

ഗ്രാമസഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കണം

ജനങ്ങളുടെ യഥാർത്ഥ ആവശ്യം കണക്കിലെടുത്തുവേണം പ്രാദേശിക വികസനപദ്ധതികൾ തയ്യാറാക്കേണ്ടതെന്ന് കോട്ടയം ജില്ലാ കളക്ടർ ഡോ. ബി.എസ്. തിരുമേനി പറഞ്ഞു. കൊട്ടാരക്കര കില ഇ.ടി.സിയിൽ പരിശീലനത്തിനെത്തിയ പുതുതായി നിയമനം ലഭിച്ച വി.ഇ.ഒമാരുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമസഭകളിൽ വരുന്ന അഭിപ്രായങ്ങൾ ന്യൂനപക്ഷത്തിന്റേതാണെങ്കിലും പരിഗണിക്കപ്പെടണം. ഗ്രാമസഭാ തീരുമാനങ്ങൾ ഭരണഘടനാ സാധുതയുള്ളതാണെന്നും ആർക്കും അതു മാറ്റാൻ കഴിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗ്രാമസഭകളിൽ കുറഞ്ഞുവരുന്ന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ആദിവാസി വിദ്യാർത്ഥികൾക്കു കില അഗളി കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ്

ആദിവാസി വിദ്യാർത്ഥികൾക്കായി കില അഗളി കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 6,7 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. വിദ്യാഭ്യാസത്തിലൂടെ ആദിവാസി വിദ്യാർത്ഥികളെ ആത്മാഭിമാനമുള്ളവരാക്കി മാറ്റുക, അവരുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കുക, ആരോഗ്യം പരിരക്ഷിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കില നടത്തുന്ന മുന്നോട്ട് എന്ന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ വിവിധ സ്കൂളുകളിലെ 150 വിദ്യാർത്ഥികൾക്കു ശനി, ഞായർ ദിവസങ്ങളിൽ വിവിധ പഠന-പഠനേതര വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടാണ് മെഡിക്കൽ ക്യാമ്പും.

ഇവർക്കുള്ള ആരോഗ്യ കാർഡുകൂടി തയ്യാറാക്കി കഴിഞ്ഞു. ഡോ. അജിത്, ഡോ.അഞ്ജലി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. □

വാർത്തകൾ വിശേഷങ്ങൾ

പെൻഷൻ: ഇൻസെന്റീവ് അനുവദിച്ചു

2018 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റു വായ്പാ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 93021900 രൂപ അനുവദിച്ച് ഉത്തരവായി.

(സ.ഉ. സാധാ നം 143/ 2019/ ധന, തീയതി 7/1 /2019)

ബഡ്സ് സ്കൂളുകൾക്ക് 30 വാഹനങ്ങൾ

കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കിവരുന്ന ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ നിരക്കിൽ 30 വാഹനങ്ങൾ (സ്കൂൾബസ്) വാങ്ങി നൽകുന്നതിന് കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ നിന്നും 4.5 കോടി രൂപ അനുവദിച്ചു.

(സ.ഉ. (എം എസ്) നം 195/ 2018, തീയതി 29/12/2018)

ഭവനനിർമ്മാണത്തിന് ധനസഹായം മാർഗ്ഗരേഖ ഭേദഗതി ചെയ്തു

ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ഭേദഗതി ചെയ്തു. പുതിയ ഭേദഗതി അനുസരിച്ച് ഭവനനിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയുടെ ധനസഹായം 4 ഗഡുക്കളായി (10%- 40000, 40%- 160000, 25%- 100000, 25%- 100000) കരാർ ചമയ്ക്കുന്ന മുറയ്ക്ക് അഡ്വാൻസ് ആയി 10% തുകയും ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 40% തുകയും ലിന്റിൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവനനിർമ്മാണം പൂർത്തിയാക്കുമ്പോൾ ബാക്കി 25% തുകയും വീതം വിതരണം ചെയ്യാവുന്നതാണ്.

(സ.ഉ(സാധാ)നം 3218/2018/തസ്വഭവ, തീയതി 21.12.2018)

സാധനങ്ങളുടെ നിരക്ക്- കമ്മിറ്റി രൂപീകരിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കേണ്ടി വരുന്നതും SECURE സോഫ്റ്റ് വെയറിൽ ലോക്കൽ മാർക്കറ്റ് നിരക്കുകൾ ലഭ്യമല്ലാത്തതുമായ Non-DSR സാധനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിന് ജോയിന്റ്-പ്രോഗ്രാം കോ-ഓർഡിനേറ്റർ അദ്ധ്യക്ഷനായും എക്സിക്യൂട്ടിവ് എഞ്ചിനിയർ/അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ (തദ്ദേശസ്വയംഭരണം), പ്രിൻസിപ്പൽ കൃഷി ആഫീസർ, സോയിൽ സർവ്വേ ജില്ലാ ആഫീസർ, തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുതല അക്രഡിറ്റഡ് എഞ്ചിനിയർ എന്നിവർ അംഗങ്ങളായും ഓരോ ജില്ലയിലും പ്രാദേശിക കമ്മിറ്റികൾ രൂപികരിച്ച് ഉത്തരവായി.

(സ.ഉ(സാധാ)നം 3159/2018/തസ്വഭവ തീയതി 17.12.2018)

ഡിപ്പോസിറ്റ് വർക്കുകൾ- നിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക KWA, KSEB തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക സ്ഥാപനങ്ങൾക്ക് കൈമാറാവൂ എന്നും തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സർക്കുലർ നം ഡിഎ1/881/2018/തസ്വഭവ, തീയതി 28.12.2018.)

വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം

വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നല്കുന്നതിന് ഭാര്യയുടെയും ഭർത്താവിന്റെയും ജോയിന്റ് അക്കൗണ്ട് വേണമെന്ന നിബന്ധന ഒഴിവാക്കി സർക്കുലർ പുറപ്പെടുവിച്ചു. ധനസഹായത്തിന് ഗൃഹനാഥന്റെയോ ഗൃഹനാഥയുടെയോ അക്കൗണ്ട് മതിയാവുന്നതാണ്.

(സർക്കുലർ നം.ഡിഎ1/881/2018/തസ്വഭവ തീയതി 26.12.2018.)

അനധികൃത നിർമ്മാണം- ക്രമവല്ക്കരിക്കുന്നതിന്റെ കാലാവധി നീട്ടൽ

അനധികൃത കെട്ടിടനിർമ്മാണം ക്രമവല്ക്കരിക്കുന്നതിനുള്ള കാലാവധി 2019 മാർച്ച് 31 വരെ നീട്ടി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

GO(P) No 88/2018/LSGD, dt 30.11.2018

GO(P) No 89/2018/LSGD, dt 30.11.2018

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

നെടുമ്പന

വികസനോന്മുഖ പരിപാടികളോടെ മുന്നോട്ട്

എസ്. നാസറുദ്ദീൻ

2002-2003 മുതൽ തുടർച്ചയായി ദേശീയ -സംസ്ഥാന-ജില്ലാ തലങ്ങളിൽ മികച്ച പഞ്ചായത്തിനുള്ള അവാർഡുകൾ നേടിയെടുത്ത ഒരു മാതൃകാ പഞ്ചായത്താണ് കൊല്ലം ജില്ലയിലെ നെടുമ്പന. 2011 ലെ കാനേഷുമാരി അനുസരിച്ച് 51,384 ജനസംഖ്യയും 2000 ത്തിന് മുകളിൽ ജനസാന്ദ്രതയും 23 വാർഡുകളും പഞ്ചായത്തിലുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രാദേശികമായ കുറവുകൾ മുൻകൂട്ടി മനസ്സിലാക്കി ആ മേഖലയിൽ ആവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വാർഷിക പദ്ധതികൾ തയ്യാറാക്കി പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കി ജനങ്ങൾക്ക് സേവനം നൽകുന്നതിൽ എന്നും നെടുമ്പന മുന്നിലാണ്.

മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമായി ഓരോ വാർഷിക പദ്ധതിയിലും നൂതനവും മാതൃകാപരവും ജനോപകാരപ്രദവുമായ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കി എക്കാലവും മാതൃക കാണിച്ചിട്ടുണ്ട്. കുടുംബശ്രീ സംരംഭമായി തുടങ്ങിയ അപ്പാരൽ പാർക്ക്, NREGS തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ച സേവാസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് കോൺക്രീറ്റ് കട്ട നിർമ്മാണ യൂണിറ്റ്, തുടർച്ചയായി നടന്നുവരുന്ന എബിസി പദ്ധതി, കേരളാ യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കിയ ജലസംരക്ഷണ പദ്ധതി, ഫലവൃക്ഷ നഴ്സറി, ആയുർവ്വേദ ആശുപത്രിയിൽ നടപ്പിലാക്കിവരുന്ന നിരാമയ ആയുർവ്വേദ മരുന്ന് നിർമ്മാണ യൂണിറ്റ്, ഹോമിയോ ആശുപത്രിയിൽ നടത്തിവരുന്ന സഹജം പദ്ധതി, 2016-17 മുതൽ തുടർന്നുവരുന്ന എല്ലാ എൽപിഎസ് വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം, മൊബൈൽ ലാബ് സാന്ത്വനം, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, ഹരിതകർമ്മസേന, കാർഷിക കർമ്മസേന എന്നിവ ഉദാഹരണങ്ങളാണ്. 2017-18 വർഷം 100 ശതമാനം നികുതി പിരിച്ചെടുക്കാനും പദ്ധതി നിർവ്വഹണം 90 ശതമാനത്തിന് മുകളിൽ കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

നെടുമ്പന ഗ്രാമപഞ്ചായത്തും കുടുംബശ്രീ ജില്ലാ മിഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നിവ

ഓരോ വാർഷിക പദ്ധതിയിലും നൂതനവും മാതൃകാപരവും ജനോപകാരപ്രദവുമായ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കി എക്കാലവും മാതൃക കാണിച്ചിട്ടുണ്ട്, നെടുമ്പന.

അങ്കണവാടി ജീവനക്കാർ, കൊച്ചി മെട്രോ തൊഴിലാളികൾ, ഹരിത കേരള മിഷൻ, കാഷ്യു കോർപ്പറേഷൻ, ലോട്ടറി തൊഴിലാളികൾ, കുടുംബശ്രീ കഫേ തൊഴിലാളികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ യൂണിഫോം ഈ സ്ഥാപനത്തിൽ നിന്നാണ് തയ്യാറാക്കി നൽകുന്നത്.

യുടെയും സംയുക്ത സംരംഭമായ കുടുംബശ്രീ അപ്പാരൽ പാർക്ക് 2007 ൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ 40 വനിതാ തൊഴിലാളികൾക്ക് സ്ഥിരമായി ശരാശരി പ്രതിമാസം 15000 രൂപയിലധികം ശമ്പളം ലഭിക്കുന്ന സ്ഥാപനമായി വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഈ തൊഴിലാളികൾക്ക് ഇഎസ്ഐ, ബോണസ് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അങ്കണവാടി ജീവനക്കാർ, കൊച്ചി മെട്രോ തൊഴിലാളികൾ, ഹരിത കേരള മിഷൻ, കാഷ്യു കോർപ്പറേഷൻ, ലോട്ടറി തൊഴിലാളികൾ, കുടുംബശ്രീ കഫേ തൊഴിലാളികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ യൂണിഫോം ഈ സ്ഥാപനത്തിൽ നിന്നാണ് തയ്യാറാക്കി നൽകുന്നത്. ഇപ്പോൾ കുടുംബശ്രീ ജില്ലാ മിഷന്റെ സഹായത്തോടെ സ്ഥാപനം ആധുനികവൽക്കരിച്ച് 200 സ്ത്രീകൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിനും തയ്യൽ പരിശീലനം നൽകുന്നതിനുമുള്ള കേന്ദ്രമാക്കാൻ നടപടികൾ പുരോഗമിച്ചുവരുന്നു. ദാരിദ്ര്യ ലഘൂകരണവും വനിതാശാക്തീകരണവും ലക്ഷ്യമിട്ട് 97 പുതിയ ചെറുകിട സംരംഭങ്ങൾ ലാഭകരമായി പ്രവർത്തിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സേവാസമിതിയുടെ മേൽനോട്ടത്തിൽ 25 ൽ പരം തൊഴിലാളികൾക്ക് സ്ഥിരവരുമാനം ലഭിക്കുന്ന 3 സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് വിജയകരമായി പ്രവർത്തിക്കുന്നു. ലൈഫ് പദ്ധതിയിലെ ഒന്നാം ഘട്ടത്തിലെ 73 ഗുണഭോക്താക്കൾക്ക് ആവശ്യമായ കട്ട സൗജന്യമായി നൽകിയിരുന്നു. രണ്ടാം ഘട്ടത്തിലെ 233 ഗുണഭോക്താക്കൾക്ക് സൗജന്യമായി കട്ട നൽകിവരുന്നു. ഏകദേശം 1 ലക്ഷത്തോളം കട്ട നാളിതുവരെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതിന് MGNREGS ഫണ്ടാണ് പഞ്ചായത്ത് ഉപയോഗിക്കുന്നത്. കണ്ടിജൻസി ചെലവിലേക്ക് കട്ട ഒന്നിന് 10 രൂപ ഗുണഭോക്തൃ വിഹിതം വാങ്ങാൻ ഗവൺമെന്റ് ഉത്തരവ് ഉണ്ടെങ്കിലും നെടുമ്പന പഞ്ചായത്തിൽ 5 രൂപ മാത്രമെ വാങ്ങുന്നുള്ളൂ.

കേരള യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിഭാഗത്തിന്റെ സഹായത്തോടെ കുണ്ടറ മണ്ഡല സമഗ്ര വികസന പദ്ധതിയായ EDAM പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനസൃഷ്ടിയും സംബന്ധമായി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം കിണർ റീചാർജ്ജിംഗ്, നദീതട സംരക്ഷണം, ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനാവശ്യമായ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ വിജയകരമായി നടപ്പിലാക്കിവരുന്നു. ഹരിതകേരള മിഷൻ പദ്ധതിയുമായി ബന്ധപ്പെടുത്തി പഞ്ചായത്തിൽ ആകെയുള്ള 7000 ൽ പരം തുറന്ന കിണറുകളും 3 വർഷത്തിനകം പൂർണ്ണമായും റീചാർജ്ജിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് പദ്ധതി നടന്നുവരുന്നു. പഞ്ചായത്തിലെ 26 കുളങ്ങളും തോടുകളും പൂർണ്ണമായും സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നു. കാർഷിക മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിലേക്ക് കാർഷിക കർമസേന രൂപീകരിച്ച് അവരുടെ പ്രവർത്തനം ഉപയോഗപ്പെടുത്തി. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി ഹരിത കേരള മിഷൻ നിർദ്ദേശാനുസരണം പഞ്ചായത്തിലെ 23 വാർഡുകളിലും പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് 46 വനിതകളെ ഉൾപ്പെടുത്തി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനം 5 മാസമായി വിജയകരമായി നടന്നുവരുന്നു. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻകേരള കമ്പനിക്കും സ്ക്രാപ് ഡീലേഴ്സിനും നൽകുന്നു. ഈ പ്രവർത്തനത്തിലുള്ള വനിതാ വാളന്റിയർമാർക്ക് പ്രതിമാസം ശരാശരി 4500 രൂപയോളം വേതനം ലഭിക്കുന്നു.

ജനകീയാസൂത്രണ പദ്ധതി വഴി പഞ്ചായത്തിലെ നിലവിലുള്ള നെൽക്കൃഷിക്കനുയോജ്യമായ 140 ഹെക്ടറിൽ 110 ഹെക്ടറിലും നെൽകൃഷി നടത്തുന്നതിനും അതുവഴി പ്രതിവർഷം 360 ടൺ നെല്ല് ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2020 ആകുമ്പോഴേക്കും തരിശുരഹിത പഞ്ചായത്ത് എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തുന്നതിന് അവശേഷിക്കുന്ന 30 ഹെക്ടറും നെൽകൃഷിക്കനുയോജ്യമാക്കി മാറ്റുന്നതാണ്. ജൈവപച്ചക്കറി കൃഷി ഇടവിളകൃഷി എന്നിവ 100 ൽ അധികം ഹെക്ടർ സ്ഥലത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു. മൃഗ സംരക്ഷണ മേഖലയിൽ ഹരിതവിപ്ലവം തന്നെ തീർക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രതിദിന പാലുൽപാദനം നിലവിൽ 20,000 ലിറ്ററിന് മുകളിലാണ്. മുട്ട ഉൽപാദനത്തിലും പഞ്ചായത്ത് വളരെ മെച്ചപ്പെട്ട നിലയിലാണ്. നടപ്പുവർഷം പഞ്ചായത്തിലെ 100 ഗുണഭോക്താക്കൾക്ക് BV3 80 ഇനത്തിൽ പെടുന്ന 10 മുട്ടക്കോഴികളും

MGNREGSൽ ഉൾപ്പെടുത്തി High Denstiy കുട്ടം വിതരണം ചെയ്യുന്നു.

ആരോഗ്യ മേഖലയിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സിഎച്ച്സിയിൽ 5 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ആധുനിക സൗകര്യങ്ങളുള്ള ലാബ്, പുതിയ ഒപി ബ്ലോക്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 5 കോടി രൂപ അനുവദിച്ച് പുതിയ ഐപി ബ്ലോക്ക് സ്ഥാപിച്ചു. ആശാ വർക്കർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സഹായത്തോടെ പകർച്ചവ്യാധി പ്രതിരോധ രംഗത്ത് വ്യാപകമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. പാലിയേറ്റീവ് കെയർ പരിപാടിയിലൂടെ പഞ്ചായത്തിലെ മുഴവൻ കിടപ്പുരോഗികൾക്കും ആരോഗ്യരക്ഷാ സഹായവും പോഷകാഹാര വിതരണവും ആഴ്ചയിൽ 2 ദിവസം ഹോംകെയറും വീൽചെയർ, കട്ടിൽ, ബെഡ്, കാർപ്പറ്റ് തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കുടുംബശ്രീ സംരംഭമായ 'സാന്ത്വനം മൊബൈൽ യൂണിറ്റ്' വീടുകളിലെത്തി രോഗനിർണ്ണയം നടത്തിവരുന്നു. ഇതുവഴി കിടപ്പുരോഗികൾക്ക് വീട്ടിൽ തന്നെ ടെസ്റ്റുകൾ ചെയ്യുന്നതിനും ചികിത്സ നേടുന്നതിനും കഴിയുന്നു. ഈ യൂണിറ്റിലൂടെ 5 വനിതകൾക്ക് സ്ഥിര വരുമാനം ലഭിക്കുന്നു. നെടുമ്പന ആയുർവ്വേദ ആശുപത്രി ഔഷധ നിർമ്മാണം സ്ത്രീജന്യ രോഗ ചികിത്സയ്ക്കുള്ള പ്രസൂതിതന്ത്ര, ഈവനിംഗ് ഒപി, വയോജന ചികിത്സാ വിഭാഗം തുടങ്ങിയ പ്രത്യേകതകളോടെ സ്ഥാപനം പ്രവർത്തിക്കുന്നു. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ തുടങ്ങിയവർക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ യോഗ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആയുർവ്വേദ ആശുപത്രിയിൽ തന്നെ മരുന്ന് നിർമ്മിച്ച് രോഗികൾക്ക് വിതരണം ചെയ്തു വരുന്നതിനാൽ ജില്ലയിലെ വിവിധഭാഗത്തുനിന്ന് ഇവിടെ രോഗികൾ എത്തി ചികിത്സ നേടുന്നു. തിരുവനന്തപുരത്ത് ആയുർവ്വേദ കോളേജിൽ നടന്ന സംസ്ഥാന കോൺക്ലേവിൽ നെടുമ്പന പഞ്ചായത്തിന് ഇടം നേടാൻ കഴിഞ്ഞു. ഹോമിയോ ആശുപത്രി വഴി സത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക വിഭാഗമായ 'സഹജം' പദ്ധതി നടന്നുവരുന്നു.

സാമൂഹിക ക്ഷേമ രംഗത്ത് വയോജനങ്ങൾക്കും കുട്ടികൾക്കും ഉപകാരപ്രദമായ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പകൽ വീടിന്റെ പണി പൂർത്തിയായിവരുന്നു. അങ്കണവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വയോജന ക്ലബ്ബുകളിൽ വയോജനങ്ങൾക്ക് മാനസിക ഉല്ലാസവും ചെറിയ വരുമാനവും ലഭിക്കുന്ന ചെറുകിട സംരംഭങ്ങൾ നടന്നുവരുന്നു. വയോജന കലാമേള നടത്തുന്നു.പഞ്ചായത്ത് ഓഫീസിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും ഊർജ്ജ സംരക്ഷണ ഭാഗമായി സോളാർ പാനലുകൾ സ്ഥാപിച്ചുകഴിഞ്ഞു. പഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങളും സമയബന്ധിതമായി ഫ്രണ്ടാഫീസ് വഴി നൽകുന്നു. പഞ്ചായത്തിന്റെ സേവന കാര്യക്ഷമത പരിഗണിച്ച് കൊല്ലം ജില്ലയിൽ സദ്ഭരണ പഞ്ചായത്തുകളിൽ ഒന്നാം ഘട്ടത്തിൽ തന്നെ നെടുമ്പന പഞ്ചായത്തിന് ഇടം ലഭിച്ചു. വിദ്യാഭ്യാസ മേഖലയിൽ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ, കമ്പ്യൂട്ടർ, ലാപ്ടോപ്, പ്രഭാത ഭക്ഷണം, ലൈബ്രറി, കാർഷിക ക്ലബ് എന്നിവ നടപ്പിലാക്കുക വഴി ഓരോ വർഷവും പുതുതായി ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണുന്നുണ്ട്.

പശ്ചാത്തല വികസനത്തിന്റെ ഭാഗമായി എല്ലാ ഗ്രാമീണ റോഡുകളും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെയും എംഎൽഎ യുടെ ആസ്തി വികസന ഫണ്ട് വഴിയും ബിഎം/ബിസി നിലവാരത്തിൽ നിർമ്മിച്ചു കഴിഞ്ഞു.

2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് നെടുമ്പന ഗ്രാമപഞ്ചായത്ത് ഒരു നൂതന പ്രോജക്ട് "അതിജീവനം-മിഷൻ വിഷൻ 2030' എന്ന പേരിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം, അതിനുള്ള മുൻകരുതലുകൾ എന്നിവ മനസ്സിലാക്കി പ്രതിരോധിക്കാനുള്ള നടപടികൾ തയ്യാറാക്കുന്നു. □

സാമൂഹിക ക്ഷേമ രംഗത്ത് വയോജനങ്ങൾക്കും കുട്ടികൾക്കും ഉപകാരപ്രദമായ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ലേഖകൻ നെടുമ്പന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്.
9496041822

മാറ്റത്തിന് തുടക്കമിട്ട് ചെറുന്നിയൂർ

എൻ. നവപ്രകാശ്

കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ളവർക്ക് പ്രാമുഖ്യമുണ്ടായിരുന്ന പ്രദേശമായിരുന്നു ചെറുന്നിയൂർ ഗ്രാമം. അരനൂറ്റാണ്ടിനുമുമ്പ് മുതൽ മലയാ, സിങ്കപ്പൂർ, സിലോൺ, ഗൾഫ് നാടുകൾ എന്നിവിടങ്ങളിലേക്ക് തൊഴിൽ തേടി ഒരു വലിയ സമൂഹം പോയപ്പോൾ ഇവിടത്തെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക മണ്ഡലങ്ങളിലും ഘടനയിലും വലിയ മാറ്റം ഉണ്ടായി. പരമ്പരാഗത ജീവിത - തൊഴിൽ - കാർഷിക മേഖലകൾ വലിയ പരിവർത്തനത്തിന് വേദിയായി. ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ എട്ട് വർഷത്തെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ബഹുമുഖമായ പ്രവർത്തനങ്ങൾ വിപ്ലവകരമായ ഒരു മാറ്റത്തിന് തുടക്കം കുറിച്ചു.

കാർഷിക മേഖല

നെൽകൃഷി 50 ഹെക്ടറിനു മുകളിലുണ്ടായിരുന്നത് 12 ഹെക്ടറായി ചുരുങ്ങിയെങ്കിലും നിലവിലുള്ള തരിശുനിലങ്ങൾ അടക്കം 16 ഹെക്ടറിൽ കൃഷി നിലനിർത്തിക്കൊണ്ട് പോകുന്നതിനും ആധുനിക കൃഷിരീതി സ്വീകരിക്കുന്നതിനും ജൈവവളകൃഷി സമ്പ്രദായം നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന് ചിട്ടയായ സമീപനം സ്വീകരിച്ചുവരുന്നു. നെല്ല് സംഭരിച്ച് നാടൻ കുത്തരി വിപണിയിൽ എത്തിക്കുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയും വിഷമുക്ത ഉല്പാദനവും എന്ന ലക്ഷ്യത്തിലേക്ക് എത്തുകയാണ് നാം. രണ്ട് കാർഷിക വിപണന കേന്ദ്രങ്ങൾ കാർഷിക കർമ്മസേനയ്ക്ക് കീഴിൽ വിജയകരമായി പ്രവർത്തിക്കുന്നു. കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിള ആരോഗ്യ ക്ലിനിക്ക് വഴി 'സഞ്ജീവനി പദ്ധതി' നടപ്പാക്കി വരുന്നു. കർഷകർക്ക് കൃഷിയിടങ്ങളിലെ കീടബാധ നിയന്ത്രിക്കാനും രോഗപ്രതിരോധത്തിനുമുള്ള മരുന്നുകളും ഉപാധികളും 50% സബ്സിഡിയോടുകൂടി നൽകുന്ന പദ്ധതിയാണിത്. കാർഷിക കർമ്മസേന 'കർഷകർക്ക് കൈത്താങ്ങായി' പ്രവർത്തിക്കുന്നു. വിവിധ കാർഷിക പ്രവൃത്തികൾക്ക് 25 % സബ്സിഡി കർഷകർക്ക് ഉറപ്പ് വരുത്തുന്നു. കാർഷിക വിപണന കേന്ദ്രത്തിൽനിന്ന് വാങ്ങിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില കർഷകർക്ക് ലഭിക്കുമെന്ന് ഉറപ്പാക്കുന്നു. പഴ വർഗ്ഗത്തിന്റെ ഉല്പാദനത്തിൽ ഗ്രാമത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കി വരുന്നു. കാർഷിക വിള ഇൻഷ്വറൻസിന് മുഖ്യ പരിഗണന നൽകുന്നു. കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നു. വിവിധ കാർഷിക വികസന പദ്ധതികൾ ത്രിതല പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ്, സർക്കാർ ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു.

വൃദ്ധജന പരിപാലനം

വൃദ്ധജനസൗഹൃദ ഗ്രാമമായി ചെറുന്നിയൂരിനെ മാറ്റാൻ മുതിർന്ന പൗരന്മാരുടെ ഗ്രാമസഭാ തീരുമാനം ക്രിയാത്മകമായി നടപ്പാക്കാൻ നടപടി ആരംഭിച്ചു

മൃഗസംരക്ഷണ മേഖല

നല്ലയിനം ഉരുക്കളെ (കിടാരി, ആട്) പുറത്ത് നിന്നും വാങ്ങി കർഷകന് സബ്സിഡി ഉറപ്പാക്കി നൽകുന്നു. ക്ഷീരകർഷകന് പാൽ ലിറ്ററിന് 4 രൂപ സബ്സിഡി ഉറപ്പാക്കുന്നു. കാലിത്തീറ്റ, കുട്ടിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്നു.

കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിള ആരോഗ്യ ക്ലിനിക്ക് വഴി 'സഞ്ജീവനി പദ്ധതി' നടപ്പാക്കിവരുന്നു. കർഷകർക്ക് കൃഷിയിടങ്ങളിലെ കീടബാധ നിയന്ത്രിക്കാനും രോഗ പ്രതിരോധത്തിനുമുള്ള മരുന്നുകളും ഉപാധികളും 50% സബ്സിഡിയോടുകൂടി നൽകുന്ന പദ്ധതിയാണിത്.

ആധുനിക രീതിയിൽ കാലിത്തൊഴുത്ത് പുനർനിർമ്മിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നു. മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്കായി കോഴിയും കൂട്ടും പദ്ധതി വിജയകരമായി നടപ്പാക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണം

ഗ്രാമ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾ ഹൈടെക്ക് മാതൃകാ വിദ്യാലയങ്ങൾ ആക്കി മാറ്റുന്നതിന് ആരംഭംകുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് ലോവർ പ്രൈമറി വിദ്യാലയങ്ങളും ശിശു സൗഹൃദമാക്കുകയും ക്ലാസ് മുറികൾ ഹൈ-ടെക്ക് ആക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആകെയുള്ള രണ്ട് അപ്പർ പ്രൈമറി എയിഡഡ് സ്കൂളുകളിലും സ്ത്രീസൗഹൃദ ടോയിലറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറികൾ 50% ഹൈടെക്ക് ആക്കി മാറ്റിക്കഴിഞ്ഞു. ഹയർ സെക്കന്ററി വിഭാഗം പൂർണ്ണമായും പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും ഹൈടെക്ക് ആക്കുന്ന നടപടികൾ അവസാന ഘട്ടത്തിലുമാണ്.

പഞ്ചായത്ത് തലത്തിൽ ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി എന്നി ഇനങ്ങളിൽ ടീം സെലക്ഷൻ നടത്തുകയും ആവശ്യമായ കോച്ചിംഗ് നൽകി യൂണിഫാം നൽകുകയും ചെയ്തു.

വിശപ്പ് രഹിത ഗ്രാമം

ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഗ്രാമത്തിലെ അഗതികളായ മുഴുവൻപേർക്കും ഉച്ചഭക്ഷണം നേരിട്ട് നൽകുന്ന പദ്ധതി 2017-18 മുതൽ വിജയകരമായി നടപ്പാക്കി വരുന്നു.

കുടുംബാരോഗ്യ കേന്ദ്രം

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ക്ലിനിക്കൽ ലാബിന്റെ പ്രവർത്തനം ഏപ്രിൽ 1 ന് ആരംഭിക്കും. സെന്ററിന്റെ പ്രവർത്തനം വൈകുന്നേരം വരെ ആക്കുന്നതിന്റെ ഭാഗമായി അധികമായി വേണ്ടിവരുന്ന ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനത്തിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പാലിയേറ്റിവ് കെയർ പരിചരണ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു.

ജനസൗഹൃദ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് ആഫീസ് ജനസൗഹൃദ -ഉണഭോക്തൃ സൗഹൃദമാക്കുന്ന നടപടി അതിവേഗം പുരോഗമിക്കുകയാണ്. ഫ്രണ്ട് ആഫീസ് നവീകരിച്ചു, സേവന ലഭ്യത സമയബന്ധിതവും സുതാര്യവുമാക്കി, പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കി. ആഫീസിലെ ഇ-ഗവേണൻസ് സൗകര്യങ്ങൾ വിപുലപ്പെടുത്തി. കുടുംബശ്രീയുടെ നേതൃത്വത്തിൽ ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം ഫെബ്രുവരി ഒന്നിന് ആരംഭിക്കും.

ഭിന്നശേഷിയുള്ളവരുടെ ക്ഷേമം

സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് ത്രിതല പഞ്ചായത്തുകൾ കൂട്ടായി മാനസിക -ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമം ഉറപ്പാക്കുന്ന നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആശാവഹമായി പുരോഗ മിക്കുന്നു.

പ്ലാസ്റ്റിക്ക് രഹിത മാലിന്യ മുക്ത പരിസ്ഥിതി സൗഹൃദ ഗ്രാമം

വലിയ തയ്യാറെടുപ്പോടെയും കരുതലോടെയുമാണ് ഈ മേഖലയിൽ പ്രവർത്തനം മുമ്പോട്ടുപോകുന്നത്. ചില ബാലാരിഷ്ടതകൾ ഇല്ലാതില്ല. ഹരിതകർമ്മസേന വളണ്ടിയർമാരുടെ സഹകരണത്തോടെ പ്ലാസ്റ്റിക്ക് ക്യാരി ബാഗ് അടക്കമുള്ള ഉല്പന്നങ്ങൾ ശേഖരിച്ച് നീക്കം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. എല്ലാ തലങ്ങളിലും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനം വ്യാപകമാക്കിയും വേണ്ടിവന്നാൽ സഹകരിക്കാത്തവർക്ക് മാതൃകപരമായ പിഴ ഈടാക്കൽ അടക്കം നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലകളിലെ അസംഘടിത വിഭാഗത്തിന് ഈ പദ്ധതിയിലൂടെ പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. ഗ്രാമത്തെ തരിശുരഹിതമാക്കുന്ന പ്രവർത്തനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ജലസംരക്ഷണ പദ്ധതികൾ, ചെറുകിട പ്രാദേശിക നിർമ്മാണ പ്രവൃത്തികൾ എന്നിവയും ഏറ്റെടുത്തിട്ടുണ്ട്. രണ്ടായിരത്തിലധികം തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയിരത്തി ഒരുനൂറ് പേർ മാത്രമാണ് രംഗത്ത് സജീവമായിട്ടുള്ളത്. ഒരു വർഷം ശരാശരി 1.25 കോടിരൂപയുടെ ശരാശരി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നു. ☐

ഗ്രാമ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾ ഹൈടെക്ക് മാതൃകാ വിദ്യാലയങ്ങൾ ആക്കി മാറ്റുന്നതിന് ആരംഭം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലേഖകൻ ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്.
9496040746

സ്വയംതൊഴിൽ പരിശീലന ക്യാമ്പെയ്ന്റെ ഭാഗമായി തയ്യാറാക്കിയ പോസ്റ്ററിന്റെ പ്രകാശനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിന് നൽകി നിർവഹിക്കുന്നു.

കുടുംബശ്രീയുടെ സ്വയംതൊഴിൽ പരിശീലന ക്യാമ്പെയ്ൻ

ആശ എസ്. പണിക്കർ

- ക്യാമ്പെയ്ന്റെ ഭാഗമായി സംസ്ഥാനത്ത് 50000 പേർക്ക് കുടുംബശ്രീ സൗജന്യ സ്വയം തൊഴിൽ പരിശീലനം നൽകുന്നു
- പ്രളയ പുനരധിവാസത്തിന് കുടുംബശ്രീയുടെ കൈത്താങ്ങ്
- വ്യക്തിഗത-ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായവും തുടർപരിശീലനങ്ങളും ഉൾപ്പെടെ കുടുംബശ്രീയുടെ പിന്തുണ

സംസ്ഥാനത്ത് പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാന മാർഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50000 പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നു. ഇതു പ്രകാരം മൂന്നു മാസം ദൈർഘ്യമുള്ള 'എറൈസ്'' ('ARISE' acquiring resilience and identify through sustainable employment) സംസ്ഥാനതല സ്വയംതൊഴിൽ പരിശീലന ക്യാമ്പെയ്ൻ സംസ്ഥാനത്ത് ഊർജിതമായി.

പ്രളയപുനരധിവാസ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി നഗരഗ്രാമീണ മേഖലകളിൽ പ്രളയബാധിതരായ അമ്പതിനായിരം കുടുംബങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാനം നേടുന്നതിനു പ്രാപ്തരാക്കുക എന്നതാണ് ഈ ക്യാമ്പെയ്ൻ വഴി ലക്ഷ്യമിടുന്നത്. പ്രധാനമായും അതിജീവനത്തിനു സഹായിക്കുക എന്നതു ലക്ഷ്യമിട്ടാണ് ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്.. പ്രളയം ബാധിക്കാത്ത മേഖലകളിൽ കഴിയുന്ന സ്വയംതൊഴിൽ ചെയ്യാൻ താൽപര്യമുള്ളവർക്കും കുടുംബശ്രീയുടെ സ്വയംതൊഴിൽ പരിശീലന പദ്ധതിയിൽ ചേരാൻ അവസരം നൽകുന്നുണ്ട്. മൂന്നു മാസം നീളുന്ന പരിശീലന പരിപാടിയിൽ കുടുംബശ്രീ വനിതകൾക്കൊപ്പം കുടുംബശ്രീ കുടുംബാംഗങ്ങളായ പുരുഷൻമാർക്കും പങ്കെടുക്കാം. ഇവർക്ക് സ്വയംതൊഴിൽ പരിശീലനം നൽകി വ്യക്തിഗത-ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പിന്തുണ നൽകുന്നതോടൊപ്പം സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള സൂക്ഷ്മസംരംഭ മേഖലയെ ശക്തിപ്പെടുത്തുക എന്നതും ക്യാമ്പെയ്ന്റെ ലക്ഷ്യമാണ്.

തൊഴിലാളികളെ കിട്ടാൻ പ്രയാസമുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്നും അയൽക്കൂട്ട വനിതകൾക്ക് പരിശീലനം നേടാൻ കൂടുതൽ താൽപര്യമുള്ള വ്യത്യസ്ത തൊഴിൽ രംഗങ്ങൾ ഏതൊക്കെയാണെന്നും കണ്ടെത്തുന്നതിനായി ഒക്ടോബർ 28, 29 തീയതികളിൽ കുടുംബശ്രീ ബ്ളോക്ക് കോർഡിനേറ്റർമാർ മുഖേന സംസ്ഥാനത്ത് സർവേ നടത്തിയിരുന്നു. ഇതു പ്രകാരം ഡാറ്റാ എൻട്രി, പ്ലംബിങ്ങ്, ഇലക്ട്രോണിക് റിപ്പയറിങ്ങ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ,

ലോൺട്രി ആൻഡ് അയണിങ്ങ്, സെയിൽസ്, ഹൗസ് കീപ്പിങ്ങ്, ഡേകെയർ എന്നിങ്ങനെ പത്തോളം മേഖലകളിലാണ് ധാരാളം തൊഴിലവസരങ്ങളുണ്ടെന്ന കണ്ടെത്തിയത്. ഈ മേഖലകളിൽ ആളുകൾക്ക് നൈപുണ്യ പരിശീലനം നൽകിയാൽ അവർക്ക് സ്ഥിരമായ തൊഴിലും വരുമാന മാർഗവും നേടുന്നതിനും അതുവഴി അവരുടെ കുടുംബങ്ങളിലെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും സഹായകമാകും എന്ന കണ്ടെത്തിയതിനെ തുടർന്നാണ് ഈ സ്വയംതൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുള്ള തീരുമാനം.

പദ്ധതിയോടനുബന്ധിച്ച് എല്ലാ ജില്ലകളിലും ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കി വരികയാണ്. ഡിസംബർ 15 മുതലാണ് പദ്ധതിയിൽ ചേരാനുള്ള രജിസ്ട്രേഷൻ സി.ഡി.എസുകളിൽ ആരംഭിച്ചത്. മാർച്ച് 31 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും സ്വയംതൊഴിൽ പരിശീലനം ലഭ്യമാക്കും. ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലാണ് പരിശീലനം നൽകുക. സർക്കാർ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീ എംപാനൽ ചെയ്തിട്ടുള്ള പ്രമുഖ പരിശീലക ഏജൻസികൾ മുഖേനയുമായിരിക്കും ഗുണഭോക്താക്കൾക്ക് പരിശീലനം ലഭ്യമാക്കുക. കോഴ്സ് അനുസരിച്ച് അഞ്ച് ദിവസം മുതൽ ഇരുപത്തിയൊന്ന് ദിവസം വരെ ദൈർഘ്യമുള്ള പരിശീലനമാണ് നൽകുക

പരിശീലനത്തിനു ശേഷം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കാവശ്യമായ സാമ്പത്തിക പിന്തുണയും തുടർപരിശീലനവും കുടുംബശ്രീ നൽകും. കോഴ്സുകളിൽ ചേരാൻ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. ജില്ലകളിൽ വിവിധ കോഴ്സുകളിലായി നിരവധി പേരെ പരിശീലനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. □

ലേഖിക കുടുംബശ്രീയിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്

വായനശാല

ജയശ്രീ എം.

ഓർമ്മകൾ ചിലപ്പോഴെല്ലാം സുഗന്ധം പരത്തി തഴുകിയൊഴുകുന്ന മന്ദമാരുതനെ പോലെയാണ്, യാഥാർത്ഥ്യങ്ങളിൽ നിന്നും ഓടിയൊളിക്കാൻ മനസിനെ ഓർമ്മകളിൽ മേയാൻ വിടുന്നത് ഒരൽപ്പം ആശ്വാസം തന്നെയാണെന്ന് പ്രകാശൻ കണ്ടെത്തിയിട്ട് നാളുകൾ കുറച്ചായി ...... തന്റെ സുരഭിലമായ യൗവ്വനകാലത്തെ ഓർമ്മകളിൽ അഭിരമിച്ച് യാഥാർത്ഥ്യങ്ങളിൽ നിന്നകന്ന് ജോലിയിൽ അശ്രദ്ധ കാട്ടുന്നതിൽ അയാൾ തന്നെത്തന്നെ ശാസിച്ചു ......അല്ലെങ്കിൽ തന്നെ ഏത് ജോലിയിൽ ശ്രദ്ധിക്കുവാൻ? മനസ്സ് മറു ചോദ്യം ചോദിച്ചു. അതേ ഈ വായനശാല ലൈബ്രറിയിലെ പുസ്തകങ്ങളിൽ ഉറങ്ങികിടക്കുന്ന വരികൾക്ക് താൻ ഏകനായി കൂട്ടിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായല്ലോ... അച്ഛന്റെ വാക്ക് പോലും ധിക്കരിച്ച് സ്വയം ഏറ്റിയ മുൾക്കിരീടമല്ലേ ഈ ലൈബ്രേറിയൻ തസ്തിക. പറഞ്ഞാൽ കേൾക്കാത്ത മനസ് വീണ്ടും ചോദ്യങ്ങൾ കൊണ്ട് ബുദ്ധിമുട്ടിക്കുന്നു. മുൾക്കിരീടമോ... തന്റെ സ്വപ്ന സിംഹാസനം തന്നെയായിരുന്നില്ലേ ഒരു നാൾ ഈ ജോലി. പുസ്തകങ്ങളെ പ്രണയിച്ച കൗമാരം... വെളിച്ചം കാട്ടാതെ സൂക്ഷിച്ച ഒട്ടേറെ രചനകൾ... ആ രചനകൾ താനറിയാതെ വായിച്ച് ആസ്വാദനം തയ്യാറാക്കിയ തന്റെ പ്രിയപ്പെട്ടവൾ... പുസ്തകങ്ങളോടൊപ്പം മനസ്സും പങ്കിട്ട കളിക്കൂട്ടുകാരി രാധിക. അവളുടെ പ്രണയം ലൈബ്രറി പുസ്തകങ്ങളിലെ അടി വരകളായി വെളിപ്പെട്ടപ്പോൾ പുസ്തകങ്ങളിൽ നിന്നും പുസ്തകങ്ങളിലേക്ക് വായന പടർന്നതറിഞ്ഞില്ല. ആ അഭിനിവേശം തന്നെയായിരുന്നില്ലേ ഈ ലൈബ്രേറിയൻ തസ്തിക തനിക്ക് പ്രിയപ്പെട്ട താക്കിയത്. വെളിപ്പെടുത്തിയില്ലെങ്കിലും തന്റെ പ്രണയത്തിന്റെ സുഗന്ധം അവൾ അറിഞ്ഞിട്ടുണ്ടാകുമെന്ന് കരുതി... പുസ്തക ചർച്ചയും സംവാദങ്ങളുമായി നാടൊരുമിച്ച ആഘോഷരാവുകൾ... അതിനിടയിൽ എന്നോ തേടിയെത്തിയ മികച്ച ലൈബ്രേറിയൻ അവാർഡ്. കാലത്തിന്റെ രചനയിൽ എല്ലാം കീഴ്മേൽ മറിഞ്ഞത് എത്ര പെട്ടെന്നായിരുന്നു... വെളിപ്പെടുത്തപ്പെടാത്ത പ്രണയനഷ്ടം പോലെ പ്രിയപ്പെട്ടതെല്ലാം കാലചക്രത്തിന്റെ തിരിച്ചലിൽ എങ്ങോ പോയ് മറഞ്ഞു... വല്ലപ്പോഴും റഫറൻസ് ഗ്രന്ഥം തേടിയെത്തുന്നവരായിരുന്നു പിന്നെ ആകെയുണ്ടായിരുന്ന ആശ്വാസം...വിവരങ്ങൾ വിരൽ തുമ്പിലായതോടെ അവരും... 'കുട്ടിക്കഥയുടെ ചെറിയ ബുക്ക് വല്ലതും കിട്ടുമോ' പ്രകാശന്റെ ചിന്തകളുടെ പട്ടച്ചരടറുത്തു കൊണ്ടെത്തിയ പത്ത് വയസുകാരന്റെ ചോദ്യത്തിന് കൗതുക ഭാവം ഏതുമില്ലായിരുന്നു. വായനാ വാരാചരണമല്ലേ സ്കൂളിൽ ഒരു പുസ്തകാ സ്വാദനം തയ്യാറാക്കൽ മത്സരമുണ്ട്... അതിന് പറ്റിയ പുസ്തകമുണ്ടോ? കുട്ടിക്കൂട്ടത്തിൽ പക്വത തോന്നിച്ച രാഹുലിന്റെ ചോദ്യം. ഏതായാലും കാലങ്ങൾക്ക് ശേഷം വന്നെത്തിയ അതിഥികളല്ലേ കുട്ടിക്കഥകളുടെ വിസ്മയലോകത്തേക്കു തന്നെ അവരെ നയിക്കാം, പ്രകാശൻ പുസ്തകങ്ങൾ നീട്ടി. ഓ ഇതു മൊത്തം വായിക്കാനൊന്നും

...എന്ന് വായനക്കാർ

നേർക്കാഴ്ച

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ നാലു മിഷനുകളുടെയും പ്രവർത്തന അവലോകനത്തിനും ഭാവി പരിപാടികൾ നിശ്ചയിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് 2018 നവംബർ മാസം 27,28 തീയതികളിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയുടെ നേർക്കാഴ്ചയായി ഡിസംബർ ലക്കം പഞ്ചായത്ത് രാജ് മാസിക. വിക്ടേഴ്സ് ചാനലിലൂടെ തത്സമയം പരിപാടി കണ്ടിരുന്നുവെങ്കിലും മാസികയിലെ അതുമായി ബന്ധപ്പെട്ട ലേഖനങ്ങൾ സമ്പൂർണ്ണത നല്കി. വിവിധ മിഷൻ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കിടയിലും തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്കിടയിലും ഉദ്യോഗസ്ഥരിലും എത്തിക്കുന്നതിന് ശില്പശാലയ്ക്ക് കഴിഞ്ഞുവെന്നത് അടിവരയിട്ട് പറയേണ്ടതാണ്. ശില്പശാലയിൽ നവകേരള സൃഷ്ടിക്ക് ലഭിച്ച നിർദ്ദേശങ്ങളും ആശയങ്ങളും വരും നാളുകളിൽ പ്രവർത്തിപഥത്തിലെത്തട്ടെയെന്ന് ആശംസിക്കുന്നു. പരിപാടിക്ക് മികച്ച കവറേജ് നല്കിയ പഞ്ചായത്ത് രാജിന് ആശംസകൾ.

സുബിൻ, പുള്ളിക്കോണം.

നിലവാരം പുലർത്തുന്നു

കഴിഞ്ഞ ഏതാനും ലക്കങ്ങളിലെ പഞ്ചായത്ത് രാജ് മാസികയുടെ കവർചിത്രവും ലേ-ഔട്ടും പ്രൊഫഷണൽ നിലവാരം പുലർത്തുന്നതിൽ സന്തോഷിക്കുന്നു. പ്രസിദ്ധീകരിച്ചു വന്നിരുന്ന സ്ഥിരം പംക്തികൾ പലതും ഇപ്പോൾ ഉൾപ്പെടുത്തി കാണുന്നില്ല. ആ കുറവ് വരും ലക്കങ്ങളിൽ പരിഹരിക്കുമല്ലോ.

വിക്ടർ രാജ്, കണ്ണമംഗലം.

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

നേരമില്ല... മുൻ പേജിൽ ആസ്വാദന കുറിപ്പുള്ള പുസ്തകം മതി... കുട്ടിക്കുസൃതികൾ ഗുളിക പരുവം തേടി.പൗലോ കൊയ്‌ലോയുടെയും മാലിയുടെയും പുസ്തക താളുകൾ മറിച്ചു നോക്കിയ രാഹുലിന്റെ കണ്ണുകളിലെ തിളക്കത്തിൽ പ്രകാശൻ തന്റെ കുട്ടിക്കാലം കണ്ടു. മെമ്പർഷിപ്പ് ഫീ ഒന്നും വേണ്ട നീ ഈ പുസ്തകം വായിച്ചു നോക്കൂ.. പ്രകാശൻ മാലിയുടെ ഉണ്ണിക്കഥകൾ രാഹുലിന് നീട്ടി.

എത്ര പെട്ടെന്നാണ് രാഹുൽ പുസ്തകങ്ങളുടെയും പ്രകാശന്റെയും കൂട്ടുകാരനായത്... രാഹുലിനുള്ള പുസ്തകങ്ങൾ തിരഞ്ഞ് വെച്ച് അവനെ കാത്തിരിക്കുക മാത്രമായി പ്രകാശന്റെ ജോലി.... കൊണ്ടു പോകുന്ന പുസ്തകങ്ങൾ വീട്ടിൽ അസുഖം ബാധിച്ച് കിടപ്പു രോഗിയായ അമ്മയെ വായിച്ച് കേൾപ്പിക്കുന്നതും അമ്മ ആസ്വാദനം പറയുന്നതും രാഹുൽ പറഞ്ഞറിഞ്ഞപ്പോൾ മനസിൽ എവിടെയോ ഒരു നീറ്റൽ, ആ അമ്മ രാധികയാണെന്നറിഞ്ഞപ്പോൾ രാഹുൽ തനിക്ക് പിറക്കാതെ പോയ മകനുമായി. വായനശാലയിലെ വർഷങ്ങളായുള്ള കാത്തിരിപ്പ് ഈ പത്തു വയസുകാരന് വേണ്ടി മാത്രമായിരുന്നു എന്ന് തോന്നിയ നാളുകൾ... മാസങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോയത്. രാഹുലിനുള്ള പുസ്തകങ്ങളുമായി കാത്തിരുന്ന പ്രകാശനെ തേടി ഒരു നാൾ അവൻ വന്നില്ല... ദിനങ്ങൾ കടന്നു പോയി... വസന്തരാവിനെ കാർമേഘം മറച്ചതു പോലെ... വീണ്ടും വിരസമായ.... ഏകനായ കാത്തിരിപ്പ്... മോർച്ചറിയിൽ അനാഥ പ്രേതങ്ങൾക്കുള്ള കാവലിരിപ്പു പോലെ......

ഏകനായുള്ള കാത്തിരിപ്പിനൊടുവിൽ വീണ്ടും പുതുമഴ പോലെ രാഹുലിന്റെ കാൽപ്പെരുമാറ്റം..... ഓ ഇന്നവന്റെ കൂടെ തന്റെ കുറച്ച് സഹപാഠികളുമുണ്ടല്ലോ... പഠനശേഷം ഈ വായനശാലയുടെ പടി ചവിട്ടാത്തവരാ എന്താണാവോ കാര്യം .... ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മനസിൽ. രാഹുലിന്റെ സ്കൂൾ പി.ടി.എ അംഗങ്ങളാ ഞങ്ങളിപ്പോ, ഇവൻ ഒരു പുസ്തകം തയ്യാറാക്കി..... വായിച്ചു നോക്കിയപ്പോ കൊള്ളാം..... ഞങ്ങളതങ്ങ് പ്രസിദ്ധീകരിച്ചു... കൂട്ടത്തിലുണ്ടായിരുന്ന രാജൻ മൗനം ഭഞ്ജിച്ചു.എന്നാലും രാഹുൽ തന്നോട് ഒരു വാക്ക് പറഞ്ഞില്ലല്ലോ... മനസ് പരിഭവിച്ചു. രാഹുൽ മിടുക്കനാ... അവനത് സാധിക്കും.... പ്രകാശൻ പറഞ്ഞ് തീരുംമുമ്പേ രാഹുൽ പുസ്തകം നീട്ടി.... 'അഗ്നിച്ചിറകുള്ള പക്ഷികൾ' പുസ്തകത്തിന്റെ പേര് വായിച്ചപ്പോൾ തന്നെ ഒരായിരം പക്ഷികളുടെ ചിറകടി മനസിൽ ഉയർന്നുവോ.... അഗ്നി സ്പർശമേറ്റതു പോലെ നെഞ്ചൊന്ന് പൊള്ളിയോ... കരങ്ങൾ വിറയാർന്നുവോ... പ്രകാശൻ തിരക്കിട്ട് താളുകൾ മറിച്ചു. ആദ്യ പേജിൽ തന്നെ രാധികയുടെ ഒരു ആസ്വാദന കുറിപ്പ്..... വാക്കുകളിലൊന്നും മനസുടക്കിയില്ല... അടുത്ത താളിലേക്ക്... 'പുസ്തകതാളിൽ ഒളിച്ചിരുന്ന മയിൽ പീലിത്തുണ്ട് പോലെ... ചിപ്പിയിൽ ഒളിച്ചിരുന്ന മുത്ത് പോലെ ലൈബ്രറി പുസ്തകങ്ങൾക്കിടയിൽ നിന്നും കണ്ടെടുത്ത അമൂല്യ നിധി രചയിതാവ് എതിർക്കില്ല എന്ന വിശ്വാസത്തോടെ പുസ്തകമാക്കി സമർപ്പിക്കുന്നു... എന്ന് സമ്പാദകൻ രാഹുൽ' ☐

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) January 2019
Annual Subscription ₹120, Published on 20 January 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

ദൈവത്തിന്റെ സ്വന്തം നാടിന് നൽകൂ മനുഷ്യസഹായം

ശ്രീ. പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിൽനിന്നും നമ്മൾ കരകയറിക്കൊണ്ടിരിക്കുകയാണ്. കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം വിവിധയിടങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന സഹായങ്ങളുംകൂടിയാകുമ്പോൾ നമുക്ക് ഈ ദുരന്തത്തെ ഉറപ്പായും മറികടക്കാനാകും.

ഈ ദുരന്തത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും സമാനതയില്ലാത്തതാണെന്ന് പറയേണ്ടതില്ലല്ലോ! പ്രാഥമിക വിലയിരുത്തൽ പ്രകാരം **20,000** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. അതിന് പുറമെ, കണക്കാക്കുവാൻ ആകാത്തവിധം സാമൂഹിക പ്രത്യാഘാതങ്ങളും ഉണ്ടായിട്ടുണ്ട്.

നമ്മുടെ കൊച്ചു കേരളം നിരവധി തവണ ലോകത്തിന് മാതൃകയായിട്ടുണ്ട്. ഈ ദുരന്തമുഖത്തും നാം നമ്മുടെ നിശ്ചയദാർഢ്യം പ്രകടമാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. എങ്കിലും, ദുരിതബാധിതരുടെ പുനരധിവാസവും ദുരന്തമേഖലയുടെ പുനർനിർമ്മാണവും ഒരു ബൃഹത്ത് ദൗത്യമായി തുടരുന്നു.

നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കേരളത്തെ വീണ്ടെടുക്കാനാകൂ. നിങ്ങൾ നൽകുന്ന സഹായം, അതെത്രതന്നെ ചെറുതായിരുന്നാലും, ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയൊരു മുതൽക്കൂട്ടാകും. ആയതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങളാൽ കഴിയുന്ന വിധം സംഭാവനകൾ നൽകി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാകൂ.

കൈകോർത്ത് പരിശ്രമിക്കാം. കൈയയച്ച് സഹായിക്കാം.

സംഭാവന നൽകാൻ സന്ദർശിക്കൂ:
donation.cmdrf.kerala.gov.in

സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ മേഖലകളിലുള്ള ജീവനക്കാർ, നാനാതുറകളിലുള്ള തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെല്ലാം ഉദാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

Maitri.com

Connect with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation Government of Kerala Information & Public Relations Department

Printed & Published by H.Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H.Dineshan IAS